34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 19, 2026 Vol. XXXIV No. 42

3 കിഫ്ബിയുടെ പേരിൽ നടന്നത് വൻ ക്രമക്കേടെന്ന്
6 ഹവാലക്കേസിൽ 'രഹസ്യ' അന്വേഷണം
8 തട്ടിപ്പ് കോളുകൾക്ക് കടിഞ്ഞാൺ
11 മുതിർന്ന പൗരന്മാർക്ക് കൈത്താങ്ങായി ബിൽ
23 ഹൂസ്റ്റണിൽ ഉഴവൂർ സംഗമം ആഘോഷിച്ചു




ചിക്കാഗോയിൽ ഫോമാ ഭരണസമിതിയുടെ (2026 – 2028) പ്രവർത്തനോദ്ഘാടനം ബിഷപ് മാർ ജോയി ആലപ്പാട്ട് നിർവഹിക്കുന്നു. പ്രസിഡണ്ട് ബിജു തോണിക്കടവിൽ, കോൺസുൽ ജനറൽ ഡോ. ആനന്ദ് പ്രകാശ്, സിനിമാ താരം സരയൂ മോഹൻ, കത്തീഡ്രൽ വികാരി ഫാ. തോമസ് കടുകപ്പിള്ളിൽ, ഫോമാ ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡണ്ട് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, മുൻ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, സോവനീർ ചെയർമാൻ അച്ചൻകുഞ്ഞ് മാത്യു, ചിക്കാഗോ ആർവിപി രഞ്ജൻ ഏബ്രഹാം തുടങ്ങിയവർ സമീപം. ഫോട്ടോ: മോനു വർഗീസ്

# ബേക്കറികളിൽ വീര്യം കൂടിയ വീഞ്ഞിന്റെ വില്പന മരവിപ്പിച്ചു

തിരുവനന്തപുരം: ബേക്കറികളിലൂടെയും മാളുകളിലൂടെയും 15 ശതമാനം വീര്യമുള്ള ഫോർട്ടിഫൈഡ് വീഞ്ഞ് വിൽപനയ്ക്കുള്ള നീക്കം വിവാദമായതോടെ ലൈസൻസിനുള്ള ഉത്ത



രവ് മരവിപ്പിച്ചു. മദ്യനയം പ്രഖ്യാപിക്കുന്നതുവരെ എക്സൈസ് വകുപ്പാണ് വില്പന മരവിപ്പിച്ചത്.

സർക്കാർപോലും അറിയാതെ വീര്യംകൂടിയ വൈനിന്റെ വിൽപനയ്ക്കുള്ള നീക്കം ചാലക്കുടിയിലെ ഒരു ബേക്കറിയിലാണ് ആരംഭിച്ചത്. ഇതിന്റെ ഭാഗമായി ചാലക്കുടി ബിവറേജസ് വെയർഹൗസിൽനിന്ന് ഏഴ് കെയ്സ് വൈനായിരുന്നു ബേക്കറി ഉടമ വാങ്ങിയത്. വിവാദമായതോടെ, എക്സൈസ് കമ്മീഷണർക്കു വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ അബ്കാരി ഡെപ്യൂട്ടി കമ്മീഷണർ സി.കെ. അനിൽകുമാറിനെ ചുമതലയിൽനിന്നു മാറ്റി. പകരം അബ്കാരി ഡെപ്യൂട്ടി കമ്മീഷണറായി വി. സുഭാഷിനെ നിയമിച്ചു.

ബേക്കറികൾ വഴി വൈൻ വിൽക്കാൻ അനുമതി നൽകിയ ചട്ടഭേദഗതി പൂർണമായി റദ്ദാക്കുന്നതിനായി സർക്കാർ അടിയന്തരമായി നിയമോപദേശവും തേടും. കേരളത്തിന്റെ അബ്കാരി ചരിത്രത്തിലാദ്യമായായിരുന്നു ബേക്കറികളിലൂടെ 15 ശതമാനം വീര്യമുള്ള ഹോർട്ടി വൈൻ വില്പന. പുതിയ എക്സൈസ് കമ്മീഷണർ ശ്രീറാം സംബശിവറാവു ചുമതലയേറ്റ് രണ്ടു ദിവസത്തിനകമായിരുന്നു വിവാദ ഉത്തരവ് പുറത്തിറക്കിയത്.

എക്സൈസ് മന്ത്രി എം. ലിജു അറിയാതെ ഫയലുകൾ നീങ്ങിയത് എങ്ങനെയെന്ന ചോദ്യത്തിന്മേൽ വരും ദിവസങ്ങളിൽ കടുത്ത വകുപ്പുതല നടപടികൾ ഉണ്ടായേക്കുമെന്നും സൂചനയുണ്ട്. ബേക്കറികൾ വഴി ഫോർട്ടിഫൈഡ് വൈൻ വിതരണം ചെയ്യുന്നതു മാധ്യമങ്ങളിലൂടെയാണ് താൻ അറിഞ്ഞതെന്നും (ശേഷം 34-ാം പേജിൽ)

# കുട്ടികൾക്ക് ഇന്റർനെറ്റ് വിലക്ക് പാടില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സുരക്ഷിതമല്ലെന്ന പേരിൽ കുട്ടികൾക്ക് ഇന്റർനെറ്റ് വിലക്കരുതെന്ന നിർണായക ഉത്തരവുമായി സുപ്രീംകോടതി. 'ഇന്റർനെറ്റ് ഉപയോഗിക്കാനുള്ള അവകാശം എല്ലാവരുടെയും മൗലികാവകാശമാണ്. കുട്ടികൾക്ക് ഇതു നിഷേധിക്കുന്നത്, നിശ്ചിത പ്രായത്തിനു താഴെയുള്ളവർക്കു സ്വന്തം ബോധ്യമോ അഭിപ്രായസ്വാതന്ത്ര്യമോ ഇല്ലെന്നു പറയുന്നതിനു തുല്യമാണ്. സുരക്ഷയ്ക്കും, ഒപ്പം സ്വാതന്ത്ര്യത്തിനും കുട്ടികൾക്ക് അർഹതയുണ്ടെന്നും ജഡ്ജിമാരായ ജെ.ബി. പർദിവാല, കെ. വിനോദ് ചന്ദ്രൻ എന്നിവർ വ്യക്തമാക്കി.

കോടതി പറഞ്ഞത്: 'മോശം ഉള്ളടക്കങ്ങളുടെ പേരിൽ കുട്ടികളെ ഇന്റർനെറ്റിൽ നിന്നു മാറ്റി നിർത്തുന്നത് ഇരയെതന്നെ പ്രശ്നമായി തെറ്റിദ്ധരിക്കുന്നതിനു തുല്യമാണ്. സുരക്ഷയ്ക്കുവേണ്ടി അവരെ കരുവാക്കരുത്. മോശം ഉള്ളടക്കം പ്രചരിപ്പിക്കുന്നവരും അതു നീക്കംചെയ്യാൻ പരാജയപ്പെടുന്നവരുമാണു തെറ്റുകാർ. നടപടി അവർക്കെതിരെയാണു വേണ്ടത്. പൂർണ വിലക്ക് ഏർപ്പെടുത്തിയാൽ കുട്ടികൾ കൂടുതൽ അപകടകരമായ വെബ്സൈറ്റുകളിലേക്കും പ്ലാറ്റ്ഫോമുകളിലേക്കും മാറിയേക്കാം. (ശേഷം 34-ാം പേജിൽ)

# സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരി ശബരിമല മേൽശാന്തി; എ. ദാമോദരൻ നമ്പൂതിരി മാളികപ്പുറം മേൽശാന്തി

ശബരിമല: അരീക്കര സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരിയെ ശബരിമല മേൽശാന്തിയായും എ. ദാമോദരൻ നമ്പൂതിരിയെ മാളികപ്പുറം മേൽശാന്തിയായും തെരഞ്ഞെടുത്തു. തിരുവനന്തപുരം സ്വദേശിയായ സുബ്രഹ്മണ്യൻ നമ്പൂതിരി നിലവിൽ പഴവങ്ങാടി ഗണപതി ക്ഷേത്രത്തിലെ മേൽശാന്തിയാണ്. വടകര സ്വദേശിയാണു നിയുക്ത മാളികപ്പുറം മേൽശാന്തി ദാമോദരൻ നമ്പൂതിരി.

ഒക്ടോബർ 18-ന് ഉഷപൂജയ്ക്കു ശേഷം എട്ടോടെയാണു നിയുക്ത ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ നറുക്കെടുപ്പ് നടന്നത്. ഹൈക്കോടതി നിരീക്ഷകനായ റിട്ട. ജസ്റ്റിസ് പി.ജി. അരുൺ, ശബരിമല സ്പെഷൽ കമ്മീഷണർ ജസ്റ്റിസ് ആർ. ജയകൃഷ്ണൻ എന്നിവരുടെ മേൽനോട്ടത്തിലായിരുന്നു നറുക്കെടുപ്പ്.



സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരി, എ. ദാമോദരൻ നമ്പൂതിരി

(ശേഷം 34-ാം പേജിൽ)


SUNNY
FINANCIAL STRATEGIES, LLC
Wealth planning that works across generations.
Partnered for Your Family's Success
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Building your financial future together, with expertise & fiduciary integrity.
AREAS OF SPECIALTY
Comprehensive Planning & Wealth Management
Inheritance & Estate Planning: Trusts, Wills, POAs, Transfers
Retirement Income Strategy for Retirees & Pre-Retirees
Professional Investment Advisory & Guidance
Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
Tax Planning & Diversification
Business Plans, Employee Benefits, Pensions, Social Security, Medicare
401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
Education Expense Funding
Let's Plan for Your Brighter Future
COMPLIMENTARY CONSULTATION · CALL OR SCAN
847-414-9116
sunnyfinancial.com
tom@sunnyfinancial.com
DIGITAL CARD
Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# കിഫ്ബിയുടെ പേരിൽ നടന്നത് വൻ ക്രമക്കേടെന്ന് കണ്ടെത്തൽ

തിരുവനന്തപുരം: കിഫ്ബിയുടെ പേരിൽ നടന്ന കൂടുതൽ തട്ടിപ്പുകൾ പുറത്തേക്ക്. കേരളത്തിലെ വികസന പദ്ധതികളുടെ പേരിൽ അംഗീകാരമില്ലാതെ ഭൂമി ഏറ്റെടുക്കുമ്പോൾ ഭരണച്ചെലവ് ഇനത്തിൽ 15 ശതമാനം വരെ തുക ചെലവഴിക്കാമെന്നായിരുന്നു കിഫ്ബി നിർദേശം.

വിവാദമായ കണ്ണൂരിലെയും പാലക്കാട്ടെയും ഭൂമി ഏറ്റെടുക്കലുകൾക്കു ഭരണച്ചലവ് ഇനത്തിൽ മാത്രം 1900 കോടിയിലേറെ ചെലവഴിക്കാമെന്ന കിഫ്ബി നിർദേശം അടിയന്തര അന്വേഷണത്തിനു വിധേയമാക്കണമെന്നു പുനഃസംഘടനയെക്കുറിച്ചു പഠിച്ചു റിപ്പോർട്ട് സമർപ്പിച്ച വിദഗ്ധ സമിതി സർക്കാരിനോടു ശിപാർശ ചെയ്തിരുന്നു. കേരളത്തിൽ വൻകിട വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭരണച്ചെലവ് മൊത്തം ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 2.5 ശതമാനത്തിൽ കൂടരുതെന്നു നിർദേശമുണ്ട്.

റെയിൽവേ വികസനമടക്കമുള്ള കേന്ദ്ര സർക്കാർ പദ്ധതികൾക്കു ഭൂമി ഏറ്റെടുക്കുമ്പോൾ ഭരണച്ചെലവ് മൊത്തം ചെലവിന്റെ അഞ്ചു ശതമാനം വരെയാക്കി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റു കേന്ദ്ര പദ്ധതികളുടെ ഭരണച്ചെലവ് ഒരു ശതമാനത്തിൽ ഉയരാൻ പാടില്ല. ഇതിനിടെയാണ് കിഫ്ബി പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കലിന് 15 ശതമാനം വരെ ഭരണച്ചെലവെന്ന നിർദേശത്തിൽ വിശദ അന്വേഷണം നടത്താൻ നിർദേശിച്ചിട്ടുള്ളത്.

കണ്ണൂർ, പാലക്കാട് ജില്ലകളിലായി 5,366 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 12,727 കോടി രൂപയാണു കണക്കാക്കിയിരുന്നത്. ഇതിന്റെ 15 ശതമാനം വരുന്ന തുകയാണ് ഭരണച്ചെലവിനത്തിൽ ചെലവഴിക്കാൻ അനുമതി നൽകിയത്. ഇതാണ് 1900 കോടിയിലേറെയായി കണക്കാക്കിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാൻ ഏഴു വർഷമെങ്കിലും എടുക്കുന്ന സാഹചര്യത്തിൽ 15 ശതമാനം തുകയുടെ വർധനയും കണക്കാക്കിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഭരണച്ചെലവ് ഇനത്തിൽ 2,000 കോടി രൂപ ചെലവഴിക്കാമെന്നും കണക്കാക്കുന്നു.

2018 ഒക്ടോബർ 25-നു ചേർന്ന കിഫ്ബിയുടെ 33-ാമത് ജനറൽ ബോഡി യോഗത്തിൽ മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയന്റെ നിർദേശത്തെത്തുടർന്നാണു കണ്ണൂരിലും പാലക്കാടും കൂടുതൽ ഭൂമി ഏറ്റെടുക്കാനുള്ള പദ്ധതികൾക്ക് അനുമതി നൽകിയത്.

വൻകിട പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കാമെന്നാണ് അന്നത്തെ കിഫ്ബി ജനറൽ ബോഡി യോഗത്തിന്റെ അജൻഡയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യമേഖലയിലെ വികസന പദ്ധതികൾ, വിനോദ സഞ്ചാര പദ്ധതികൾ, ലോജിസ്റ്റിക്സ്, ഹോട്ടലും അനുബന്ധ വ്യവസായവും തുടങ്ങിയവയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആവശ്യമായ ഭൂമി ലാൻഡ് പൂളിൽ ഉൾപ്പെടുത്താനായിരുന്നു നിർദേശം. പെട്രോളിയം, പെട്രോ കെമിക്കൽ തുടങ്ങിയവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# സിജെപി കേസ് പരിഗണിക്കുന്നതിനിടെ വധഭീഷണിയെന്ന് പരാതി

ന്യൂഡൽഹി: സിജെപി സഹകൺവീനർമാരായ അശുതോഷ് റാങ്ക, സൗരവ് ദാസ് എന്നിവരുൾപ്പെട്ട കേസ് പരിഗണിക്കുന്നതിനിടെ തനിക്ക് വധഭീഷണി ലഭിച്ചെന്ന സ്പെഷൽ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ പരാതിയിൽ ഡൽഹി പോലീസ് കേസെടുത്തു. എന്നാൽ, ഭീഷണിസന്ദേശത്തെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുപറഞ്ഞ് നേതാക്കളുടെ ജാമ്യാപേക്ഷ മെരിറ്റ് അടിസ്ഥാനത്തിൽ കേൾക്കാൻ മജിസ്ട്രേറ്റ് മനപ്പൂർവം വൈകിപ്പിക്കുകയായിരുന്നുവെന്ന് സിജെപി ആരോപിച്ചു. നേതാക്കളുടെ ജാമ്യ നടപടികളുമായി ഈ ഭീഷണി സന്ദേശത്തിന് യാതൊരു ബന്ധവുമില്ലെന്നാണ് പാർട്ടി നിലപാട്. മജിസ്ട്രേട്ടിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചതായും എന്നാൽ, ഭീഷണിപ്പെടുത്തിയ ആളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നിലവിൽ ലഭ്യമായിട്ടില്ലെന്നും പോലീസ് അറിയിച്ചു.

കഴിഞ്ഞ ചൊവ്വാഴ്ച ജന്തർ മന്തറിലെ നിരോധിത മേഖലയിൽ അതിക്രമിച്ചു കയറിയെന്ന് ആരോപിച്ചാണ് അശുതോഷ് റാങ്കയെയും സൗരവ് ദാസിനെയും പോലീസ് കസ്റ്റഡിയിലെടുത്തത്. അന്നുരാത്രി വൈകി അറസ്റ്റ് രേഖപ്പെടുത്തി ഇരുവരെയും മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി അഞ്ചു ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിടുകയായിരുന്നു. കേസിന്റെ വാദം കേൾക്കുന്നത് മനപ്പൂർവം വൈകിപ്പിക്കുകയും ജാമ്യഹർജിയിലെ വസ്തുതകൾ പരിശോധിക്കുന്നതിനു പകരം ഭീഷണിസന്ദേശത്തിന്മേൽ മാത്രം മജിസ്ട്രേട്ട് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തതായി സിജെപി ലീഗൽ ടീം മേധാവി രത്നസിങ് പറഞ്ഞു.

കഴിഞ്ഞ ദിവസങ്ങളിൽ സ്റ്റേഷനിൽ വരാതിരുന്ന പബ്ലിക് പ്രോസിക്യൂട്ടർ തിങ്കളാഴ്ച കൃത്യമായി ഹാജരായതിലും സംശയമുണ്ട്. വാദം തുടങ്ങി അഞ്ച് മിനിറ്റിനുള്ളിൽ തനിക്ക് വധഭീഷണിസന്ദേശം ലഭിച്ചതായി മജിസ്ട്രേട്ട് കോടതിയെ അറിയിച്ചു. പിന്നീട് കേസിന്റെ ബാക്കി ചർച്ചകളെല്ലാം ആ സന്ദേശത്തെ ചുറ്റിപ്പറ്റിയായിരുന്നു. നേതാക്കളുടെ മോചനത്തിനായുള്ള നടപടിക്രമങ്ങൾ പരിശോധിക്കുന്നതിനുപകരം വിഷയം വഴിതിരിച്ചുവിടാനാണ് അധികൃതർ ശ്രമിച്ചതെന്നു വ്യക്തമാണെന്നും ജാമ്യം നിഷേധിക്കാൻ വേണ്ടി മുൻകൂട്ടി ആസൂത്രണം ചെയ്ത നാടകമാണിതെന്നും സിജെപി കുറ്റപ്പെടുത്തി.

# സംഗീത സംവിധായകൻ ദേവ അന്തരിച്ചു



ചെന്നൈ: തെന്നിന്ത്യൻ സംഗീതത്തിൽ ഇളയരാജയ്ക്കുശേഷം നാടൻ സംഗീതത്തിന്റെ തേനൊഴുക്കിയ സംഗീത സംവിധായകൻ ദേവ (75, ദേവൻ ചൊക്കലിംഗം) അന്തരിച്ചു. തമിഴ്, മലയാളം, കന്നഡ തുടങ്ങിയ ഭാഷകളിൽ 400-ലേറെ സിനിമകൾക്ക് ഈണം പകർന്ന അതുല്യപ്രതിഭയാണ് സംഗീതലോകത്തോട് വിടപറഞ്ഞത്. അന്ത്യം ഹൃദയാഘാതത്തെ തുടർന്ന് ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ.

ചെന്നൈയിലെ മൈലാപ്പൂരിൽ 1950-ലായിരുന്നു ജനനം. തേനിസൈ തെൻട്രൽ എന്ന വിളിപ്പേരിലാണ് ദേവ അറിയപ്പെട്ടിരുന്നത്. തമിഴ് സിനിമയിലെ അറിയപ്പെടുന്ന സംഗീത സംവിധായകനാകും മുമ്പ് ധനരാജ് മാസ്റ്ററുടെ കീഴിൽ പിയാനോയിൽ പരിശീലനം നേടി. ജെ.ബി. കൃഷ്ണയുടെ കീഴിൽ ഹാർമോണിയത്തിൽ ഇന്ത്യൻ ശാസ്ത്രീയ സംഗീതവും ദേവ അഭ്യസിച്ചു. 1986-ൽ മാട്ടുക്കാര മന്നാരു എന്ന ചിത്രത്തിലൂടെയാണ് തമിഴ് സിനിമയിൽ സംഗീതസംവിധായകനായി അരങ്ങേറ്റം കുറിച്ചത്. പിന്നീട് അദ്ദേഹത്തിനു തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല.

അണ്ണാമലൈ, ബാഷ, കാതൽ കോട്ടൈ, വാലി, ഖുഷി തുടങ്ങിയവയാണ് ദേവ സംഗീത സംവിധാനം ചെയ്ത ഹിറ്റ് സിനിമകൾ. ദ് പ്രിൻസ് ഫാന്റം, കിങ് സോളമൻ തുടങ്ങിയ മലയാള ചിത്രങ്ങളിലും ദേവ സംഗീത സംവിധാനം നിർവഹിച്ചു. ഒട്ടേറെ നാടൻ പാട്ടുകളും ദേവയുടെ സംഗീത സംവിധാനത്തിൽ പിറന്നു.

രജനീകാന്തിന്റെ സിനിമകളുടെ ടൈറ്റിൽ കാർഡിൽ ഉപയോഗിക്കുന്ന സംഗീതം ദേവയാണ് ഈണമിട്ടത്. തമിഴ്നാട് ദൂരദർശനുമായി ചേർന്നു ദേവ കുറച്ചുനാൾ പ്രവർത്തിച്ചിട്ടുണ്ട്. 1980-കളിൽ ഒട്ടേറെ ഭക്തിഗാന ആൽബങ്ങളും ദേവ തയാറാക്കിയിട്ടുണ്ട്. ഇളയരാജയുടെ ഒപ്പം പ്രവർത്തിച്ചാണ് ദേവ സിനിമയിൽ സജീവമാകുന്നത്.

സൂപ്പർസ്റ്റാർ രജനീകാന്തുമായും തമിഴ് സിനിമയിലെ ഏറ്റവും അവിസ്മരണീയമായ ചില സംഗീത നിമിഷങ്ങളുമായും ദേവയുടെ പേര് അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. അണ്ണാമലൈ (1992), ബാഷ (1985), അരുണാചലം (1997) എന്നീ ചിത്രങ്ങളിൽ അദ്ദേഹം നടനോടൊപ്പം സഹകരിച്ചു.

തമിഴ്നാട് സർക്കാരിന്റെ കലൈമാമണി അവാർഡും മികച്ച സംഗീത സംവിധായകനുള്ള തമിഴ്നാട് സംസ്ഥാന ചലച്ചിത്ര അവാർഡും ഉൾപ്പെടെ നിരവധി ബഹുമതികൾ ദേവയ്ക്ക് ലഭിച്ചു. കന്നഡ സിനിമയ്ക്കുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ അദ്ദേഹത്തിന് അംഗീകാരം നേടിക്കൊടുത്തു. അമൃതവർഷിണി എന്ന ചിത്രത്തിന് മികച്ച സംഗീത സംവിധായകനുള്ള ഫിലിംഫെയർ അവാർഡും ലഭിച്ചു.

# അമേരിക്കയിൽ കുടിയേറ്റ വിവാദം കടുക്കുന്നു



വാഷിങ്ടൺ: എച്ച്1 ബി വിസയിൽ ജോലി ചെയ്യുന്ന വിദേശികളെ 'കരാറിലെത്തുന്ന ദാസർ' എന്നു വിശേഷിപ്പിച്ച യു.എസ്. വൈസ് പ്രസിഡണ്ട് ജെ.ഡി. വാൻസിനെതിരെ വിമർശനം കടുക്കുന്നതിനിടെ, ദക്ഷിണേന്ത്യക്കാരിയായ ഭാര്യ ഉഷ വാൻസിനോടും മാതാപിതാക്കളോടുമുള്ള സ്നേഹം പങ്കുവെച്ച് വാൻസ്. ദക്ഷിണേന്ത്യയിൽ നിന്ന് കുടിയേറിവന്ന എന്റെ ഭാര്യയുടെ മാതാപിതാക്കളെ ഞാൻ സ്നേഹിക്കുന്നു. അമേരിക്കയിൽ ജനിച്ച അവരുടെ മകൾ ഇപ്പോൾ സെക്കൻഡ് ലേഡിയാണ്. എനിക്ക് അവളിൽ അഭിമാനമുണ്ട്. ഞാൻ അവളെ സ്നേഹിക്കുന്നു എന്നായിരുന്നു വാൻസിന്റെ വാക്കുകൾ.

വിദേശ തൊഴിലാളികളെ സംബന്ധിച്ച പരാമർശത്തിൽ തന്റെ വാചകങ്ങൾ അപൂർണ്ണമായിരുന്നുവെന്നും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുവെന്നും പറഞ്ഞ വാൻസ് കുടിയേറ്റക്കാരെ സ്വാഗതം ചെയ്യുന്നതിലും യുഎസിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമിടയിൽ നിയന്ത്രണം വേണമെന്ന മുൻ നിലപാടിനെയും ന്യായീകരിച്ചു. വിദേശത്തൊഴിലാളികളെയല്ല മറിച്ച്, തൊഴിൽ മേഖലയിലെ ചൂഷണത്തെയാണ് വിമർശിച്ചത് എന്നാണ് ന്യായീകരണം.

ഒരു യുഎസ് പൗരൻ സന്തോഷത്തോടെ ചെയ്യുന്ന ജോലിക്കായി കരാറിലെത്തുന്ന ദാസരെ ഇറക്കുമതി ചെയ്യുന്നത് നിർത്തണമെന്നാണ് യു.എസ്. കമ്പനികളോട് വാൻസ് ആവശ്യപ്പെട്ടത്.

# നന്ദി പറഞ്ഞ് മാർപാപ്പ ജനങ്ങൾക്കു മുന്നിൽ

വത്തിക്കാൻ: ശ്വാസകോശ ശസ്ത്രക്രിയ കഴിഞ്ഞ് ആശുപത്രി വിട്ട് തൊട്ടടുത്ത ദിവസം തന്നെ ജനങ്ങൾക്കു മുന്നിലെത്തി ലെയോ പതിനാലാമൻ മാർപാപ്പ. വത്തിക്കാനിലെ അപ്പസ്തോലിക കൊട്ടാരത്തിലെ സ്വകാര്യ മുറിയുടെ ജനാലക്കരികിൽ പതിവ് ത്രികാല പ്രാർത്ഥനയ്ക്കെത്തിയ മാർപാപ്പ, തനിക്കു വേണ്ടി പ്രാർത്ഥിച്ച ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് ഹൃദയപൂർവം നന്ദി അറിയിച്ചു. മഴയെയും കാറ്റിനെയും വകവെക്കാതെ ആയിരക്കണക്കിനു തീർത്ഥാടകരാണ് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ മാർപാപ്പയെ കാണാൻ തടിച്ചുകൂടിയിരുന്നത്. ശസ്ത്രക്രിയയുടെ പശ്ചാത്തലത്തിൽ മാർപാപ്പയുടെ പൊതു കൂടിക്കാഴ്ചകളും വത്തിക്കാൻ റദ്ദാക്കിയെങ്കിലും അദ്ദേഹത്തിന്റെ ആരോഗ്യനില വേഗത്തിൽ മെച്ചപ്പെട്ടതിൽ വിശ്വാസികൾക്ക് വലിയ ആശ്വാസമാണ് ഉണ്ടായിരിക്കുന്നത്.



ആശുപത്രി വിട്ട മാർപാപ്പ വാർഡുകൾ സന്ദർശിക്കുകയും മറ്റു രോഗികളോട് സംസാരിക്കുകയും ചെയ്ത ശേഷമാണ് മടങ്ങിയത്. അടുത്തമാസം ആറു മുതൽ ലാറ്റിനമേരിക്കൻ രാജ്യങ്ങളായ ഉറുഗ്വെ, അർജന്റീന, പെറു എന്നിവിടങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള മാർപാപ്പയുടെ യാത്രാപദ്ധതികളിൽ വത്തിക്കാൻ ഇതുവരെ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങൾ എല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥിച്ചതായി ആത്മാർത്ഥമായി ഞാൻ അറിയുന്നു.നിങ്ങളുടെ പിന്തുണ എനിക്കു വലിയ ശക്തിയായിരുന്നു. എല്ലാവർക്കും നന്ദി. ത്രികാല പ്രാർത്ഥനയ്ക്കു മുന്നോടിയായി തീർത്ഥാടകരെ അഭിസംബോധന ചെയ്യവേ മാർപാപ്പ പറഞ്ഞു. ചികിത്സ നല്കിയ ഡോക്ടർമാർക്കും നേഴ്സുമാർക്കും ജീവനക്കാർക്കും പ്രത്യേകം നന്ദി അറിയിച്ച അദ്ദേഹം ഈ അനുഭവം രോഗാവസ്ഥയിലൂടെയും ശാരീരിക ബുദ്ധിമുട്ടുകളിലൂടെയും കടന്നുപോകുന്ന എല്ലാ മനുഷ്യരോടും പ്രത്യേകമായൊരു അടുപ്പം അനുഭവിക്കാൻ തന്നെ സഹായിച്ചതായും മാർപാപ്പ കൂട്ടിച്ചേർത്തു.

പ്രയാസകരമായ ഘട്ടം കഴിഞ്ഞുവെന്നും ഇന്ന് ദൈവത്തിന്റെയും നിങ്ങളുടെ പ്രാർത്ഥനയുടെയും സഹായത്തോടെ ഔദ്യോഗിക പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി പുനരാരംഭിക്കുമെന്നും മാർപാപ്പ വ്യക്തമാക്കി.

സന്ദേശത്തിൽ “സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക” എന്ന ഈശോമിശിഹായുടെ പ്രശസ്തമായ വചനങ്ങളെക്കുറിച്ചും മാർപാപ്പ സംസാരിച്ചു. കപടഭക്തിയെ തിരിച്ചറിയാനും ഭയമോ കാപട്യമോ ഇല്ലാതെ സത്യസന്ധമായി നന്മകൾ ചെയ്തു ജീവിക്കാനും ഈ വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നുവെന്നും മാർപാപ്പ വിശ്വാസികളോട് പറഞ്ഞു.

### ഫ്രാൻസിലെ പ്രക്ഷോഭം

# 500 പോലീസുകാർക്ക് പരുക്ക്; 2400–ഓളം പേർ അറസ്റ്റിൽ

പാരീസ്: സർക്കാർ നയങ്ങൾക്കെതിരേ ഫ്രാൻസിൽ ഉയർന്ന ജനകീയ പ്രക്ഷോഭം കലാപമായി. സമരത്തിന്റെ മറവിൽ അക്രമി സംഘങ്ങൾ അഴിഞ്ഞാടിയതോടെ നാടെങ്ങും വ്യാപക നാശം. ചരിത്രസ്മാരകങ്ങളും മ്യൂസിയങ്ങളും സർക്കാർ കെട്ടിടങ്ങളും നൂറുകണക്കിനു വാഹനങ്ങളും അക്രമികൾ അഗ്നിക്കിരയാക്കി. വ്യാപാരസ്ഥാപനങ്ങളടക്കം കൊള്ളയടിക്കപ്പെട്ടു. പ്രക്ഷോഭത്തിൽ പങ്കാളിയായ ഒരാൾ ഹൃദയാഘാതത്തെത്തുടർന്നു മരിച്ചു. അഞ്ഞൂറിലേറെ പോലീസുകാർക്കു പരുക്കേറ്റു. അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് 2400-ഓളം പേരെ പോലീസ് അറസ്റ്റ് ചെയ്തു. അക്രമികൾക്കെതിരെ കർശന നടപടിയെടുക്കാൻ പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ നിർദേശം നൽകി.



വർധിച്ചുവരുന്ന ഇന്ധനവില, ജീവിതച്ചെലവ്, സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതുസേവനങ്ങളുടെ തകർച്ച, സർക്കാരിന്റെ നയങ്ങൾ എന്നിവയ്ക്കെതിരേ രാജ്യത്ത് ഉയർന്ന വിദ്യാർത്ഥി-യുവജന പ്രക്ഷോഭമാണ് കലാപമായി മാറിയത്. ഒക്ടോബർ 17-ന് ശനിയാഴ്ച നടന്ന പ്രതിഷേധങ്ങളിൽ അഞ്ചരലക്ഷത്തോളം ആളുകൾ പങ്കെടുത്തതായാണു കണക്ക്. തലസ്ഥാനമായ പാരീസിൽ മാത്രം ഒരുലക്ഷം പേർ തെരുവിലിറങ്ങി. പ്രതിഷേധങ്ങൾ പലയിടത്തും പൊതുവേ സമാധാനപരമായിരുന്നെങ്കിലും ഇതിന്റെ മറവിലാണ് അക്രമിസംഘങ്ങൾ അഴിഞ്ഞാടിയത്.

പാരീസ്, മാഴ്സെ, ലിൽ തുടങ്ങിയ നഗരങ്ങളിലുൾപ്പെടെ മുഖംമൂടികളും കറുത്ത വസ്ത്രങ്ങളും അണിഞ്ഞെത്തിയ അക്രമികൾ കാറുകൾക്കും കെട്ടിടങ്ങൾക്കും തീയിട്ടു. കടകളും വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടെ കൊള്ളയടിച്ച സംഘങ്ങൾ സ്ഥാപനങ്ങൾ പൂർണമായി അടിച്ചുതകർക്കുകയും ചെയ്തു.

പാരീസിൽ പ്രക്ഷോഭകരും സുരക്ഷാസേനയും തമ്മിൽ ഏറ്റുമുട്ടി ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് കണ്ണീർവാതകവും ജലപീരങ്കിയും പ്രയോഗിച്ചു. ചില സംഘങ്ങൾ തെരുവിൽ തീയിടുകയും വാഹനങ്ങൾ കത്തിക്കുകയും ചെയ്തു. ഹോട്ടലുകൾ ഉൾപ്പെടെ അഗ്നിക്കിരയായതായി വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു.

മാഴ്സെയിൽ സിറ്റി ഹാളിന്റെ പൂട്ട് തകർത്ത് അകത്തുകടന്ന അക്രമികൾ കനത്ത നാശമുണ്ടാക്കി. ലിൽ നഗരത്തിൽ മക്ഡൊണാൾഡ്സ് ഔട്ട്ലെറ്റിന് തീയിടുകയും ആപ്പിൾ സ്റ്റോർ അടിച്ചുതകർക്കുകയും കൊള്ളയടിക്കുകയും ചെയ്തതായി പോലീസ് അറിയിച്ചു.

17-നുണ്ടായ അക്രമങ്ങളിൽ അഞ്ഞൂറിലധികം പോലീസുകാർക്കും പരുക്കേറ്റതായി ഫ്രഞ്ച് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

## വഖഫ് ബോർഡ് പുനഃസംഘടിപ്പിച്ചു; എം.സി. മായിൻഹാജി ചെയർമാൻ



കോഴിക്കോട്: മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റും സമസ്ത കേരള ഇസ്‌ലാം മതവിദ്യാഭ്യാസബോർഡ് അംഗവുമായ എം.സി. മായിൻഹാജി ചെയർമാനായി വഖഫ് ബോർഡ് പുനഃസംഘടിപ്പിച്ചു. സമസ്ത പ്രസിഡന്റ് ജിഫ്രി തങ്ങളെ വിമർശിച്ചതിന് മുശാവറ (ഉന്നതാധികാര സമിതി) യിൽനിന്ന് പുറത്താക്കിയ മുസ്തഫൽ ഫൈസി അംഗമാണ്. ഇ.കെ. വിഭാഗത്തിന്റെ പ്രതിനിധിയാണ് അദ്ദേഹം. ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയസംഘടനയായ വെൽഫെയർ പാർട്ടി പ്രതിനിധിയായി മലപ്പുറം മേലാറ്റൂർ പഞ്ചായത്ത് അംഗം സി. ജസീം സബാഹിനെ ഉൾപ്പെടുത്തിയപ്പോൾ, പ്രബല മുസ്‌ലിം സംഘടനകളിൽ കാന്തപുരം വിഭാഗത്തെ മാത്രം ഒഴിവാക്കി. സർക്കാർ ചെയ്തത് കടുത്ത അന്യായമാണെന്ന് കാന്തപുരം വിഭാഗം പരസ്യമായി അതൃപ്തി പ്രകടിപ്പിച്ചു.

കേന്ദ്രസർക്കാരിന്റെ വഖഫ് നിയമഭേദഗതിപ്രകാരമുള്ള രണ്ട് അമുസ്‌ലിം അംഗങ്ങളുടെ ഒഴിവുനികത്താതെയാണ് പുനഃസംഘടന. അംഗങ്ങൾക്ക് യോഗ്യതയില്ലെന്ന് ചൂണ്ടിക്കാട്ടി വഖഫ് ബോർഡ് പിരിച്ചുവിടാൻ സർക്കാർ നേരത്തേ തീരുമാനിച്ചിരുന്നു. ഇതിനെതിരെ മുൻ ചെയർമാൻ കെ.എസ്. ഹംസ സുപ്രീം കോടതിയെ സമീപിച്ചു. ഈ കേസ് നിലനിൽക്കേയാണ് പുനഃസംഘടന.

കുറുക്കോളി മൊയ്തീൻ എം.എൽ.എ, ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞുമൗലവി, കെ.എൻ.എം. സംസ്ഥാനസെക്രട്ടറി ഡോ. എ.ഐ. അബ്ദുൽമജീദ് സ്വലാഹി, ഷിയാവിഭാഗത്തിലെ ദാവൂദിബോറ സമുദായാംഗം സിറാസ് ഡി. കപ്പാസി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് അംഗം സജ്ന ഫിറോസ്, എക്സ്ഒഫീഷ്യോ അംഗമായി റവന്യൂവകുപ്പ് ജോയിന്റ് സെക്രട്ടറി എ. മദീന ബീഗം എന്നിവരാണ് മറ്റംഗങ്ങൾ.

## കുട്ടികളെ പ്രാഥമികതലം മുതൽ ഗുഡ് ടച്ച്, ബാഡ് ടച്ച് പഠിപ്പിക്കണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: കുട്ടികൾക്കു തങ്ങളുടെ ശരീരത്തെക്കുറിച്ചും സുരക്ഷിതവും സുരക്ഷിതമല്ലാത്തതുമായ സ്പർശനങ്ങൾ (ഗുഡ് ടച്ച്, ബാഡ് ടച്ച്) തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും സമ്മതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രാഥമിക വിദ്യാഭ്യാസ തലം മുതൽ പ്രായത്തിനനുസൃതമായി പഠിപ്പിക്കണമെന്ന് സുപ്രീംകോടതി. ലൈംഗിക വിദ്യാഭ്യാസവും ഡിജിറ്റൽ സുരക്ഷാ ബോധവത്കരണവും പഠനത്തിന്റെ ഭാഗമാക്കണമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പോക്സോ നിയമത്തെക്കുറിച്ചും ബന്ധപ്പെട്ട വിവരസാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ചും കുട്ടികളെ ബോധവത്കരിക്കണം. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ കാണുക, അവ കൈവശം സൂക്ഷിക്കുക, പ്രചരിപ്പിക്കുക തുടങ്ങിയ കുറ്റങ്ങളിലെ നിയമവ്യവസ്ഥകളും ശിക്ഷകളും ചൂഷണത്തിനിരയായവർക്കുള്ള പരിരക്ഷകളും പ്രത്യേകം പരിചയപ്പെടുത്തണമെന്നും കോടതി വ്യക്തമാക്കി.

കുട്ടികളെ കേന്ദ്രമാക്കിയുള്ള ലൈംഗിക ചൂഷണത്തിന്റെയും ദുരുപയോഗത്തിന്റെയും ദൃശ്യങ്ങളും വിവരങ്ങളും ഓൺലൈനിലൂടെ പ്രചരിപ്പിക്കുന്നത് തടയാനുള്ള സംവിധാനങ്ങൾ സംബന്ധിച്ചുള്ള പരിശോധനയ്ക്കിടെയാണ് ജസ്റ്റീസുമാരായ ജെ.ബി. പാർഡിവാല, കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചിന്റെ ഈ നിർദ്ദേശം.

കുട്ടികളെ പ്രലോഭിപ്പിച്ച് ചൂഷണത്തിനിരയാക്കുന്ന ഗ്രൂമിംഗ്, ലൈംഗികാതിക്രമം, ഓൺലൈൻ പീഡനം എന്നിവയുടെ ലക്ഷണങ്ങൾ തിരിച്ചറിയാനും കുട്ടികൾ ദുരനുഭവങ്ങൾ വെളിപ്പെടുത്തുമ്പോൾ ഉചിതമായി പ്രതികരിക്കാനും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും പരിശീലനം നല്കണം.

ഹാനികരമായ ഉള്ളടക്കങ്ങളുള്ള ദൃശ്യങ്ങളിലേക്കടക്കം പ്രവേശനം തടയുന്നതിന് സ്കൂളുകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഡിജിറ്റൽ ഉപകരണങ്ങളിലും നെറ്റ്‌വർക്കുകളിലും ഫിൽട്ടറുകൾ സ്ഥാപിക്കണമെന്നും കോടതി നിർദ്ദേശിച്ചു.

## ഡോ. പ്രൊഫ. ബി. മധുസൂദനക്കുറുപ്പ് അന്തരിച്ചു



പനങ്ങാട്: ഫിഷറീസ് ശാസ്ത്രജ്ഞനും കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) സ്ഥാപക വൈസ് ചാൻസലറുമായ ഡോ. പ്രൊഫ. ബി. മധുസൂദനക്കുറുപ്പ് (71) അന്തരിച്ചു.

നെതർലൻഡ്സിലെ വാഗനിംഗൻ സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തിയ അദ്ദേഹം കുസാറ്റ് സ്കൂൾ ഓഫ് ഇൻഡസ്ട്രിയിൽ ഫിഷറീസിൽ ഡയറക്ടറും പ്രൊഫസറുമായി സേവനമനുഷ്ഠിച്ചു. ഉത്തർപ്രദേശിലെ ശ്രീവെങ്കിടേശ്വര സർവകലാശാല വൈസ് ചാൻസലറായും പ്രവർത്തിച്ചു. കേരള ഫിഷറീസ് മന്ത്രിയുടെ ഉപദേഷ്ടാവ്, എം.പി.ഇ.ഡി.എയുടെ രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ ശാസ്ത്ര ഉപദേശക സമിതി ചെയർമാൻ, ചെന്നൈയിലെ ഐ.സി.എ.ആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ്‌വാട്ടർ അക്വാകൾച്ചർ ഗവേഷണ ഉപദേശക സമിതി ചെയർമാൻ, കേരള തീരദേശ പരിപാലന അതോറിറ്റി അംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: ഡോ. ജയശ്രീ മധു. മക്കൾ: രാകേഷ് എം. കുറുപ്പ് (ഇൻഫോപാർക്ക്, കൊച്ചി), ഡോ. രേഷ്മ രാജീവ് (മെഡിക്കൽ ഓഫീസർ, ഉഴവൂർ ഗവ. മെഡിക്കൽ കോളജ്). മരുമക്കൾ: ജയലക്ഷ്മി എസ്. (മീഡിയ കോ-ഓർഡിനേറ്റർ, അന്ന-കിറ്റക്സ് ഗ്രൂപ്പ്, കിഴക്കമ്പലം), ഡോ. ആർ. രാജീവ് (സീനിയർ കൺസൾട്ടന്റ് ന്യൂറോ സർജൻ, മാർ സ്ലീവാ മെഡിസിറ്റി, പാലാ). മുഖ്യമന്ത്രി വി.ഡി. സതീശൻ, മുൻമന്ത്രിമാരായ കെ. ബാബു, എസ്. ശർമ തുടങ്ങിയവർ വസതിയിലെത്തി അന്തിമോപചാരമർപ്പിച്ചു. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ നിന്നുള്ള ഒട്ടേറെ പേർ ആദരാഞ്ജലിയർപ്പിക്കാനെത്തി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 42
October 19, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

നിഷ്കളങ്കത മിന്നുന്ന പടച്ചട്ടപോലെയാണ്. അത് അലങ്കാരവും രക്ഷാകവചവുമാണ്.

**റോബർട്ട് സൗത്ത്**

മുന്നോട്ട്പോകാനുള്ള ധൈര്യമാണ് പ്രധാനം.

**വിൻസ്റ്റൺ ചർച്ചിൽ**


TRUE LIGHT
CHRISTIAN ASSEMBLY
YOUTH PASTOR
NEEDED!
HOUSTON, TX
True Light Christian Assembly (TLCA) is seeking a dynamic and committed Youth Pastor with a genuine passion for mentoring and discipling the next generation.
QUALIFICATIONS
A bachelor's or higher degree in Theology
Currently reside in the USA
Married and Spouse should be supportive and willing to participate in youth ministry
Strong biblical foundation and spiritual maturity
Ability to connect with, mentor, and disciple youth
Willingness to actively engage with youth beyond Sunday services
We are looking for a pastor with a genuine heart to serve, build meaningful relationships, and invest in the spiritual growth of our young people.
If you believe you are the right candidate and feel called to this ministry, please apply by submitting your resume and references to:
pastorsearch@tlcachurch.org
DEADLINE TO SUBMIT:
OCTOBER 19, 2026
ANTICIPATED START DATE:
LATE SUMMER 2027
For more information, visit our website:
tlcachurch.org
TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583


MEDICARE PLANS
MADE SIMPLE
Your Medicare Questions
Answered Your Benefits Explained
✓ Medicare Part B Premium Refund
✓ $0 PPO Plans
✓ Prescription Drug Coverage
✓ Dental, Vision & Hearing
✓ Worldwide Coverage
✓ Free Gym Coverage
✓ Extra Supplement Benefits
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
rsurendran007@gmail.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR
PERSONAL AND
BUSINESS TAX
SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കിഫ്ബിയുടെ പരാജയം: വികസനത്തിന്റെ മറവിലെ സാമ്പത്തിക പ്രതിസന്ധി

കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് പുതിയ ദിശ നൽകുമെന്ന പ്രഖ്യാപനത്തോടെ ആരംഭിച്ച കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ഇന്ന് കേരളത്തിന്റെ സാമ്പത്തിക നയങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകളുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. വികസനപദ്ധതികൾക്ക് പണം കണ്ടെത്താൻ ബജറ്റിന് പുറത്തുള്ള വായ്പാസമാഹരണം നടത്തുക എന്നതായിരുന്നു കിഫ്ബിയുടെ പ്രധാന ലക്ഷ്യം. എന്നാൽ വായ്പാബാധ്യതകൾ, തിരിച്ചടവിനുള്ള പണത്തിന്റെ ഉറവിടം, പദ്ധതികളിൽനിന്നുള്ള വരുമാനം, പൊതുപണത്തിന്റെ വിനിയോഗം എന്നിവയെക്കുറിച്ച് ഉയരുന്ന ചോദ്യങ്ങൾ ഈ സംവിധാനത്തിന്റെ കാര്യക്ഷമത പുനഃപരിശോധിക്കേണ്ട സാഹചര്യം സൃഷ്ടിച്ചിക്കുന്നു. 2026 ഒക്ടോബറിൽ വിദഗ്ധസമിതിയുടെ ശിപാർശകളെക്കുറിച്ച് പുറത്തുവന്ന റിപ്പോർട്ടുകൾ ഈ ആശങ്കകൾക്ക് കൂടുതൽ പ്രസക്തി നൽകുന്നു.

വികസനത്തിന് പണം കണ്ടെത്തുക എന്നത് ഏതു സർക്കാരിന്റെയും പ്രധാന ഉത്തരവാദിത്വമാണ്. റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വലിയ നിക്ഷേപം ആവശ്യമാണ്. പരിമിതമായ ബജറ്റ് വരുമാനം മാത്രം ആശ്രയിക്കാതെ അധിക ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ തെറ്റില്ല. ബജറ്റിന് പുറത്തുനിന്ന് പണം സമാഹരിച്ചാലും അതിന്റെ തിരിച്ചടവിനായി ഒടുവിൽ ആശ്രയിക്കേണ്ടിവരുന്നത് പൊതുവരുമാനത്തെയാണെങ്കിൽ, ആ ബാധ്യത കേരളത്തിന്റെ സാമ്പത്തികശേഷിയെ ബാധിക്കുമെന്നത് വ്യക്തമാണ്.

കിഫ്ബി വഴി നടപ്പാക്കിയ എല്ലാ പദ്ധതികളും പരാജയമാണെന്ന് പറയുന്നത് ശരിയല്ല. ചില പദ്ധതികൾ ജനങ്ങൾക്ക് പ്രയോജനം ചെയ്തിട്ടുണ്ടാകാം. എന്നാൽ ഏതാനും പദ്ധതികളുടെ നേട്ടം ചൂണ്ടിക്കാട്ടി മുഴുവൻ സാമ്പത്തിക മാതൃകയും വിജയകരമാണെന്ന് പ്രഖ്യാപിക്കാനും കഴിയില്ല. ഓരോ പദ്ധതിയുടെയും അനുവദിച്ച തുക, യഥാർത്ഥ ചെലവ്, പൂർത്തീകരണനില, ലഭിച്ച നേട്ടം, പരിപാലനച്ചെലവ് എന്നിവ പരിശോധിക്കണം. വരുമാനം സൃഷ്ടിച്ച് വായ്പ തിരിച്ചടയ്ക്കുമെന്ന് പ്രതീക്ഷിച്ച പദ്ധതികൾക്ക് പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടുണ്ടോ എന്നതും അന്വേഷിക്കണം. കിഫ്ബിയുടെ വായ്പകൾ തിരിച്ചടയ്ക്കാൻ സർക്കാർ കൈമാറുന്ന പണത്തിന്റെ പങ്ക്, പലിശച്ചെലവ്, ഭാവിയിലെ തിരിച്ചടവുകൾ എന്നിവ സംബന്ധിച്ച കണക്കുകൾ വ്യക്തമായി പുറത്തുവിടണം.

വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ മാറ്റിവെക്കുന്ന പണം ആരോഗ്യരംഗം, വിദ്യാഭ്യാസം, സാമൂഹികസുരക്ഷ, കൃഷി, തദ്ദേശഭരണ സ്ഥാപനങ്ങൾ, ദുരന്തനിവാരണം തുടങ്ങിയ മേഖലകൾക്ക് ഉപയോഗിക്കാമായിരുന്ന പൊതുവരുമാനമാണ്. അതുകൊണ്ട് ഓരോ വായ്പയും പദ്ധതിയുടെ ചെലവായി മാത്രം കാണാതെ അതിന്റെ ദീർഘകാല പ്രത്യാഘാതങ്ങളും വിലയിരുത്തണം. തിരിച്ചടവിനുള്ള വ്യക്തമായ ആസൂത്രണമില്ലാത്ത വായ്പകൾ ഭാവിതലമുറയുടെ മേൽ അനാവശ്യഭാരം സൃഷ്ടിക്കും.

കിഫ്ബിയെക്കുറിച്ചുള്ള ചർച്ച രാഷ്ട്രീയ ആരോപണങ്ങളുടെയും പ്രത്യാരോപണങ്ങളുടെയും പരിധിയിൽ ഒതുങ്ങരുത്. മുൻ സർക്കാരിന്റെ സാമ്പത്തിക നയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ബന്ധപ്പെട്ടവർ മറുപടി നൽകണം. നിലവിലെ സർക്കാർ വിദഗ്ധസമിതിയുടെ ശിപാർശകൾ പരിശോധിച്ച് വ്യക്തമായ നടപടികൾ സ്വീകരിക്കുകയും വേണം. വായ്പാബാധ്യതകളുടെ പൂർണചിത്രം, പദ്ധതികളുടെ സാമ്പത്തികനില, കരാറുകാരുടെ കുടിശ്ശികകൾ, പൂർത്തിയാകാത്ത പദ്ധതികൾക്കാവശ്യമായ തുക എന്നിവ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് പുറത്തുവിടണം. സ്വതന്ത്ര ഓഡിറ്റും ഉത്തരവാദിത്വനിർണയവും ഉറപ്പാക്കുമ്പോഴേ പൊതുജനവിശ്വാസം വീണ്ടെടുക്കാനാകൂ.

കേരളത്തിന് വികസനം ആവശ്യമാണ്; എന്നാൽ വികസനത്തിന്റെ പേരിൽ സാമ്പത്തിക ഉത്തരവാദിത്വം അവഗണിക്കാനാകില്ല. പദ്ധതികൾ പ്രഖ്യാപിക്കുന്നതിലും വലിയ തുക ചെലവഴിക്കുന്നതിലും മാത്രമല്ല സർക്കാരിന്റെ മികവ് പ്രകടമാകേണ്ടത്. പൊതുപണത്തിന്റെ ഓരോ രൂപയും ഫലപ്രദമായി വിനിയോഗിക്കുന്നതിലും ചെലവിന്റെ കണക്ക് ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിലും ഭാവിയിലെ ബാധ്യതകൾ നിയന്ത്രിക്കുന്നതിലുമാണ് യഥാർത്ഥ ഭരണനൈപുണ്യം തെളിയേണ്ടത്.

വികസനം എന്നത് ചെലവഴിച്ച കോടികളുടെ കണക്കല്ല; ജനങ്ങൾക്ക് ലഭിച്ച നേട്ടങ്ങളുടെ കണക്കാണ്. പൊതുപണം ജനങ്ങളുടെ വിശ്വാസമാണ്. ആ വിശ്വാസം സംരക്ഷിക്കാതെ വികസനത്തിന്റെപേരിൽ കടബാധ്യതകൾ വർധിപ്പിക്കുന്നത് പുരോഗതിയല്ല. പ്രവർത്തനവും സാമ്പത്തിക ബാധ്യതകളും സ്വതന്ത്രമായി പരിശോധിച്ച് ഉത്തരവാദിത്വം ഉറപ്പാക്കുകയും വരുംതലമുറയുടെ സാമ്പത്തിക സുരക്ഷ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഇന്ന് കേരളത്തിന് ആവശ്യമായത്.

# ഹവാലക്കേസിൽ കേന്ദ്ര ഏജൻസികളുടെ 'രഹസ്യ' അന്വേഷണം

തിരുവനന്തപുരം: സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പി.എ. മുഹമ്മദ് റിയാസും ഭാര്യ ടി. വീണയും സുഹൃത്തുക്കളും പ്രതികളായ ഹവാലക്കേസിൽ രഹസ്യനീക്കവുമായി കേന്ദ്ര അന്വേഷണ ഏജൻസികൾ. ഇ.ഡിക്ക് ലഭിച്ച വിവരങ്ങളും രേഖകളും എൻ.ഐ.എയും സിബിഐയും അടക്കമുള്ള ഏജൻസികൾ പരിശോധിക്കുന്നുണ്ടെന്നാണ് വിവരം. വിവിധ അന്വേഷണ ഏജൻസികളുടെ ഉദ്യോഗസ്ഥർ കോഴിക്കോട് കേന്ദ്രീകരിച്ച് ക്യാമ്പ് ചെയ്യുന്നുണ്ട്. കേസന്വേഷണത്തിന് ഔദ്യോഗികമായി ഇപ്പോൾ രണ്ട് ഏജൻസികളാണുള്ളത്- ഇ.ഡിയും സംസ്ഥാന വിജിലൻസും. കോഴിക്കോട് കേന്ദ്രീകരിച്ചിട്ടുള്ള അന്വേഷണ ഉദ്യോഗസ്ഥർ ഈ ഏജൻസികളിലുള്ളവരല്ല. അന്താരാഷ്ട്ര ബന്ധം, സാമ്പത്തിക ഇടപാടുകൾ, ഷെൽകമ്പനി എന്നിവയെല്ലാം കേസിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ വിജിലൻസിന് പരിമിതിയുണ്ട്. കേസ് സിബിഐ പോലുള്ള കേന്ദ്ര ഏജൻസികൾക്ക് കൈമാറാനുള്ള സാധ്യത ഏറെയാണ്. ഇ.ഡി. മറ്റ് അന്വേഷണ ഏൻസികളെക്കൂടി പങ്കാളിയാക്കി അന്വേഷണത്തിന് തയ്യാറെടുക്കുന്നുവെന്ന സംശയവുമുണ്ട്.

റിയാസിന്റെ സുഹൃത്തുക്കളുടെ സാമ്പത്തിക ഇടപാടുകളിൽ ഗൗരവസ്വഭാവമുണ്ടെന്നാണ് കേന്ദ്ര ഏജൻസികളുടെ വിലയിരുത്തൽ.

അന്വേഷണമാവശ്യപ്പെട്ട് ഇ.ഡി. സംസ്ഥാന പോലീസ് മേധാവിക്ക് കൈമാറിയതിനെക്കാൾ അധികവിവരങ്ങൾ കേന്ദ്ര ഏജൻസികൾക്ക് ലഭിച്ചിട്ടുണ്ട്. ഇ.ഡി. കേസ് അടിസ്ഥാനമാക്കിത്തന്നെ ചില അറസ്റ്റുകൾ കോഴിക്കോട്ടുനിന്നുണ്ടാകുമെന്ന നിഗമനമാണ് കേരള പോലീസിനുമുള്ളത്. സമൻസ് കൈപ്പറ്റാൻ തയ്യാറാകാതിരുന്നാൽ വീടിന്റെ ചുവരിലോ വാതിലിലോ പതിപ്പിക്കുന്നതാണ് ഇ.ഡി. അടക്കമുള്ള ഏജൻസികൾ പിന്തുടരുന്ന രീതി.

പിണറായിയുടെ പേരിൽ കേസെടുക്കാനും ചോദ്യംചെയ്യാനുമുള്ള തീരുമാനമെടുത്തത് ഇ.ഡിയുടെ സ്പെഷ്യൽ റിസ്ക് അസസ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയാണ്. അന്ന് സി.എം.ആർ.എൽ കേസ് മാത്രമായിരുന്നു കമ്മിറ്റി പരിഗണിച്ചത്. ഡയറക്ടറുടെ അടക്കം അനുമതിയും വാങ്ങിയിരുന്നു. ഒക്ടോബർ 14-ന് കേസെടുത്തു. സമൻസ് നൽകാൻ 16-ന് തീരുമാനമായി. പിണറായിയുടെ ഇ-മെയിൽ വിലാസം ഇ.ഡിയിൽ ലഭ്യമല്ലാത്തതിനാലാണ് നേരിട്ട് നൽകാൻ തീരുമാനിച്ചതും അതിനായി ഉദ്യോഗസ്ഥനെ നിയോഗിച്ചതും.

ചോദ്യംചെയ്യലിന് ഹാജരാകുമ്പോൾ ഏഴിനം രേഖകൾ ഹാജരാക്കണമെന്ന് സമൻസിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ആധാർ കാർഡ്, പാസ്പോർട്ട്, ഫോട്ടോ, ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ, വിദേശത്തും ഇന്ത്യയിലുമായി സ്ഥിരനിക്ഷേപം നടത്തിയതിന്റെ വിവരങ്ങൾ, ഉടമസ്ഥതയിലുള്ള സ്ഥാവര-ജംഗമ വസ്തുക്കളുടെ വിവരങ്ങൾ, സ്വന്തം പേരിലോ ബന്ധമുള്ള സ്ഥാപനങ്ങളുടെപേരിലോ ഇന്ത്യയിലോ വിദേശത്തോ ഉള്ള ബാങ്ക് ലോക്കറുകളുടെ വിവരങ്ങളും അതിന്റെ രേഖകളും, മുഖ്യമന്ത്രിയായിരുന്ന 2016 മുതൽ 2026 വരെ സമർപ്പിച്ച ആദായനികുതി റിട്ടേണിന്റെ പകർപ്പ്, സ്വന്തമായോ ബന്ധുക്കളുടെയോ പേരിൽ വിദേശത്തും സ്വദേശത്തും സ്ഥാപനങ്ങളിലുള്ള നിക്ഷേപം, സി.എം.ആർ.എലിൽനിന്നും ശശിധരൻ കർത്തയിൽനിന്നും അവരുമായി ബന്ധമുള്ള സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും സ്വയം വാങ്ങിയതും കുടുംബാംഗങ്ങൾ വാങ്ങിയതുമായ ഫണ്ടിന്റെ വിവരങ്ങൾ, ഇതുസംബന്ധിച്ച് ഇ.ഡിക്ക് മൊഴിനൽകാൻ ആവശ്യമായ വിവരങ്ങളും രേഖകളുമാണ് ഹാജരാക്കേണ്ടത്.

# സിനഗോഗിന് തീയിട്ടതിനു പിന്നിൽ ലോറൻസ് ബിഷ്ണോയ് ഗ്രൂപ്പെന്നു സംശയം

കോട്ടയം: എറണാകുളം കാവുഭാഗം സിനഗോഗിന് എബിൻ ബി. പോൾ തീയിട്ടത് രാജ്യാന്തര ക്വട്ടേഷൻ സംഘമായ ലോറൻസ് ബിഷ്ണോയ് ഗ്രൂപ്പിൽ നിന്നുള്ള നിർദ്ദേശത്തിൽ. എബിൻ പോൾ ലോറൻസ് ബിഷ്ണോയ് ഗ്രൂപ്പിന്റെ പേരിലുള്ള ടെലിഗ്രാം ഗ്രൂപ്പിൽ അംഗമാണെന്ന് അന്വേഷണസംഘം കണ്ടെത്തി. പോലീസ് തേടുന്ന 'ബോസ്' സംഘാംഗമാണെന്നും സംശയമുണ്ട്. 'ലോറൻസ് ബിഷ്ണോയ് ഗ്രൂപ്പ് ഒഫീഷ്യൽ' എന്നു തുടങ്ങി നിരവധി ഗ്രൂപ്പുകൾ ടെലിഗ്രാം സൈറ്റിലുണ്ട്. മുംബൈയിൽ ടൈഗർ ഷ്റോഫിനെ വെടിവെച്ചതിന്റെ ഉത്തരവാദിത്വം ലോറൻസ് ബിഷ്ണോയ് ഏറ്റെടുത്തിരുന്നു. കേസ് അന്വേഷണം കേന്ദ്ര ഏജൻസിക്ക് കൈമാറാനുള്ള പ്രധാന കാരണങ്ങളിലൊന്നും രാജ്യാന്തര ക്വട്ടേഷൻ സംഘത്തിന്റെ ഇടപെടലാണ്. ലോറൻസ് ബിഷ്ണോയ് ഗ്രൂപ്പാണെങ്കിൽ എന്തിന് ചെയ്തു എന്ന ചോദ്യവും ഉയരുന്നുണ്ട്.

എബിൻ പോളിന്റെ മൊബൈൽഫോൺ അടക്കമുള്ള ഉപകരണങ്ങൾ പരിശോധിച്ചതിൽ നിന്നാണ് നിർണായക വിവരങ്ങൾ പോലീസിനു ലഭിച്ചത്. ഇത്തരത്തിൽ നിരവധി സംഘങ്ങളുടെ ടെലിഗ്രാം അക്കൗണ്ടിൽ എബിൻ പോൾ അംഗമാണ്. ടെലിഗ്രാം ചാറ്റ് ഹിസ്റ്ററി പരിശോധിച്ചതിൽ തീയിടലിനു മുൻപുള്ള പ്രവർത്തനങ്ങൾ പോലീസ് കണ്ടെത്തി. ഗ്രൂപ്പിൽ അംഗമായ എബിനോട് ഇത്തരം ഒരു ജോലിയുണ്ട്, ചെയ്യാൻ കഴിയുമോ എന്ന് ബോസ് ചാറ്റ് മുഖേന ചോദിച്ചു. തുടർന്നാണ് മൂവാറ്റുപുഴ വാളകത്തെ വീട്ടിലും യൂസ്ഡ്കാർ ഷോറൂമിലും പെട്രോൾ ബോംബ് എറിഞ്ഞതും സിനഗോഗിന് തീയിടുന്നതിന്റെ മുന്നോടിയായി പരിശീലനം നടത്തിയെതെന്നാണ് കരുതുന്നത്.

സിനഗോഗിന് തീയിടാനുള്ള നിർദ്ദേശം മറ്റൊരു ടെലിഗ്രാം അക്കൗണ്ടിൽ നിന്നാണ് എബിന് ലഭിച്ചത്. എന്നാൽ, സിനഗോഗിനാണ് തീയിടുന്നതെന്ന് ചാറ്റിൽ നിർദ്ദേശം ഇല്ലായിരുന്നു. കൊച്ചിൻ ബ്ലോസംസ് നഴ്സറി എന്നു മാത്രമാണ് തീയിടൽ നടത്തേണ്ട സ്ഥലത്തെക്കുറിച്ച് പരാമർശിച്ചിരുന്നത്. തുടർന്ന് എബിൻ തീയിട്ടശേഷം ദൃശ്യങ്ങൾ ബോസിന് അയച്ചുകൊടുത്തു. രണ്ട് വ്യത്യസ്ത അക്കൗണ്ടുകളിൽ നിന്നാണ് ചാറ്റുകൾ നടത്തിയതെങ്കിലും രണ്ടും ബോസിന്റേതു തന്നെയാണെന്നാണ് പോലീസിന്റെ നിഗമനം. എന്തിനാണ് ഇത്തരം ആക്രമണങ്ങൾ നടത്തിയതെന്ന് അന്വേഷണ ഉദ്യോഗസ്ഥരുടെ ചോദ്യത്തിന് എനിക്കു പണമുണ്ടാക്കണം എന്നായിരുന്നു എബിൻ പോളിന്റെ മറുപടി. വീട്ടിൽ മുറി അടച്ചിട്ടിരുന്നു ചെയ്യുന്നതെന്താണെന്ന് വീട്ടുകാർക്കും അറിയില്ലായിരുന്നു. എബിന് കൂട്ടുകാർ ആരും തന്നെയില്ല. മാതാപിതാക്കൾ പലപ്പോഴായി നല്കുന്ന പണമാണ് വരുമാനം. ഇതിനിടയിലാണ് ടെലിഗ്രാം ഗ്രൂപ്പിൽ അംഗമായതും തീയിടൽ പരമ്പര നടത്തിയതും.

# മതം മാറിയതിന്റെ പേരിൽ സംവരണ ആനുകൂല്യം ലഭിക്കില്ല: സുപ്രീംകോടതി

ന്യൂഡൽഹി: ഹിന്ദുമതത്തിൽനിന്ന് മതപരിവർത്തനം നടത്തുന്നവർക്ക് നേരത്തേ ലഭിച്ചിരുന്ന പിന്നാക്കവിഭാഗത്തിന്റെ ആനുകൂല്യം ലഭിക്കില്ലെന്നു സുപ്രീംകോടതി വ്യക്തമാക്കി. മതപരിവർത്തനത്തിനൊപ്പം പിന്നാക്കാവസ്ഥ സ്വമേധയാ കൈമാറാനാകില്ലെന്നും ജഡ്ജിമാരായ പി.കെ. മിശ്ര, ശ്രീ ചന്ദ്രശേഖർ എന്നിവരുടെ ബെഞ്ച് പറഞ്ഞു. ഹിന്ദുമതത്തിൽനിന്ന് ഇസ്ലാം മതത്തിലേക്കു പരിവർത്തനം ചെയ്തവർക്ക് തമിഴ്നാട് സർക്കാർ നൽകിയ ആനുകൂല്യവുമായി ബന്ധപ്പെട്ടതാണ് കേസ്. ഇതിനായി 2024-ൽ തമിഴ്നാട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിയ മദ്രാസ് ഹൈക്കോടതി വിധി സുപ്രീംകോടതി ശരിവെച്ചു.

'ഇസ്ലാം മതം സ്വീകരിക്കുമ്പോൾ നേരത്തേയുള്ള ജാതിപദവി മുസ്ലിം വിഭാഗത്തിലേക്ക് മാറ്റാൻ കഴിയില്ല. അത്തരമൊരു പിന്നാക്കവിഭാഗത്തിനുള്ള അർഹത മതസംഘടനകൾക്ക് അന്തിമമായി നിർണയിക്കാനാവില്ല'- തമിഴ്നാട് സർക്കാരിന്റെ അപ്പീൽ തള്ളിക്കൊണ്ടു രണ്ടംഗ ബെഞ്ച് വ്യക്തമാക്കി. മതംമാറുന്നതിനു മുൻപുള്ള സാമൂഹിക പിന്നാക്കാവസ്ഥയുടെ പേരിൽ മാത്രം സംവണാനുകൂല്യങ്ങൾ അവകാശപ്പെടാനാകില്ല.

ഭരണഘടനാ ഉത്തരവുപ്രകാരം, ഹിന്ദു, സിഖ്, ബുദ്ധ മതവിഭാഗങ്ങളിലേക്കു പരിവർത്തനം ചെയ്യുന്നവർക്കു വ്യവസ്ഥകൾക്കു വിധേയമായി നിലവിൽ പട്ടികജാതി പദവി ലഭിക്കും. ഇവയ്ക്കു പുറമേയുള്ള മതങ്ങളിലേക്കു പരിവർത്തനം നടത്തുന്നവർക്കു നേരത്തേയുണ്ടായിരുന്ന പട്ടികജാതി പദവി നഷ്ടമാകുമെന്നും കോടതി പറഞ്ഞു. അതേസമയം, മതംമാറ്റത്തിനുശേഷം വീണ്ടും ഹിന്ദുമതത്തിലേക്കു തിരിച്ചെത്തുന്നവർക്കു സംവരണാവകാശം പുനഃസ്ഥാപിച്ചു കിട്ടുമോ എന്നതു നേരത്തേയുള്ള ജാതിപദവിയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാനാകില്ലെന്നും കോടതി പറഞ്ഞു.


JV
BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR.
COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# അനധികൃത സ്വത്തു സമ്പാദനക്കേസ്: തച്ചങ്കരിക്ക് ജാമ്യം

കൊച്ചി: അനധികൃത സ്വത്ത് സമ്പാദനക്കേസിൽ മുൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരിയെ നാലു വർഷം തടവിനു ശിക്ഷിച്ച കോട്ടയം വിജിലൻസ് കോടതിയുടെ വിധി ഹൈക്കോടതി മരവിപ്പിച്ചു. തച്ചങ്കരിക്ക് ജാമ്യം അനുവദിച്ചു. ഒക്ടോബർ 15-ന് രാത്രിയോടെ അദ്ദേഹം ജയിലിൽനിന്നു പുറത്തിറങ്ങി. നാലു വർഷം തടവും 3,084,892 രൂപ പിഴയുമൊടുക്കാനുള്ള കോട്ടയം വിജിലൻസ് കോടതിയുടെ ശിക്ഷാവിധി റദ്ദാക്കണമെന്നാവശ്യപ്പെട്ട് തച്ചങ്കരി നൽകിയ അപ്പീലിൽ ശിക്ഷ മരവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. വിജിലൻസ് കോടതിയുടെ കണ്ടെത്തലിൽ തെറ്റില്ലെങ്കിലും തടവ് ശിക്ഷ നാലു വർഷത്തേക്കാണെന്നത് പരിഗണിച്ച് ഈ ആവശ്യം അനുവദിക്കുന്നതായി ജസ്റ്റിസ് എ. ബദറുദ്ദീൻ വ്യക്തമാക്കി.

വിജിലൻസ് കോടതി വിധിച്ച 30 ലക്ഷം പിഴത്തുകയുടെ 75 ശതമാനം കോടതിയിൽ കെട്ടിവെക്കണമെന്നതാണ് പ്രധാന ജാമ്യ ഉപാധി. അഞ്ച് ലക്ഷം രൂപയുടെ സ്വന്തം ബോണ്ടും തുല്യ തുകയുടെ രണ്ട് ആൾ ജാമ്യവുമാണ് മറ്റൊരു പ്രധാന ജാമ്യ വ്യവസ്ഥ. ഹൈക്കോടതിയുടെ അനുമതിയില്ലാതെ ഇന്ത്യ വിടാനാകില്ല. 30.84 ലക്ഷം രൂപയുടെ വരവിൽ കവിഞ്ഞ സ്വത്ത് തച്ചങ്കരി സമ്പാദിച്ചിട്ടുണ്ടെന്നാണ് വിജിലൻസ് കോടതി കണ്ടെത്തിയത്. 2003-07 കാലയളവിൽ വരുമാനത്തേക്കാൾ കൂടുതൽ സ്വത്ത് സമ്പാദിച്ചെന്നായിരുന്നു വിജിലൻസിന്റെ കണ്ടെത്തൽ. എന്നാൽ, തന്റെ വരുമാന സ്രോതസുകൾ വേണ്ടവിധം പരിഗണിക്കാതെയാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് നല്കിയതെന്നും വിചാരണ കോടതിയും പല രേഖകളും അവഗണിച്ചെന്നും ചൂണ്ടിക്കാട്ടിയാണ് തച്ചങ്കരി അപ്പീൽ ഹർജി നൽകിയത്.



അന്വേഷണസംഘം വരുമാനം കണക്കാക്കിയതിൽ ഒട്ടേറെ പിഴുകളുണ്ടായിട്ടുണ്ടെന്നും ഇത്തരത്തിലുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കോടതി വിധി നിയമപരമായി നിലനിൽക്കില്ലെന്നും ഹർജിയിൽ പറയുന്നു. അപ്പീൽ ഹർജിയിൽ ഡിവിഷൻ ബെഞ്ച് ഇനി വിശദമായി വാദം കേൾക്കും.

# തട്ടിപ്പ് കോളുകൾക്ക് കടിഞ്ഞാൺ: കോളർ ഐഡി നിയമം വരുന്നു

ന്യൂഡൽഹി: സേവ് ചെയ്യാത്ത നമ്പറുകളിൽനിന്നുള്ള മൊബൈൽ ഫോൺ കോളുകളിൽ നവംബർ ഒന്ന് മുതൽ നമ്പറിനൊപ്പം വിളിക്കുന്നയാളുടെ പേരും കാണിക്കും. നമ്പറിനൊപ്പം പേരു കൂടി കാണിക്കുന്ന കോളിങ് നെയിം പ്രസന്റേഷൻ (സിനാപ്) ഇന്ത്യയിലാകെ നടപ്പാക്കാൻ കേന്ദ്രം ടെലികോം വകുപ്പ് കമ്പനികളോട് നിർദേശിച്ചു. സിം എടുക്കാനുപയോഗിച്ച തിരിച്ചറിയൽ രേഖയിലെ പേരായിരിക്കും കാണിക്കുക. തുടക്കത്തിൽ 4ജി, 5ജി ശൃംഖലകളിൽ മാത്രമായിരിക്കും. ഇതു നടപ്പാക്കുന്നതോടെ ട്രൂകോളർ പോലെയുള്ള ആപ്പുകളില്ലാതെതന്നെ, ഫോൺ വിളിക്കുന്നത് ആരെന്നറിയാം. അതേസമയം, അനാവശ്യ കോളാണോയെന്നു (സ്പാം) പേരു മാത്രം നോക്കി തിരിച്ചറിയാനാകില്ലെന്ന ന്യൂനതയുണ്ട്. പലരും സിം എടുത്തിരിക്കുന്നത് ബന്ധുക്കളുടെ ഐഡി ഉപയോഗിച്ചാണെന്നതിനാൽ പിഴവുകളും വരാം.

ഉദാഹരണത്തിന് എയർടെൽ കണക്ഷനുള്ള ഒരു വ്യക്തി ജിയോ ഉപഭോക്താവിനെ വിളിച്ചാൽ, എയർടെലിന്റെ പക്കലുള്ള ഡേറ്റബേസിലെ അയാളുടെ പേരായിരിക്കും ഫോണിൽ കാണിക്കുക. ആഭ്യന്തര കോളുകളാണെങ്കിൽ ഫോൺ നമ്പറും പേരും കാണിക്കും. രാജ്യാന്തര കോളാണെങ്കിൽ ഇവയ്ക്കു പുറമേ 'ഇന്റർനാഷണൽ' എന്ന അറിയിപ്പുമുണ്ടാകും.

കോളർ ഐഡി സംവിധാനം ലഭ്യമാകാൻ ഉപയോക്താവ് പ്രത്യേകിച്ചൊന്നും ചെയ്യേണ്ടതില്ല. ഇന്ത്യയിൽ എല്ലാവർക്കും ഇത് നിർബന്ധമായും നടപ്പാക്കും. ബിസിനസ് കണക്ഷനുകൾക്ക് പേരിനു പകരം സ്വന്തം ട്രേഡ്മാർക്ക് പേര് ഉൾപ്പെടുത്താൻ അവസരം നൽകും.

# റെയിൽവേയ്ക്ക് സുപ്രീംകോടതിയുടെ കർശന നിർദേശം

ന്യൂഡൽഹി: റെയിൽവേ സ്റ്റേഷൻ കൗണ്ടറിൽനിന്ന് വാങ്ങുന്ന ടിക്കറ്റുകളിലും ഇൻഷുറൻസ് നൽകണമെന്ന് റെയിൽവേയോട് സുപ്രീംകോടതി. നാമമാത്ര തുക ഈടാക്കി ഓൺലൈൻ ടിക്കറ്റുകളിൽ യാത്രക്കാർക്ക് ഇൻഷുറൻസ് നൽകുന്നുണ്ട്. ഈ മാസം 27 മുതൽ കൗണ്ടറിൽനിന്ന് വാങ്ങുന്ന ടിക്കറ്റിലും ഇതുപോലെ നടപ്പാക്കണമെന്ന് സുപ്രീംകോടതി നിർദേശിച്ചു. തീവണ്ടിയാത്രക്കാർ നേരിടുന്ന ദുരിതങ്ങളുമായി ബന്ധപ്പെട്ട ഹർജിയിലാണ് ജസ്റ്റിസുമാരായ അഹ്സനുദ്ദീൻ അമാനുള്ള, ആർ. മഹാദേവൻ എന്നിവരടങ്ങുന്ന ബെഞ്ചിന്റെ ഉത്തരവ്. ഓഫ്ലൈൻ ടിക്കറ്റുകളിലും ഇൻഷുറൻസ് നൽകാൻ സംവിധാനമുണ്ടാക്കണമെന്ന് സുപ്രീംകോടതി നേരത്തേ ആവശ്യപ്പെട്ടിരുന്നു. ഇതിൽ പുരോഗതിയില്ലാത്തതിൽ കോടതി നിരാശ രേഖപ്പെടുത്തി. ഇത് നടപ്പാക്കിയില്ലെങ്കിൽ ഉത്തരവാദിത്വം റെയിൽവേ ബോർഡ് ചെയർമാനും അംഗങ്ങൾക്കുമായിരിക്കുമെന്നും സുപ്രീംകോടതി മുന്നറിയിപ്പ് നൽകി.

# കേരളമടക്കം പതിനേഴിടങ്ങളിൽ എസ്ഐആറുമായി കമ്മീഷൻ

ന്യൂഡൽഹി: എസ്ഐആറുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കിടെ വാർഷിക വോട്ടർ പട്ടിക പരിഷ്കരണം പ്രഖ്യാപിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. എസ്ഐആറിൽ ഒഴിവാക്കപ്പെട്ടവരെയും പുതിയ വോട്ടർമാരെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായാണ് നടപടി.

കേരളമടക്കം എസ്ഐആർ പൂർത്തിയായ 13 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും അസമിലുമാണ് വാർഷിക എസ്ഐആർ (സ്പെഷൽ സമ്മറി റിവിഷൻ) നടത്തുകയെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

അസമിൽ എസ്ഐആർ നടത്തേണ്ടതില്ലെന്ന് നേരത്തേ കമ്മീഷൻ തീരുമാനിച്ചിരുന്നു. എസ്ഐആറിന് ശേഷമുള്ള കരട് പട്ടിക നവംബർ 12-ന് പ്രസിദ്ധീകരിക്കും.

ഡിസംബർ 11-ാം തീയതിവരെ ആക്ഷേപങ്ങൾ ബോധിപ്പിക്കാം. അന്തിമ പട്ടിക 2027 ജനുവരി നാലാം തീയതി നിലവിൽ വരും.

നിലവിൽ എസ്ഐആർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നിടങ്ങളിൽ തീയതികളിൽ വ്യത്യാസമുണ്ടാകും. കേരളം, അസം, ബിഹാർ, ഛത്തീസ്ഗഢ്, ഗോവ, ഗുജറാത്ത്, മധ്യപ്രദേശ്, മണിപ്പൂർ, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർ പ്രദേശ്, ഉത്തരാഖണ്ഡ്, പശ്ചിമബംഗാൾ, ലക്ഷദ്വീപ്, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലാണ് എസ്ഐആർ നടത്തുക. 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 21-ാം വകുപ്പുപ്രകാരമാണ് നടപടി. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി തുടർന്നുവന്നിരുന്ന വാർഷിക എസ്ഐആർ നടപടിക്രമത്തിൽനിന്ന് ഈ വർഷം തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യതിചലിച്ചിരുന്നു.

വോട്ടർ പട്ടികയിലെ നിലവിലുള്ള വിവരങ്ങൾ പുതുക്കുന്നതിന് പകരം പട്ടിക പുതുതായി തയ്യാറാക്കുന്ന എസ്ഐആർ നടപടികൾക്കായിരുന്നു കമ്മീഷൻ മുൻഗണന നൽകിയത്.



# ഓം പ്രകാശ് മാഥുർ കേരള ഗവർണർ

ന്യൂഡൽഹി: ഓം പ്രകാശ് മാഥുറിനെ കേരളത്തിന്റെ പുതിയ ഗവർണറായി രാഷ്ട്രപതി ദ്രൗപദി മുർമു നിയമിച്ചു. നിലവിലെ ഗവർണർ രാജേന്ദ്ര ആർലേക്കറെ തമിഴ്നാട് ഗവർണറായി നിയമിച്ചു. സിക്കിം ഗവർണർ സ്ഥാനത്തുനിന്നാണു മാഥുർ കേരള ഗവർണറാകുന്നത്. ഡോ. സുധ യാദവ് ആണ് കർണാടകയിലെ പുതിയ ഗവർണർ. ദുഷ്യന്ത് ഗൗതമിനെ സിക്കിമിലും ബ്രജ് മോഹൻ റാമിനെ ഒഡീഷയിലും ധാൽ സിംഗ് ബിസനെ ഉത്തരാഖണ്ഡിലും ഗവർണർമാരായി നിയമിച്ചു.

എഴുപത്തിനാലുകാരനായ മാഥുർ രാജസ്ഥാൻ സ്വദേശിയാണ്. ആർഎസ്എസ് പ്രചാരകനായാണു പൊതുപ്രവർത്തനം ആരംഭിച്ചത്. മുതിർന്ന ബിജെപി നേതാവായ ഇദ്ദേഹം മുമ്പ് രണ്ടു തവണ രാജ്യസഭാംഗമായിരുന്നു.

2008-2009 കാലയളവിൽ ബിജെപി രാജസ്ഥാൻ ഘടകം അദ്ധ്യക്ഷനായി മാഥുർ പ്രവർത്തിച്ചിട്ടുണ്ട്. 2024 ജൂലൈയിലാണു സിക്കിം ഗവർണറായത്.








FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
Fluent in Malayalam & English
Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
Ordained Pentecostal minister
Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
U.S. citizen or permanent resident
Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# 12 മേഖലകളിൽ സുപ്രധാന മാറ്റങ്ങൾ നടപ്പാക്കി യുഡിഎഫ് സർക്കാർ

തിരുവനന്തപുരം: വി.ഡി. സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് സർക്കാർ അധികാരമേറ്റ് 120 ദിവസത്തിനുള്ളിൽ 12 മേഖലകളിൽ സുപ്രധാന മാറ്റങ്ങൾ നടപ്പാക്കി ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്നെന്നു സർക്കാർ. ‘ജനങ്ങളിലേക്ക് സർക്കാർ’ എന്ന ആശയം മുന്നിൽ നിർത്തി നടപ്പാക്കിയവയിൽ ഏറ്റവും പ്രധാനമായി ചൂണ്ടിക്കാട്ടുന്നത് സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിലെ സൗജന്യ യാത്രയും വയോജനങ്ങൾക്കായുള്ള പ്രത്യേക പരിഗണനയുമാണ്. ഒപ്പം സമുദ്രത്തിൽനിന്നുള്ള വരുമാനം വർധിപ്പിക്കാനുള്ള വിവിധ കർമപരിപാടികളും ഉൾക്കൊള്ളുന്നു.

ക്ഷേമപെൻഷൻ മുടങ്ങാതെ അർഹരായവരുടെ കൈകളിലെത്തിച്ചെന്നതും 7.5 ലക്ഷം മുൻഗണനാ റേഷൻ കാർഡുകൾ നൽകിയെന്നതും മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ചെന്നതും ഏറെ സന്തോഷം നൽകുന്ന കാര്യങ്ങളെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. മേയ് 18-നാണ് സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.

സർക്കാരിന്റെ പ്രവർത്തനം സർക്കാർ ഓഫീസുകളിൽ മാത്രം ഒതുങ്ങാതെ ജനങ്ങളിലേക്ക് എന്ന ആശയം നടപ്പിലാക്കുകയാണ് പ്രധാന ലക്ഷ്യം.

നെൽകർഷകരുടെ കുടിശിക തീർത്തു. പിന്നോക്ക വിഭാഗം വിദ്യാർത്ഥികളുടെ 310 കോടി രൂപയുടെ സ്കോളർഷിപ്പ് കുടിശിക നൽകി. ആരോഗ്യ വകുപ്പിലെ 200 കോടി രൂപയുടെ പഴയ ബാധ്യതയും ഒഴിവാക്കി. പ്രവാസി പെൻഷൻ കുടിശിക തീർക്കാനായി 32 കോടി രൂപയും അനുവദിച്ചു.

സ്ത്രീകൾക്ക് രാത്രികാല യാത്രയ്ക്ക് പിങ്ക് ബസ് നടപ്പിലാക്കി. മത്സ്യ വിൽപന നടത്തുന്ന സ്ത്രീകൾക്ക് ഇ-സ്കൂട്ടർ, പൊതുസ്ഥലങ്ങളിൽ കുറഞ്ഞ നിരക്കിൽ നാപ്കിൻ, ആശാ പ്രവർത്തകർക്ക് കൂടുതൽ വേതനം, ജോലി ചെയ്യുന്ന സ്ത്രീകളുടെ കുട്ടികൾക്കായി ക്രെഷ് സൗകര്യം എന്നിവ നടപ്പാക്കി.

സർക്കാർ ആശുപത്രിയിൽ കിടക്ക രോഗിയുടെ അവകാശമാക്കാനുള്ള നടപടി കൈക്കൊണ്ടെന്നും പ്രാദേശിക തലത്തിൽ വിദഗ്ധ ചികിത്സയ്ക്ക് പ്രതീക്ഷാ കേന്ദ്രങ്ങൾ, കാരുണ്യ പദ്ധതിക്ക് അധിക ഫണ്ട്, ആരോഗ്യവെൽനെസ് തുടങ്ങിയവയും നടപ്പാക്കി. സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് നിയന്ത്രിക്കാൻ നിയമനടപടി സ്വീകരിക്കും. എല്ലാവർക്കും ചികിത്സ കിട്ടണമെന്നും അത് സുതാര്യമായും വിശ്വസനീയമായും കിട്ടണം എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളതെന്നും വ്യക്തമാക്കുന്നു.

റബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തി. തെങ്ങുകൃഷിക്ക് കൂടുതൽ സഹായം നൽകി. നിക്ഷേപക സൗഹൃദ സംസ്ഥാനത്തിന്റെ ഭാഗമായി ‘ഒരു സംസ്ഥാനം ഒരു അനുമതി രേഖ’ സംവിധാനത്തിന് അംഗീകാരം നൽകി. വിദേശ നഗരങ്ങളിൽ കേരള ഡെസ്കുകൾ സ്ഥാപിച്ചു. സിഎംഇഡിപി വായ്പാ പരിധി രണ്ടു കോടിയിൽനിന്ന് അഞ്ചു കോടിയാക്കി.

400 കോടിയുടെ മിഷൻ സമുദ്ര പദ്ധതിക്കും വിഴിഞ്ഞത്ത് പുതിയ മത്സ്യബന്ധന തുറമുഖപദ്ധതിക്കും തുടക്കമിട്ടു. ഒരു ലക്ഷത്തോളം ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കി. പട്ടയവിതരണം വേഗത്തിലാക്കി. വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം വർധിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടു. ഇതിനായി 55 മുൻഗണനാ പഞ്ചായത്തുകളിൽ പ്രത്യേക പദ്ധതിയാണ് നടപ്പാക്കുന്നത്. ഓപ്പറേഷൻ തൂഫാൻ നടപ്പിലാക്കി. കുട്ടികൾക്കായി മിഷൻ എഐ ഗുരു, സ്കൂളുകളിൽ റോബോട്ടിക് ഡിജിറ്റൽ സ്ക്വയർ എന്നിവ നടപ്പിലാക്കി.

സർക്കാർ സ്വത്തുക്കളുടെ കണക്ക് സൂക്ഷിക്കാൻ പുതിയ സംവിധാനമേർപ്പെടുത്തിയതായും സർക്കാർ സ്ഥാപനങ്ങളുടെ ഏകീകൃത രജിസ്റ്ററും ഒരുക്കിയെന്നും വ്യക്തമാക്കുന്നു.

## പാലക്കാട് ആൾക്കൂട്ടക്കൊലപാതകം: പ്രതികൾ റിമാൻഡിൽ

പാലക്കാട്: ഓലമടലും മരക്കമ്പും ഉപയോഗിച്ച് അടിച്ചും കൈകൊണ്ടും കാലുകൊണ്ടും ഇടിച്ചും കുത്തിയുമുള്ള മർദനത്തിനൊടുവിൽ ഒരു ജീവൻ കൂടി പൊലിഞ്ഞു. ആൾക്കൂട്ടക്കൊലയുടെ മറ്റൊരേട്. ചിറ്റൂർ മീനാക്ഷിപുരത്ത് മാനസികാസ്വാസ്ഥ്യത്താൽ അലഞ്ഞുതിരിഞ്ഞു നടന്ന യുവാവിനെ ഏഴുപേർ ചേർന്ന് കൊലപ്പെടുത്തിയത് ക്രൂരമായ ആക്രമണത്തിനൊടുവിൽ. 40 വയസ്സ് തോന്നിക്കുന്ന യുവാവിനെ തിരിച്ചറിഞ്ഞിട്ടില്ല. തമിഴ്നാട്ടിലേക്കും അന്വേഷണം വ്യാപിപ്പിച്ചു.

പ്രതികളിലൊരാളുടെ ബന്ധുവായ സ്ത്രീക്കു മുൻപിൽ ഒക്ടോബർ 10-ന് ശനിയാഴ്ച അശ്ലീലപ്രദർശനം നടത്തിയതിനായിരുന്നു ആക്രമമെന്നാണ് അറസ്റ്റിലായവർ പോലീസിന് മൊഴിനൽകിയത്. 10-ന് രാത്രി നെടുമ്പാറ ടൗണിൽ യുവാവിനെ കണ്ട സംഘം ആദ്യം ഓലമടൽകൊണ്ട് അടിച്ചോടിച്ചു. വസ്ത്രം ബലമായി അഴിപ്പിച്ചു. അരക്കിലോമീറ്ററോളം ജീവനുംകൊണ്ടോടിയ യുവാവിനെ പിന്തുടർന്ന സംഘം മൂലത്തറ റെഗുലേറ്ററിന്റെ വലതുകര കനാലിനോടു ചേർന്ന ആളൊഴിഞ്ഞ സ്ഥലത്തുവെച്ച് പിടികൂടി. മദ്യപിച്ചിരുന്ന പ്രതികൾ സമീപത്തെ മരത്തിന്റെ കമ്പൊടിച്ച് അടിമുടി അടിച്ചു. കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ യുവാവിനു കൊടുത്തത് കള്ള്. ജനനേന്ദ്രിയത്തിലും അടിച്ചു പരുക്കേൽപ്പിച്ചു. തലയ്ക്കേറ്റ അടി മരണകാരണമായി. ശരീരത്തിൽ അറുപതോളം മുറിവുകളുണ്ട്. യുവാവിനെ ഉപേക്ഷിച്ച് സംഘം പിരിഞ്ഞു. ഏഴു പ്രതികളെ 14-ന് ബുധനാഴ്ച ചിറ്റൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. കൊഴിഞ്ഞാമ്പാറ അഞ്ചാംമൈൽ തട്ടാൻ ചള്ള കാർത്തിക് (26), നെടുമ്പാറ വണ്ണാമട സഞ്ജയ് (27), നെടുമ്പാറ സ്രാമ്പി കോളനി കതിരേശൻ (23), നെടുമ്പാറ നവീൻ (24), നെടുമ്പാറ പ്രശാന്ത് കുമാർ (35), വണ്ണാമട സൂര്യപ്രകാശ് (25) എന്നിവരെ 14 ദിവസം റിമാൻഡ് ചെയ്തു.

11-ന് ഞായറാഴ്ച രാവിലെ മൂലത്തറ ഡാം പരിസരത്താണ് യുവാവിനെ മരിച്ചനിലയിൽ നാട്ടുകാർ കാണുന്നത്. തൃശ്ശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ നടത്തിയ പോസ്റ്റ്മോർട്ടത്തിൽ കൊലപാതകമെന്നുറപ്പിച്ചു.

ചിറ്റൂർ ഡിവൈഎസ്പി എം. ശശിധരന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷിക്കുന്നത്.

## ഇന്ത്യൻ നാവികസേനയ്ക്ക് കരുത്തായി ഐഎൻഎസ് മംഗ്രോൾ

മുംബൈ: കൊച്ചി കപ്പൽശാലയിൽ നിർമിച്ച യുദ്ധക്കപ്പൽ ഐഎൻഎസ് മംഗ്രോൾ ഇന്ത്യൻ നാവികസേനയുടെ ഭാഗമായി. മുംബൈ നേവൽ ഡോക്യാഡിൽ പശ്ചിമ നേവൽ കമാൻഡ് മേധാവി വൈസ് അഡ്മിറൽ സഞ്ജയ് വത്സായന്റെ സാന്നിധ്യത്തിൽ കപ്പൽ കമ്മീഷൻ ചെയ്തു.

വലിയ യുദ്ധക്കപ്പലുകൾക്ക് എത്താൻ പരിമിതികളുള്ള തീരദേശ മേഖലകളിൽ ശത്രുരാജ്യങ്ങളുടെ മുങ്ങിക്കപ്പലുകൾ കണ്ടെത്തി നശിപ്പിക്കാൻ മംഗ്രോളിനു കഴിയും.

ആധുനിക ആയുധങ്ങൾ, സെൻസറുകൾ, കടലിനടിയിലെ പരിശോധനാ സംവിധാനങ്ങൾ, ഭാരം കുറഞ്ഞ ടോർപിഡോകൾ, തദ്ദേശീയമായി നിർമിച്ച റോക്കറ്റ് ലോഞ്ചർ എന്നിവ ഇതിന്റെ സവിശേഷതകളാണ്. 2004 ഏപ്രിൽ വരെ നാവികസേനയുടെ ഭാഗമായിരുന്ന ഐഎൻഎസ് മംഗ്രോൾ യുദ്ധക്കപ്പലിന്റെ പേരാണു പുതിയ കപ്പലിനും നൽകിയിരിക്കുന്നത്. ഗുജറാത്തിലെ പ്രധാന മത്സ്യബന്ധന തുറമുഖമാണ് മംഗ്രോൾ.



ഐഎൻഎസ് മംഗ്രോൾ മുംബൈ നേവൽ ഡോക്യാഡിൽ.

## കേന്ദ്രമന്ത്രി എൽ. മുരുകൻ രാജിവെച്ചു

ന്യൂഡൽഹി: കേന്ദ്ര മന്ത്രിസഭാ പുനഃസംഘടന സംബന്ധിച്ച അഭ്യൂഹങ്ങൾക്കിടെ, തമിഴ്നാട്ടിൽ നിന്നുള്ള ഏക കേന്ദ്രമന്ത്രി എൽ. മുരുകൻ രാജിവെച്ചു. രാജ്യസഭാംഗത്വവും ഒഴിയും. തമിഴ്നാട്ടിൽ ബിജെപിയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളിലേക്കു മടങ്ങാൻ അനുവദിക്കണമെന്ന് പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചതായി മുരുകൻ പറഞ്ഞു. മന്ത്രിയെന്ന നിലയ്ക്കുള്ള പ്രവർത്തനത്തിൽനിന്ന് ഏതാനും മാസങ്ങളായി വിട്ടുനിൽക്കുകയായിരുന്നു അദ്ദേഹം. മുരുകനെപ്പറ്റി തമിഴ്നാട് ബിജെപിയിൽനിന്ന് പല ആരോപണങ്ങളും കേന്ദ്രനേതൃത്വത്തിന് മുന്നിലെത്തിയതായും സൂചനയുണ്ട്. മൂന്നാം മോദി മന്ത്രിസഭയിൽ നിന്നു കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ രാജിവെക്കുന്ന നാലാമത്തെ മന്ത്രിയാണ് മുരുകൻ. രാജ്യസഭാ കാലാവധി അവസാനിച്ചതിനെ തുടർന്ന് ജോർജ് കുര്യൻ ജൂണിലും രവ്നീത് സിങ് ബിട്ടു ജൂലൈയിലും രാജിവെച്ചിരുന്നു. സിജെപി പ്രക്ഷോഭത്തെ തുടർന്ന് വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാനും രാജിവെച്ചു. രാജ്യസഭാ കാലാവധി അവസാനിച്ചതിനാൽ മന്ത്രി ഹർദീപ് സിങ് പൂരി, ബി.എൽ. വർമ എന്നിവരും വൈകാതെ രാജിവെക്കും. സഹമന്ത്രിമാരായ ഹർഷ് മൽഹോത്രയ്ക്ക് ബിജെപി ഡൽഹി അധ്യക്ഷപദവിയും പങ്കജ് ചൗധരിക്ക് ഉത്തർപ്രദേശിലെ അധ്യക്ഷപദവിയും നല്കിയതിനാൽ അവരും ചുമതല ഒഴിഞ്ഞേക്കും.





# മുതിർന്ന പൗരന്മാർക്ക് കൈത്താങ്ങായി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു

തിരുവനന്തപുരം: കേരളത്തിലെ മുതിർന്ന പൗരന്മാരുടെ പരിചരണവും അവകാശ സംരക്ഷണവും ഉറപ്പാക്കുന്ന 2026-ലെ കേരള മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. പകൽവീടുകൾ, വൃദ്ധസദനങ്ങൾ, ഗൃഹപരിചരണ ഏജൻസികൾ തുടങ്ങി കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ പരിചരണ കേന്ദ്രങ്ങളുടെയും പ്രവർത്തനത്തിന് ഏകീകൃത ചട്ടക്കൂട് ഒരുക്കുകയാണ് ബില്ലിന്റെ പ്രധാന ലക്ഷ്യം. നിറഞ്ഞ അഭിമാനത്തോടെയാണ് ബിൽ സഭയ്ക്കു മുന്നിൽ വെക്കുന്നതെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ടു മുഖ്യമന്ത്രി പറഞ്ഞു. ഇത് നിയമമാകുന്നതോടെ മുതിർന്നവരുടെ സംരക്ഷണത്തിൽ കേരള നിയമസഭ ലോകത്തിനു മാതൃകയാകും.

ക്ഷേമവും പരിചരണവുമാണു വകുപ്പിന്റെ ഒരു ഭാഗമെങ്കിൽ അതിലും പ്രധാനം സിൽവർ ഇക്കോണമിയാണെന്നു മുഖ്യമന്ത്രി പറഞ്ഞു. ജപ്പാൻ ഉൾപ്പെടെയുള്ള രാജ്യങ്ങൾ മുതിർന്നവരുടെ അറിവും അനുഭവവും പ്രയോജനപ്പെടുത്തി ഈ വെല്ലുവിളിയെ അവസരമാക്കി. കേരളത്തിൽ വിരമിച്ചവരെ ചെറിയ ഓണറേറിയം നൽകി സ്റ്റാർട്ടപ്പുകൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും സാങ്കേതിക, മാർക്കറ്റിംഗ്, മാനേജ്മെന്റ് മാർഗനിർദേശത്തിനായി ഉപയോഗിക്കാം. സർക്കാർ ഇതിൽ ഫെസിലിറ്റേറ്ററായി പ്രവർത്തിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കുടുംബത്തിന്റെ പരിചരണമാണ് ആദ്യ മാതൃകയെന്നും സ്ഥാപനങ്ങളിലെ പരിചരണം അവസാന ആശ്രയം മാത്രമാകണമെന്നും ബിൽ വ്യക്തമാക്കുന്നു. 60 വയസ് പൂർത്തിയായ ഇന്ത്യൻ പൗരന്മാരാണ് 'മുതിർന്ന പൗരൻ' എന്ന നിർവചനത്തിൽ വരുന്നത്. നിയമം വന്നശേഷം തുടങ്ങുന്ന ഓരോ പരിചരണകേന്ദ്രവും രജിസ്റ്റർ ചെയ്യണം. നിലവിലുള്ള കേന്ദ്രങ്ങൾക്ക് നിയമം പ്രാബല്യത്തിൽ വന്ന് 90 ദിവസത്തിനകം രജിസ്ട്രേഷനായി അപേക്ഷിക്കാം. വകുപ്പ് ഡയറക്ടറാണ് രജിസ്ട്രാർ. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനു നാലു വർഷമാണ് കാലാവധി; പുതുക്കാം. അപേക്ഷ നിരസിച്ചാൽ മുപ്പതു ദിവസത്തിനകം സർക്കാരിൽ അപ്പീൽ നൽകാം. രജിസ്ട്രേഷൻ വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്ന രജിസ്ട്രിയായി ലഭ്യമാക്കും.

സംസ്ഥാന തലത്തിൽ മുതിർന്ന പൗരസംരക്ഷണ യൂണിറ്റ്, ജില്ലകളിൽ ജില്ലാ സംരക്ഷണ ഫോറവും യൂണിറ്റും രൂപികരിക്കും. ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി തുടങ്ങിയവർ അംഗങ്ങളാണ്. പരാതികൾ അന്വേഷിക്കാനും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളെ കണ്ടെത്താനും ജില്ലാ യൂണിറ്റിന് ചുമതലയുണ്ട്. ഓരോ പോലീസ് സ്റ്റേഷനിലും മുതിർന്നവരുടെ വിഷയങ്ങൾക്കായി അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത നോഡൽ ഓഫീസറെ നിയോഗിക്കും. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു.

# മാസപ്പടി കേസ്: പിണറായിയെ ചോദ്യംചെയ്യാൻ ഇഡി



കൊച്ചി: സിഎംആർഎൽ-എക്സാലോജിക് കേസിൽ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ പിണറായി വിജയനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ചോദ്യംചെയ്യും. 23-ന് കൊച്ചിയിലെ ഇഡി ഓഫീസിൽ ഹാജരാകണമെന്നാവശ്യപ്പെട്ടു പിണറായി വിജയന് ഇഡി സമൻസ് അയച്ചു.

മാസപ്പടി കേസിൽ പിണറായി വിജയനെ ഒന്നാം പ്രതിയാക്കി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിനു പിന്നാലെയാണ് ഇഡിയുടെ നീക്കം. കഴിഞ്ഞ 14-നാണ് ഇഡി ഇസിഐആർ രജിസ്റ്റർ ചെയ്തത്. പിണറായി വിജയനും പി.എ. മുഹമ്മദ് റിയാസ് എംഎൽഎയ്ക്കും എതിരായ കേസുകളിൽ രണ്ടു പ്രത്യേക ഇസിഐആറുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രണ്ടു കേസുകളിലും ടി. വീണ പ്രതിയാണ്. ഇതോടെ ഒരേ കേസിൽ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ അന്വേഷണപരിധിയിലേക്കാണ് ഒരേസമയം പിണറായി വിജയൻ എത്തുന്നത്. സിഎംആർഎൽ ഫിനാൻസ് ഓഫീസർ സുരേഷ് കുമാറിന്റെ മൊഴിപ്രകാരം പിണറായി വിജയൻ മകൾ ടി. വീണ വഴി 3.28 കോടി രൂപ കൈക്കൂലി വാങ്ങിയെന്നാണ് ഇഡിയുടെ കണ്ടെത്തൽ. കേസിൽ പിണറായി വിജയന്റെ തിരുവനന്തപുരത്തെ വീട്ടിലടക്കം ഇഡി പരിശോധന നടത്തിയിരുന്നു.

# ഇന്ത്യൻ സ്ഥാപനങ്ങളിലും എഐ നുഴഞ്ഞുകയറ്റം നടന്നുവെന്ന് ഐടി മന്ത്രാലയം

ന്യൂഡൽഹി: സ്വയം നിയന്ത്രണമേറ്റെടുക്കുന്ന എഐ ഏജന്റുമാർ ഇന്ത്യൻ സ്ഥാപനങ്ങളുടെ സൈബർ സംവിധാനങ്ങളിലും നുഴഞ്ഞുകയറിയതായി കേന്ദ്ര ഐടി മന്ത്രാലയത്തിന്റെ വെളിപ്പെടുത്തൽ. മനുഷ്യനിയന്ത്രണമില്ലാതെ എഐ ഏജന്റുമാർ വ്യക്തിഗത ഡേറ്റയും രഹസ്യസ്വഭാവമുള്ള വിവരങ്ങളും അടങ്ങിയ ബിസിനസ് റെക്കോർഡുകൾ വായിച്ചതായി ഐടി മന്ത്രാലയത്തിന് കീഴിലുള്ള സൈബർ സുരക്ഷാ ഏജൻസിയായ സെർട്ട്-ഇൻ അറിയിച്ചു. ഇന്ത്യയിൽ ഇതാദ്യമായാണ് ഇത്തരമൊരു സംഭവം റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ആക്രമണം നേരിട്ട സ്ഥാപനങ്ങളുടെ പേരുകൾ സെർട്ട്-ഇൻ വെളിപ്പെടുത്തിയിട്ടില്ല.

നുഴഞ്ഞുകയറ്റം നടന്നത് സ്ഥാപനങ്ങൾ അറിഞ്ഞില്ല എന്നതാണ് ഏറ്റവും വലിയ ആശങ്ക. പ്രമുഖ എഐ മോഡൽ കമ്പനികൾ ആഭ്യന്തര പരിശോധനയിൽ ഇത് കണ്ടെത്തുകയും സെർട്ട്-ഇന്നിനെ സ്വമേധയാ അറിയിക്കുകയുമായിരുന്നു. പബ്ലിക് കോഡുകളിലും ക്ലൗഡ് സർവീസുകളിലും മറ്റ് ആപ്ലിക്കേഷനുകളിലും സുരക്ഷിതമല്ലാതെ കിടന്നിരുന്നു പാസ്‌വേഡുകളും കോൺഫിഗറേഷൻ വിവരങ്ങളും ഉപയോഗിച്ചാണ് നുഴഞ്ഞുകയറിയത്.

സുരക്ഷാ വീഴ്ച ഒഴിവാക്കാൻ സ്ഥാപനങ്ങൾ സോഴ്സ് കോഡുകളും ക്ലൗഡ് സ്റ്റോറേജുകളും കൃത്യമായി പരിശോധിക്കണമെന്ന് സെർട്ട്-ഇൻ നിർദേശിച്ചു. എഐ ഗവേഷണത്തിലും ഡവലപ്മെന്റിലും ഏർപ്പെട്ടിരിക്കുന്നവർ ലൈവ് ഡേറ്റയ്ക്ക് പകരം കൃത്രിമ വിവരങ്ങളും പരീക്ഷണ ലോഗിനുകളും മാത്രമേ ഉപയോഗിക്കാവൂ എന്നും വ്യക്തമാക്കി. എഐ വികസനത്തിന്റെ വേഗം നിയന്ത്രിക്കണമെന്ന് ഗവേഷകർ ആവശ്യപ്പെടുന്നതിനിടെയാണ് ഇന്ത്യയിലും നുഴഞ്ഞുകയറ്റമുണ്ടായത്.

# ഇന്ദു ട്രീസ ജോച്ചനും ഡോ. ഇ.ഐ. അനിലയ്ക്കും ഇന്ത്യൻ പേറ്റന്റ്

എടത്വ: സെന്റ് അലോഷ്യസ് കോളജ് ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രഫസറും ബംഗളൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ഗവേഷകയുമായ ഇന്ദു ട്രീസ ജോച്ചനും ബംഗളൂരു ക്രൈസ്റ്റ് സർവകലാശാലാ ഫിസിക്സ് പ്രഫസർ ഡോ. ഇ.ഐ. അനിലയ്ക്കും ഇന്ത്യൻ പേറ്റന്റ്. ഗ്ലാസ് സബ് സ്ട്രേറ്റുകളിൽ സിങ്ക് ഗാലേറ്റ് തിൻ ഫിലിംസ് നേരിട്ട്



ഇന്ദു ട്രീസ ജോച്ചൻ



ഡോ. ഇ.ഐ. അനില

നിർമിക്കുന്നതിനുള്ള ഹൈഡ്രോ തെർമൽ രീതി കണ്ടെത്തിയ ഗവേഷണത്തിനാണ് ഇരുവർക്കും പേറ്റന്റ് ലഭിച്ചത്. 2026 ഫെബ്രുവരി ആറു മുതൽ 20 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള ഈ പേറ്റന്റ് ഒക്ടോബർ 14-നാണ് ഇന്ത്യയുടെ പേറ്റന്റ് ഓഫീസ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

കുറഞ്ഞ ഊർജം ഉപയോഗിച്ച് ഗ്ലാസിലേക്ക് സിങ്ക് ഗാലേറ്റ് തിൻ ഫിലിംസ് ഉറപ്പിച്ചു നിർത്തുന്ന ഈ പരിസ്ഥിതി സൗഹൃദ നിർമാണ രീതി, ഒപ്റ്റോ-ഇലക്ട്രോണിക് ഉപകരണങ്ങൾ, എൽഇഡി ഡിസ്പ്ലേ, യുവി സെൻസറുകൾ, സോളാർ സെല്ലുകൾ എന്നിവയുടെ കാര്യക്ഷമത വർധിപ്പിക്കാൻ ഏറെ പ്രയോജനപ്പെടും. ഹൈഡ്രോ തെർമൽ രീതി ഉപയോഗിച്ച് ഗ്ലാസുകളിൽ സിങ്ക് ഗാലേറ്റ് ആവരണം ചെയ്യുന്നത് പ്രകാശതീവ്രതയെ നിയന്ത്രിക്കാൻ കഴിയുമെന്ന് ഈ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. സങ്കീർണവും ഉയർന്ന ചെലവുള്ളതുമായ സാങ്കേതികവിദ്യകൾക്കു പകരം ലളിതമായ ഹൈഡ്രോതെർമൽ സജ്ജീകരണങ്ങളിലൂടെ ഉയർന്ന സ്ഥിരതയുള്ള പാളികൾ കൃത്യതയോടെ വളർത്തിയെടുക്കാം എന്നതും ഈ കണ്ടുപിടിത്തത്തിന്റെ സവിശേഷതയാണ്.

ചങ്ങനാശേരി അതിരൂപത പാസ്റ്റൽ കൗൺസിൽ സെക്രട്ടറിയും എടത്വ സെന്റ് അലോഷ്യസ് കോളജ് മുൻ പ്രിൻസിപ്പലും പുന്നപ്ര ഗ്രിഗോറിയോസ് കോളജിന്റെ പ്രിൻസിപ്പലുമായ എടത്വ കൊഴുപ്പക്കളത്തിൽ ഡോ. ജോച്ചൻ ജോസഫിന്റെയും കിടങ്ങറ വെറ്ററിനറി ആശുപത്രി സീനിയർ വെറ്ററിനറി സർജൻ ഡോ. ഈതൽ ദാസിന്റെയും മകളാണ് ഇന്ദു ട്രീസ ജോച്ചൻ. ബംഗളൂരു ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് ഗ്രൂപ്പിലെ ഏരിയ കൺട്രോളർ അലക്സ് ഏബ്രഹാമാണ് ഭർത്താവ്.

എറണാകുളം ഇടപ്പള്ളി സാകല്യം വീട്ടിൽ ഡോ. എൻ. സുരേഷിന്റെ ഭാര്യയായ ഡോ. ഇ.ഐ. അനില നേടുന്ന അഞ്ചാമത്തെ പേറ്റന്റാണിത്.



# ജർമനിയിൽ റസിഡൻഷ്യൽ അപ്പാർട്ടുമെന്റ് സമുച്ചയത്തിലുണ്ടായ തീപിടിത്തത്തിൽ മൂന്നു മലയാളികൾ കൊല്ലപ്പെട്ടു

ബെർലിൻ: പടിഞ്ഞാറൻ ജർമൻ നഗരമായ ബോഹുമിലെ റസിഡൻഷ്യൽ അപ്പാർട്ടുമെന്റ് സമുച്ചയത്തിലുണ്ടായ വൻ തീപിടിത്തത്തിൽ മൂന്നു മലയാളികൾ ദാരുണമായി മരിച്ചു. ഇടുക്കി കട്ടപ്പന ശാന്തിഗ്രാം കൊച്ചിടേട്ടേൽ റിട്ട. എസ്ഐ കെ.പി. സാബുവിന്റെ മകൾ നോവ സാബു (26), കൊല്ലം ചെമ്മക്കാട് സെ. സെബാസ്റ്റ്യൻസ് പള്ളിക്കു സമീപം അശ്വിനി നിവാസിൽ ജോയ്-ഷീല ദമ്പതികളുടെ മകൾ അഞ്ജലി (25), എറണാകുളം കാലടി സ്വദേശി സിവിൻ ജോണി (29) എന്നിവരാണ് മരിച്ചത്. സംഭവത്തിൽ അഞ്ചു പേർക്ക് പരുക്കേൽക്കുകയും ചെയ്തു.



ഒക്ടോബർ 13-ന് ചൊവ്വാഴ്ച പുലർച്ചെ 4.15-ന് ബഹുനില കെട്ടിടത്തിലായിരുന്നു അപകടം. മരിച്ച മൂന്നു പേരും രണ്ടാഴ്ച മുമ്പു മാത്രമാണ് ഈ കെട്ടിടത്തിലെ രണ്ടാംനിലയിൽ അപ്പാർട്ടുമെന്റിൽ താമസത്തിനെത്തിയത്.

തീപിടിത്തം ആസൂത്രിതമാണെന്നു കണ്ടെത്തിയതോടെ ഈ കെട്ടിടത്തിൽ താമസിക്കുന്ന റുമേനിയൻ സ്വദേശിയായ 41-കാരനെ പോലീസ് അറസ്റ്റ് ചെയ്തു. തീവെയ്പ് മലയാളികളെ ലക്ഷ്യമിട്ടായിരുന്നില്ലെന്നാണ് സൂചന. താഴത്തെ നിലയിലെ ഇടനാഴിയിൽ സൂക്ഷിച്ചിരുന്ന കുട്ടികളുടെ സ്ട്രോളറുകൾക്ക് തീവെച്ചതാകാമെന്നും തുടർന്ന് തീ മുകളിലേക്കുള്ള തടി ഗോവണിയിലേക്ക് ആളിപ്പടർന്നതാണ് വലിയ ദുരന്തത്തിനു കാരണമെന്നുമാണ് പോലീസിന്റെ പ്രാഥമിക നിഗമനം. കെട്ടിടത്തിൽ നിന്ന് പുറത്തിറങ്ങാനുള്ള ഏകവഴിയായ തടിഗോവണി പൂർണമായി കത്തുകയും ഇടവഴിയിലാകെ കനത്ത പുകയും ചൂടും പടരുകയും ചെയ്തത് രക്ഷാപ്രവർത്തനം ദുഷ്കരമാക്കി.

തീ നിയന്ത്രണവിധേയമായ ശേഷം നടത്തിയ തെരച്ചിലിലാണ് രണ്ടാം നിലയിലെ ഫ്ളാറ്റിൽ മലയാളികളെ മരിച്ച നിലയിൽ കണ്ടെത്തിയത്. തീ പിടിത്തത്തിനു തലേദിവസം ഈ കെട്ടിടത്തിലെ താമസക്കാർ തമ്മിൽ തർക്കമുണ്ടായിരുന്നു. ഈ സംഭവത്തിന് തീപിടിത്തവുമായി ബന്ധമുണ്ടോയെന്ന് പോലീസ് അന്വേഷിക്കുകയാണ്.

നോവയുടെ അമ്മ ജ്യോതി ചെമ്പകപ്പാറ പിഎച്ച്സിയിലെ നേഴ്സാണ്. ജിം ട്രെയിനറായ നോവ ജൂലൈ മൂന്നിനാണ് ജർമനിയിലെത്തിയത്. രണ്ടാഴ്ച മുമ്പാണ് സിവിൻ ജർമനിയിൽ എത്തിയത്. അമ്മ പരേതയായ ലിസി. സഹോദരി സിമി (അയർലൻഡ്). സഹോദരൻ സാൽവിൻ (ജർമനി).

# വേൾഡ് കൊളോക്വിയത്തിൽ മലയാളി ഗവേഷക

വെനീസ്: ഇറ്റലിയിലെ വെനീസ് ഇയുആവ് സർവകലാശാലയിൽ നടക്കുന്ന മൂന്നാമത് വേൾഡ് കൊളോക്വിയം ഓൺ എക്സിസ്റ്റൻഷ്യൽ പോസ്റ്റ്ഹ്യൂമനിസത്തിൽ ചെന്നൈ സ്റ്റെല്ല മേരിസ് കോളജ് (ഓട്ടോണമസ്) ഇംഗ്ലീഷ് വിഭാഗത്തിലെ ഗവേഷക ഏയ്ഞ്ചൽ എലിസബത്ത് സെബാസ്റ്റ്യൻ പ്രബന്ധം അവതരിപ്പിക്കുന്നു. സാമൂഹികവും പാരിസ്ഥിതികവും സാങ്കേതികവുമായ പ്രതിസന്ധികൾ നേരിടുന്ന ഇന്നത്തെ ലോകത്ത്, അസ്തിത്വത്തെ മനുഷ്യനിൽ മാത്രം ഒതുങ്ങുന്നതായി കാണാതെ, പ്രകൃതിയും ഇതര ജീവജാലങ്ങളും ഉൾപ്പെടുന്ന പരസ്പര ബന്ധങ്ങളുടെ ശൃംഖലയായി പുനർവിചിന്തനം ചെയ്യുകയാണ് കൊളോക്വിയത്തിന്റെ ലക്ഷ്യം. മേൽക്കോയ്മയിലും ചൂഷണത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾക്കു പകരം പരസ്പരാശ്രയത്തിലും കരുതലിലും ഊന്നിയ സഹവർത്തിത്വം എങ്ങനെ സാദ്ധ്യമാക്കാമെന്ന് സമ്മേളനം ചർച്ച ചെയ്യും. ന്യൂയോർക്ക് സർവകലാശാലയിലെ ഡോ. ഫ്രാൻചെസ്ക ഫെറാൻഡോ ഉൾപ്പെടെയുള്ളവരാണ് മുഖ്യപ്രഭാഷകർ.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഗവേഷകർ പങ്കെടുക്കുന്ന കൊളോക്വിയത്തിൽ പ്രബന്ധം അവതരിപ്പിക്കുന്ന നാല് ഇന്ത്യക്കാരിൽ ഏകമലയാളിയാണ് ഏയ്ഞ്ചൽ. പന്ത്രണ്ടാം നൂറ്റാണ്ടിലെ ജർമൻ ബെനഡിക്ടൻ സന്യാസിനിയും മിസ്റ്റിക്കുമായ ഹിൽഡഗാർഡ് ഓഫ് ബിൽഗൻ പ്രകൃതിയിലെ ജീവദായകമായ ഹരിതശക്തിയെക്കുറിച്ച് പങ്കുവെച്ച ദർശനം ഇന്നത്തെ പാരിസ്ഥിതിക പ്രതിസന്ധിയിൽ ഭൂമിയിലെ സഹവർത്തിത്വത്തിനുള്ള മാതൃകയാകുന്നത് എങ്ങനെയെന്ന് അന്വേഷിക്കുന്ന പ്രബന്ധമാണ് അവതരിപ്പിക്കുന്നത്. ഗവേഷണ മാർഗദർശി ഡോ. മിരുണ ജോർജുമായി ചേർന്നാണ് പ്രബന്ധം തയ്യാറാക്കിയത്.

മിസ്റ്റിക് കവിതയും ഫിസോസഫിക്കൽ പോസ്റ്റ്ഹ്യൂമനിസവും തമ്മിലുള്ള സംവാദമാണ് ഏയ്ഞ്ചലിന്റെ ഗവേഷണമേഖല. കേരളത്തിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി പൊടിമറ്റത്ത് വള്ളിയാംതടത്തിൽ കുടുംബാംഗമായ ഏയ്ഞ്ചൽ അദ്ധ്യാപനരംഗത്തും പ്രവർത്തിക്കുന്നു. ചെന്നൈയിൽ ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥനായ ചിറ്റടി ജീരകത്തിൽ ജാക്ക് ഭർത്താവ്. മകൻ ആൻഡ്രു.

# മലയാളി യുവശാസ്ത്രജ്ഞയ്ക്ക് ബ്രിട്ടനിൽ പുരസ്കാരം



കോലഞ്ചേരി: ജർമനിയിലെ വോക്കോ പ്രൈസ് ഫോർ ഡെന്റൽ റിസർച്ച് പുരസ്കാരം കേരളത്തിൽനിന്നുള്ള യുവശാസ്ത്രജ്ഞ ഡോ. എമിലി സാറാ തമ്പിക്ക്. ബ്രിട്ടീഷ് സൊസൈറ്റി ഫോർ ഡെന്റൽ റിസർച്ചിന്റെ വാർഷിക സമ്മേളനത്തിൽ പുരസ്കാരം കൈമാറി.

ലണ്ടനിലെ പ്രശസ്തമായ ക്വീൻ മേരി യൂണിവേഴ്സിറ്റിയിലെ ഗവേഷകയാണു ഡോ. എമിലി. യുവശാസ്ത്രജ്ഞർ ദന്തമേഖലയിൻ നടത്തുന്ന മികച്ച ഗവേഷണങ്ങൾക്കാണു ജർമനിയിലെ വോക്കോ കമ്പനി ഏർപ്പെടുത്തിയ ഈ പുരസ്കാരം നൽകുന്നത്. കോലഞ്ചേരി പുതുപ്പനം സ്വദേശിയായ തമ്പി ജോൺസന്റെയും ഷീല തമ്പിയുടെയും മകളാണ് ഡോ. എമിലി സാറാ തമ്പി.

# പൈലറ്റുമാർക്ക് മലയോര പറക്കൽ പരിചയം നിർബന്ധമാക്കുന്നു

ന്യൂഡൽഹി: കേദാർനാഥ് താഴ്വര പോലുള്ള സങ്കീർണമായ മലയോരമേഖലകളിൽ ഹെലികോപ്റ്റർ സർവീസുകൾ നടത്തുന്ന പൈലറ്റുമാർക്ക് പ്രത്യേക പറക്കൽ പരിചയം നിർബന്ധമാക്കണമെന്ന് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എ.എ.ഐ.ബി) ശുപാർശ ചെയ്തു.

കഴിഞ്ഞവർഷം ജൂണിൽ ഏഴുപേരുടെ മരണത്തിനിടയാക്കിയ ഹെലികോപ്റ്റർ അപകടത്തിന്റെ അന്തിമ അന്വേഷണ റിപ്പോർട്ടിലാണ് വ്യോമയാന മന്ത്രാലയത്തിനു കീഴിലെ ഏജൻസി ഈ നിർദേശം മുന്നോട്ടുവെച്ചത്.

ആര്യൻ ഏവിയേഷന്റെ ബെൽ 407 ഹെലികോപ്റ്റർ തകർന്നുണ്ടായ അപകടത്തിന് പ്രധാന കാരണം പൈലറ്റിന്റെ മലയോര പറക്കൽ പരിചയക്കുറവും പ്രതികൂല കാലാവസ്ഥയുമാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. ഹെലികോപ്റ്ററിന് സാങ്കേതികത്തകരാർ ഉണ്ടായിരുന്നില്ല. അപകടകരമായ സാഹചര്യമായിട്ടും യാത്രതിരിച്ചുവിടാൻ പൈലറ്റ് തയാറായില്ല. മേഘാവൃത അന്തരീക്ഷത്തിൽ ദിശാബോധം നഷ്ടപ്പെട്ട ഹെലികോപ്റ്റർ മലനിരയിൽ ഇടിക്കുകയായിരുന്നെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

# പുതിയ ഡേറ്റാ നയത്തിന് സർക്കാരിന്റെ അംഗീകാരം

തിരുവനന്തപുരം: ഐ.ടി വികസനം ലക്ഷ്യംവെച്ച് പൊതുവിവരം സ്വകാര്യ കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും കൈമാറാൻ അനുമതി നൽകുന്ന ഡേറ്റാ നയവുമായി സർക്കാർ. കർശന സുരക്ഷാമാനദണ്ഡം പാലിച്ചായിരിക്കും പൊതു വിവരം വാണിജ്യാടിസ്ഥാനത്തിൽ നൽകുക. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര ഡേറ്റാ ഗവേണൻസ് സമിതിയുടെ നിയന്ത്രണത്തിലായിരിക്കും വിവരകൈമാറ്റം. വ്യക്തിഗതവിവരവും രാജ്യസുരക്ഷയെ ബാധിക്കുന്ന അതീവ രഹസ്യസ്വഭാവമുള്ളതുമായ വിവരം കൈമാറില്ല. വിവിധ വകുപ്പുകളുടെ കൈവശമുള്ള വാണിജ്യമൂല്യമുള്ള ഇന്റേണൽ ഡേറ്റയാണ് കൈമാറുക. സ്വകാര്യ കമ്പനികൾക്ക് ഏതൊക്കെ വിവരം നൽകണമെന്നതും ഇതിനുള്ള നിരക്ക് തീരുമാനിക്കുന്നതും ഉന്നതാധികാര സമിതിയായിരിക്കും. ഇത്തരം വിവരം കൈമാറുമ്പോൾ വ്യക്തികളെ തിരിച്ചറിയാൻ സഹായിക്കുന്ന കാര്യങ്ങൾ പൂർണമായും ഒഴിവാക്കും. കമ്പനികളുടെ ആവശ്യങ്ങൾക്കനുസരിച്ച് നിരക്ക് ഈടാക്കും. സ്റ്റാർട്ടപ്പുകൾക്കും വലിയ കമ്പനികൾക്കും വ്യത്യസ്തനിരക്കാകും. ഇതിലൂടെ ലഭിക്കുന്ന വരുമാനം ഐ.ടി. വികസനത്തിനും പൊതു സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കും.






KERALA EXPRESS പ്രവാസി താളുകൾ

# Medicare Basics: Original Medicare, Medigap or Medicare Advantage?

*The choice you make when you first enroll is easy to get wrong and hard to undo. Here is how the options differ.*

Joseph Mathews Pallathadathil



It is Medicare enrollment season. If you are eligible, your mailbox, phone and TV are probably full of ads, calls and offers, and much of it is confusing.

Medicare is a big subject, and one article cannot cover all of it. This one focuses on the choice where many people go wrong, or do not realize they have a choice at all. Other topics will follow in future articles.

## Four names, three different things

Many people use these terms as if they meant the same thing. They do not, and knowing the difference can save you a lot of money and trouble.

- **Original Medicare (often just "Medicare").** This is health insurance from the federal government. It is run by a government agency called the Centers for Medicare & Medicaid Services, or CMS.
- **Medigap (also called Medicare Supplement).** These two names mean the same thing. A Medigap plan is sold by a private insurance company. It helps pay costs that Original Medicare leaves to you, which is why it is said to fill the "gaps."
- **Medicare Advantage (also called Medicare Part C).** Both names mean the same thing. This is privatized Medicare. When you join, the federal government hands your coverage to a private insurance company and pays that company a fixed monthly amount to cover you. The government is no longer your insurer. It becomes the company's paying customer.

## Your first choice

When you first sign up for Medicare, you start in Original Medicare. That means the federal government is your insurer. Your red, white and blue "Medicare Health Insurance" card arrives in the mail. At that point you have three choices:

1. **Do nothing.** You stay in Original Medicare. You can see any doctor or use any hospital that accepts Medicare. You need no referrals, and there is no network. The catch is that you pay about 20 percent of most services, plus hospital charges, and there is no limit on what you could owe. A serious illness could be financially devastating.
2. **Add a Medigap plan.** You stay in Original Medicare, and the federal government is still your insurer. The Medigap company covers most of the 20 percent and the hospital charges you would otherwise pay. As in choice one, you can see any doctor or hospital that accepts Medicare, with no network and no referrals.
3. **Join Medicare Advantage.** You leave the federal government's insurance program. A private insurance company becomes your insurer, and the government pays it a monthly amount for you.

Many people wrongly think a Medicare Advantage plan is the same as a Medigap plan. It is not. Moving from Original Medicare to Medicare Advantage changes how your care is approved and paid for, and the effects may not show up until you need care years later.

## A one-time window to buy Medigap

Federal law gives you a six-month Medigap Open Enrollment Period. It starts the first month you have Medicare Part B and are 65 or older. During this window you can buy any Medigap policy, and the company cannot turn you down or charge you more because of your health.

This window matters. If you miss it, you may not be able to get a Medigap plan at all, or you may pay a higher premium, depending on your health.

## Original Medicare plus Medigap vs. Medicare Advantage

Knowing how these two options differ, and what each decision leads to, is critical. The diagrams below show how each one works.

### *Original Medicare plus Medigap*

- **The federal government is your insurer.** Doctors and hospitals send their bills to the government agency. No private insurance company has to approve your care.
- **There is no network.** You can get treatment from any health care provider in the United States who accepts Medicare.
- **You and your doctor decide on treatment.** The Medigap company has no say.
- **It lasts for life.** Once you are enrolled, Medigap plans do not change from year to year.
- **You pay a monthly premium, and it rises as you age.** In return, you do not have to worry about large medical bills. The main exception is the yearly Part B deductible, which is only a few hundred dollars.

### *Medicare Advantage*

- **This is privatized Medicare.** The federal government is not your insurer. A private company is.
- **Network rules apply.** You usually must use the plan's doctors and hospitals. You pay deductibles and copays until you reach the plan's yearly out-of-pocket limit.
- **You need approval for some care.** This is called prior authorization. The insurance company can say no or ask you to try something cheaper. For many people it is the biggest drawback of these plans.
- **Plans last for one year.** Costs and benefits can change from one year to the next.
- **Doctors and hospitals can leave the network.** They can drop out at any time, even in the middle of the year.
- **Many plans charge no extra monthly premium.** They often bundle in drug, dental and vision coverage. You still pay your regular Part B Premium.

### *At a glance*

| | Original Medicare + Medigap | Medicare Advantage |
|---|---|---|
| **Who is your insurer?** | The federal government. The Medigap company pays most of the rest. | A private insurance company. |
| **Choosing doctors** | Any doctor or hospital in the U.S. that accepts Medicare. | Usually the plan's network only. |
| **Approval before care** | None from an insurer. | Required for many costly tests and treatments. |
| **Plan changes** | Medigap benefits stay the same from year to year. | Plans can change every year. |
| **Monthly premium** | Yes, and it rises as you age. | Often $0 for the plan itself. You still pay the Part B premium. |
| **If you get seriously ill** | No surprise bills. You pay the Part B deductible, a few hundred dollars a year. | Copays and coinsurance, up to the plan's yearly out-of-pocket limit. |

## Which one is right for you?

You cannot have both Original Medicare and Medicare Advantage at the same time. If you are new to Medicare or about to turn 65, ask yourself which of these sounds more like you.

**Medicare Advantage** may suit you if you are generally healthy, do not expect serious health problems and do not travel much. You should also be comfortable staying within a network, getting approval before some care, and paying up to the plan's yearly out-of-pocket limit.

**Original Medicare plus Medigap** may suit you if you want to choose your own doctor and hospital, as long as they accept Medicare, without referrals or prior approval. It also suits people who want to avoid big medical bills and want coverage that is guaranteed for life.

Whichever you choose, compare the costs and rules before you decide, and make sure you know what you are giving up. A choice made in a hurry is hard to reverse.

# 103-ാമത് ഐപിസി ജനറൽ കൺവൻഷൻ ജനുവരി 17 മുതൽ കുമ്പനാട്ട്; ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**ജോയ് തുമ്പമൺ**

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ (ഐപിസി) 103-ാമത് ജനറൽ കൺവൻഷൻ 2027 ജനുവരി 17 മുതൽ 24 വരെ കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കും. 'വിശ്വസ്തത' എന്നതാണ് ഇത്തവണത്തെ സമ്മേളന പ്രമേയം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകരും പങ്കെടുക്കുന്ന കുമ്പനാട് കൺവൻഷന്റെ ഒരുക്കങ്ങൾ പുരോമിക്കുന്നു.

ജനുവരി 17-ന് ഞായറാഴ്ച വൈകിട്ട് 5.30-ന് ഐപിസി ജനറൽ പ്രസിഡണ്ട് പാസ്റ്റർ ഡോ. ടി. വൽസൻ ഏബ്രഹാം കൺവൻഷൻ ഉദ്ഘാടനം ചെയ്യും. കൺവൻഷനു മുന്നോടിയായി ജനുവരി 12 മുതൽ 15 വരെ നടക്കുന്ന നാഷണൽ പാസ്റ്റേഴ്സ് കോൺഫറൻസും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ആത്മീയ ഒരുക്കങ്ങളുടെ ഭാഗമായി ഹെബ്രോൻപുരത്തെ പ്രയർ ചേംബറിൽ നടക്കുന്ന 103 ദിവസത്തെ ഉപവാസ പ്രാർത്ഥന ജനുവരി 11-ന് സമാപിക്കും.

കൺവൻഷൻ ദിവസങ്ങളിൽ രാവിലെ 5 മുതൽ 6 വരെ പ്രഭാത പ്രാർത്ഥന, 8 മുതൽ 9.30 വരെ ബൈബിൾ ക്ലാസ്, 10 മുതൽ 12.30 വരെ പകൽ പൊതുയോഗം, വൈകിട്ട് 5.25 മുതൽ രാത്രി 8.45 വരെ പൊതുയോഗം എന്നിവ നടക്കും.




തിങ്കൾ, ചൊവ്വ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മുതൽ 4 വരെ മ്യൂസിക് ഫെസ്റ്റ്, മിഷൻ ആൻഡ് മിനിസ്ട്രി സമ്മേളനങ്ങൾ എന്നിവയും സംഘടിപ്പിക്കും. എല്ലാ ദിവസവും രാവിലെ 10 മുതൽ 12.30 വരെ മമ്രെ കോർട്ടിൽ ഹിന്ദി സമ്മേളനവും നടക്കും.

വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെ വിമൻസ് ഫെലോഷിപ്പ് സമ്മേളനവും ശനിയാഴ്ച ഇതേ സമയത്ത് ജനറൽ സൺഡേസ്കൂൾ - പിവൈപിഎ സംയുക്ത സമ്മേളനവും നടക്കും. സമാപന ദിവസമായ ജനുവരി 24-ന് ഞായറാഴ്ച രാവിലെ 7.30 മുതൽ 10 വരെ കർത്തൃമേശ ശുശ്രൂഷയും തുടർന്ന് 10 മുതൽ 12 വരെ സമാപന സമ്മേളനവും നടക്കും.

ലോകമെമ്പാടുമുള്ള 17,000-ത്തിലധികം ഐപിസി പ്രാദേശിക സഭകളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്കു പുറമെ അമേരിക്ക, കാനഡ, യൂറോപ്പ്, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിശ്വാസികളും ശുശ്രൂഷകരും എത്തും. വിവിധ സമ്മേളനങ്ങളിൽ കൺവൻഷൻ ക്വയർ സംഗീതാരാധനയ്ക്ക് നേതൃത്വം നൽകും. പ്രമുഖ സംഗീതജ്ഞരും ഗായകരും ക്വയറിനൊപ്പം അണിനിരക്കും.

കൺവൻഷന്റെയും നാഷണൽ പാസ്റ്റേഴ്സ് കോൺഫറൻസിന്റെയും സുഗമമായ നടത്തിപ്പിനായി ഐപിസി ജനറൽ കൗൺസിൽ വിവിധ ക്രമീകരണങ്ങൾക്കായി ഉപസമിതികൾ രൂപീകരിച്ചു.

പ്രാർത്ഥന- പാസ്റ്റർ കെ.പി. കുര്യൻ, സംഗീതം- പാസ്റ്റർ ഡോ. ടി. വൽസൻ ഏബ്രഹാം, പബ്ലിസിറ്റി- പാസ്റ്റർ ബിജോയ് കുര്യാക്കോസ്, സ്വീകരണം- പാസ്റ്റർ റെജി ഓതറ, താമസസൗകര്യം- പാസ്റ്റർ പി.ജി. ഏബ്രഹാം, വിജിലൻസ്, സുരക്ഷ, വോളന്റിയേഴ്സ്- ലെഫ്. കേണൽ വി.ഐ. ലൂക്ക്, പന്തൽ, ലൈറ്റ് ആൻഡ് സൗണ്ട്- ഡോ. കാച്ചാണത്ത് വർക്കി ഏബ്രഹാം, ഭക്ഷണം- ജനറൽ എക്സിക്യൂട്ടീവ്സ്, കർത്തൃമേശ- പാസ്റ്റർ വിൽസൺ ജോസഫ്, രജിസ്ട്രേഷൻ- പാസ്റ്റർ കെ.എം. ജോർജ്, ഗതാഗതം- ചെറിയാൻ ജോർജ്, കൗൺസലിങ്- പാസ്റ്റർ ജെയിംസ് ചാക്കോയും ഭാര്യയും, ഓഫറിങ് കളക്ഷൻ- ബാബു മാത്യു, ഹിന്ദി സമ്മേളനം- പാസ്റ്റർ കെ. കോശി, യൂത്ത് അഡ്വാൻസ്- പാസ്റ്റർ കിങ്സ്ലി ചെല്ലൻ, പാർക്കിങ്- ലെഫ്. കേണൽ വി.ഐ. ലൂക്ക്, മെഡിക്കൽ- ഡോ. ജോർജ് ടി. തോമസ്, ഫിനാൻസ്- ഡോ. ജോൺ ജോസഫ്, ഓഫീസ് ആൻഡ് കൗണ്ടിങ്- പാസ്റ്റർ കെ.പി. കുര്യൻ, പൊല്യൂഷൻ ആൻഡ് ഹെൽത്ത്- ഡോ. ജോൺ ജോസഫ്, മീഡിയ- പാസ്റ്റർ ഡോ. ബേബി വർഗീസ്, പബ്ലിക് റിലേഷൻസ്- പാസ്റ്റർ തോമസ് ജോർജ് എന്നിവർ നേതൃത്വം നൽകും.

ഐപിസി ജനറൽ പ്രസിഡണ്ട് പാസ്റ്റർ ഡോ. ടി. വൽസൻ ഏബ്രഹാം, വൈസ് പ്രസിഡണ്ട് പാസ്റ്റർ ഡോ. ഫിലിപ്പ് പി. തോമസ്, ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. ബേബി വർഗീസ്, ജനറൽ ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ തോമസ് ജോർജ്, ഡോ. കാച്ചാണത്ത് വർക്കി ഏബ്രഹാം, ജനറൽ ട്രഷറർ ഡോ. ജോൺ ജോസഫ് എന്നിവരുടെ നേതൃത്വത്തിലാണ് കൺവൻഷൻ ഒരുക്കങ്ങൾ നടക്കുന്നത്.

താമസം, ഭക്ഷണം, ഗതാഗതം, സുരക്ഷ, പാർക്കിങ്, മെഡിക്കൽ സേവനം, രജിസ്ട്രേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി പബ്ലിസിറ്റി ചെയർമാൻ പാസ്റ്റർ ബിജോയ് കുര്യാക്കോസ്, കൺവീനർ പാസ്റ്റർ വർഗീസ് മത്തായി, ജോയിന്റ് കൺവീനർമാരായ ഫിന്നി പി. മാത്യു, ജോയ് തുമ്പമൺ, ഫിന്നി രാജു ഹൂസ്റ്റൺ എന്നിവർ അറിയിച്ചു.

# ഡാളസ് ക്രിസ്തുരാജൻ ഇടവക തിരുനാൾ നവംബർ 15 മുതൽ 22 വരെ

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ക്രിസ്തുരാജൻ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിലെ പ്രധാന തിരുനാൾ നവംബർ 15 മുതൽ 22 വരെ ഭക്ത്യാദരപൂർവം നടത്തപ്പെടും. ഈ വർഷം ദമ്പതികളുടെ നേതൃത്വത്തിലാണ് തിരുനാൾ നടത്തപ്പെടുന്നത്. ഒരാഴ്ച നീണ്ടുനിൽക്കുന്ന തിരുനാൾ ആഘോഷങ്ങൾ വിവിധ പരിപാടികൾ കോർത്തിണക്കി വിപുലമായി നടത്താൻ തീരുമാനിച്ചു. ഇടവകയിലെ കൂടാരയോഗങ്ങളുടെ നേതൃത്വത്തിൽ രണ്ട് ദിവസങ്ങളിലായി കലാപരിപാടികളും ക്രമീകരിക്കും. തിരുനാൾ പ്രസുദേന്തി കോ-ഓർഡിനേറ്റേഴ്സായി സൈമൺ ചാമക്കാല, അബീന മടയനകാവിൽ എന്നിവരെ പ്രത്യേകമായി തെരഞ്ഞെടുത്തു.




# വാൻകൂവറിൽ ജെനസിസ് ഫാമിലി കോൺഫറൻസ് ഒക്ടോബർ 30 മുതൽ നവംബർ 1 വരെ

**ഫിന്നി രാജു ഹൂസ്റ്റൺ**

വാൻകൂവർ (കാനഡ): ജെനസിസ് കാനഡ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജെനസിസ് ഫാമിലി കോൺഫറൻസ് ഒക്ടോബർ 30 മുതൽ നവംബർ ഒന്നു വരെ ബ്രിട്ടീഷ് കൊളംബിയയിലെ സറേ ഈസ്റ്റ്-ക്ലോവർഡെയിൽ ഹോളിഡേ ഇന്നിൽ നടക്കും. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ആത്മീയ സംഗമത്തിൽ പാസ്റ്റർ ടിജി ജോർജ്, ഇവാഞ്ചലിസ്റ്റ് ചാർളി സാം ബാബു, പാസ്റ്റർ ഷിബു തോമസ് എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും.

ജെനസിസ് കാനഡ മിനിസ്ട്രീസിന്റെ സ്ഥാപകനും പ്രസിഡണ്ടുമായ ഇവാഞ്ചലിസ്റ്റ് ചാർളി സാം ബാബുവിന്റെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ക്രിസ്തീയ കുടുംബങ്ങളുടെ ആത്മീയ ഉന്നമനം, കുടുംബബന്ധങ്ങളുടെ ദൃഢീകരണം, വിശ്വാസികളുടെ ഐക്യം എന്നിവ ലക്ഷ്യമിട്ടാണ് ജെനസിസ് കാനഡ മിനിസ്ട്രീസ് പ്രവർത്തിക്കുന്നത്. കുടുംബങ്ങളെയും സമൂഹങ്ങളെയും ആത്മീയമായി ശക്തിപ്പെടുത്തുന്നതിനൊപ്പം സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയെന്നതും മിനിസ്ട്രീസിന്റെ ലക്ഷ്യമാണ്. ഡയറക്ടർമാരായ ഷെറി വർമ്മ, ജെഫിൻ തോമസ്, ലിംസൺ സീമോൻ, അനീഷ് തങ്കച്ചൻ എന്നിവർ സമ്മേളനത്തിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം നല്കുന്നു. ഫിന്നി രാജു ഹൂസ്റ്റൺ മീഡിയ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.

ആരാധന, ദൈവവചന ശുശ്രൂഷകൾ, ആത്മീയ കൂട്ടായ്മകൾ എന്നിവയ്ക്ക് പ്രാധാന്യം നല്കുന്ന സമ്മേളനം ക്രിസ്തീയ കുടുംബങ്ങളുടെ വിശ്വാസജീവിതം ശക്തിപ്പെടുത്തുന്നതിനും പരസ്പര സ്നേഹവും ഐക്യവും വളർത്തുന്നതിനും വേദിയാകുമെന്ന് സംഘാടകർ അറിയിച്ചു.

സമ്മേളനത്തിലേക്കുള്ള രജിസ്ട്രേഷൻ അവസാനിച്ചു. മൂന്നു ദിവസത്തെ സമ്മേളനത്തിനായുള്ള അവസാനഘട്ട ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. കൂടുതൽ വിവരങ്ങൾക്ക്: 778 321 9895.



# THE RETIREMENT BLUEPRINT

## 7 Financial Moves Every Malayalee Family Should Consider

*A practical guide for retirees and those approaching retirement*

**By Tom Sunny, CFP®, CLU®, RICP® | Sunny Financial Strategies, LLC**

You have worked hard to provide for the people who depend on you, whether they live down the street or back home in Kerala. The decisions you make in the years just before and after retirement will shape your income, your taxes, and what you leave behind. Here are seven moves worth reviewing now.

### 1. Time Your Social Security Claim Carefully

You can claim as early as 62, but for anyone born in 1960 or later, full retirement age is 67, and each year you wait past that adds 8% to your check, up to age 70. A $2,000 monthly benefit at 67 becomes about $1,400 at 62, or about $2,480 at 70, for life, plus cost-of-living increases. Couples who coordinate their claims can also secure a larger survivor benefit, especially when one spouse started working later after immigrating.

### 2. Know Your Options for Your 401(k), 403(b), 457(b), or TSP

When you retire or change jobs, you can generally leave your workplace plan where it is, move it to a new employer's plan, roll it into an IRA, or cash it out. Many workplace plans, including the federal Thrift Savings Plan (TSP), offer a limited menu of funds. An IRA can open the door to a much wider range of options for **growth**, broader **diversification**, and **guarantees** backed by the claims-paying ability of the issuing insurance company, and lets you consolidate old accounts. Withholding also differs. If your plan pays money to you, the plan must withhold **20%** for federal taxes, and to roll over the full balance you must replace that 20% from other savings within 60 days or it is taxed. A direct rollover avoids this, and with an IRA you can generally **choose how much to withhold** on each withdrawal. Workplace plans have strengths too: the TSP has very low costs, governmental 457(b)s carry no 10% early-withdrawal penalty, and many plans allow penalty-free access if you leave your job at 55 or later. Compare carefully before you decide.

### 3. Withdraw in the Right Order

Most retirees hold three kinds of money: **tax-deferred** (traditional IRAs and workplace plans, taxed as income), tax-free (Roth accounts), and **taxable** (brokerage and savings, where generally only gains are taxed). Pulling from whichever account is most convenient can cost tens of thousands of dollars in avoidable taxes. It also helps to know the difference between your **tax bracket** (the rate on your next dollar) and your **effective tax rate** (your total tax divided by your income), which is usually much lower. A smart withdrawal order weighs both, plus future required distributions and Medicare premiums, every year.

### 4. Use the Roth Conversion Window Before RMDs Begin

Starting at age 73 (75 if born in 1960 or later), the IRS requires minimum distributions (RMDs) from traditional IRAs and most workplace plans, taxed as ordinary income. For diligent savers they can be large: a $1.5 million IRA requires about $57,000 in the first year, and missing one can cost 25% of the amount (10% if corrected promptly). RMDs can also raise your Medicare premiums and the taxable share of your Social Security. The years between retirement and RMDs are often your lowest-tax years, which makes them ideal for converting part of a traditional IRA to a Roth. You pay tax now, but qualified Roth withdrawals are tax-free, Roth IRAs have no lifetime RMDs, and your children generally inherit them income-tax-free. For example, in 2026 a married couple can have up to $100,800 of taxable income, roughly $133,000 before the $32,200 standard deduction, and stay in the **12% bracket**. Federal tax on that is about $11,600, an **effective rate of under 9%** of their total income. A couple retiring at 63 with little other income might convert enough each year to fill the 12% bracket, or more within 22% or 24%.

### 5. Plan for Healthcare and Long-Term Care

Fidelity estimates a 65-year-old retiring in 2026 may spend about $185,500 on healthcare in retirement, roughly $371,000 for a couple, not including long-term care. Medicare is not free: Part B and D premiums rise with income through IRMAA surcharges, based on your tax return from two years earlier, so one large withdrawal or poorly timed conversion can raise your premiums. Medicare also does not cover extended nursing home or in-home care. If your children are building careers across the country, a long-term care plan is a gift to them too.

### 6. Avoid Probate and Connect Your Estate Plan to Kerala

A will alone does not keep your U.S. home or accounts out of probate, a public, court-supervised process that can take months and add legal costs. A **revocable living trust** and up-to-date beneficiary designations can help your family avoid it, and powers of attorney let someone you trust act for you if you cannot. Property in Kerala passes under Indian law, so your U.S. plan should be coordinated with documents prepared for India, such as a separate will covering your Indian assets, so your family is not left sorting out two systems at once. And remember, **beneficiary designations override your will**. If a 401(k) still names your brother from twenty years ago, he may receive it. Review them every year.

### 7. Build an Income Plan, Not Just a Portfolio

At retirement, your portfolio shifts from something you build to something you spend. A real income plan answers: How much can you safely spend? How will you create a reliable paycheck? What if the market drops 30% in your first year? Will you still feel protected at 90? Mistakes in the spending years are the hardest to undo.

### A Final Thought

None of these decisions stands alone. A rollover affects your taxes, your taxes affect your Medicare premiums, and your withdrawals shape what you leave your children. That is why a coordinated plan, built with an experienced professional, matters so much. You have already done the hard part by saving diligently. Now the goal is to make sure every dollar you saved works as hard as you did.

**Free Retirement Blueprint Review for Kerala Express Readers**

Wondering how these seven moves apply to your family? Schedule a complimentary 30-minute virtual review of your 401(k), 403(b), 457(b), TSP, and IRA options, Social Security timing, tax picture, and income plan, and see where your retirement could be optimized. No cost or obligation, and available to readers in any state. **Scan the QR code or call (847) 585-4931.**



**About the Author:** Tom Sunny, CFP®, CLU®, RICP®, is President and Founder of Sunny Financial Strategies, LLC in Schaumburg, Illinois, serving families across the country. A second-generation advisor and Forbes Best-in-State Financial Security Professional, Tom specializes in retirement income planning, tax-efficient wealth management, and multigenerational strategies. tom@sunnyfinancial.com | (847) 585-4931 | sunnyfinancial.com

*This article is for educational purposes only and does not constitute financial, tax, legal, or investment advice. Individual circumstances vary; consult qualified professionals before making financial decisions. Neither New York Life Insurance Company nor its agents provide tax, legal, or accounting advice.*

*Tom Sunny is a Financial Adviser with Eagle Strategies LLC, a Registered Investment Adviser, and a Registered Representative of NYLIFE Securities LLC (Member FINRA/SIPC), a Licensed Insurance Agency, both of which are New York Life Insurance Company subsidiaries. Sunny Financial Strategies LLC is not owned or operated by NYLIFE Securities LLC or its affiliates.* *© 2026 Sunny Financial Strategies, LLC. All rights reserved.*

(https://sunnyfinancial-blueprint.netlify.app/?src=kerala-express-web)
**tom@sunnyfinancial.com** to mailto: tom@sunnyfinancial.com
**(847) 585-4931** to tel: +18475854931
**sunnyfinancial.com** to https://www.sunnyfinancial.com

# കാരുണ്യത്തിന്റെ കരുതൽപ്പാത തീർത്ത് ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്

ശങ്കരൻകുട്ടി, ഹൂസ്റ്റൺ

സ്റ്റാഫോർഡ്, ടെക്സസ്: കാരുണ്യം വാക്കുകളിൽ ഒതുങ്ങേണ്ടതല്ലെന്നും, അത് സഹജീവികളുടെ ജീവിതത്തിൽ പ്രതീക്ഷയുടെ വെളിച്ചം പകരുന്ന പ്രവൃത്തിയായി മാറണമെന്നും ലോകത്തോട് വിളിച്ചുപറഞ്ഞുകൊണ്ട് ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് ശ്രദ്ധേയമായൊരു മാനവിക ദൗത്യം പൂർത്തിയാക്കി. ടെക്സസിലെ സ്റ്റാഫോർഡിലുള്ള ഒരു ട്രെയിലർ പാർക്കിൽ താമസിക്കുന്ന. നടക്കാൻ കഴിയാത്തതും കിടപ്പിലായതുമായ പത്തു വയസ്സുകാരി പെൺകുട്ടിക്കായി 64 അടി നീളമുള്ള വിശാലമായ ഭിന്നശേഷി സൗഹൃദ റാംപ് നിൽമ്മിച്ചു നൽകിയാണ് ക്ലബ് സേവനത്തിന്റെ മഹത്തായ മാതൃക തീർത്തത്. ഒരു കുട്ടിയുടെ പരിമിതികളെ തിരിച്ചറിഞ്ഞ്, അവളുടെ ജീവിതയാത്രയിൽ കൂടുതൽ സൗകര്യവും സ്വാതന്ത്ര്യവും ഉറപ്പാക്കാൻ കൈകോർത്ത ഈ സംരംഭം, മനുഷ്യസ്നേഹത്തിന്റെ ഉദാത്തമായ സന്ദേശമാണ് സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നത്. ശാരീരിക പരിമിതികൾ ഒരാളുടെ ജീവിത സാദ്ധ്യതകളെ തടസ്സപ്പെടുത്തരുതെന്ന മഹത്തായ ചിന്തയുടെ പ്രായോഗിക സാക്ഷ്യമായി ഈ റാംപ് മാറുന്നു. ഈ ബൃഹത്തായ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബിലെ അംഗങ്ങൾ രാവിലെ ആറുമണി മുതൽ ഉച്ചയ്ക്ക് പന്ത്രണ്ടുമണി വരെ തുടർച്ചയായി ആറുമണിക്കൂർ കഠിനാധ്വാനം ചെയ്തു. ലയൺ പയസ് കുര്യന്റെ നേതൃത്വത്തിൽ വിദഗ്ദ്ധരും സന്നദ്ധപ്രവർത്തകരുമായി അംഗങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിച്ചാണ് ഈ പ്രത്യേക നിർമ്മാണപദ്ധതി വിജയകരമായി പൂർത്തിയാക്കിയത്. സേവനമെന്നത് ഒരു കടമ മാത്രമല്ല, മറ്റൊരാളുടെ ജീവിതത്തിൽ പ്രതീക്ഷയുടെ വാതിൽ തുറക്കുന്ന മഹത്തായ ഉത്തരവാദിത്തമാണെന്ന സന്ദേശമാണ് ഈ കൂട്ടായ പരിശ്രമം നൽകുന്നത്. 2023-ന്റെ അവസാനത്തോടെ ആരംഭിച്ച ഭിന്നശേഷിക്കാർക്കായുള്ള റാംപ് നിർമാണ പ്രവർത്തനങ്ങൾ ഫോർട്ട് ബെൻഡ് കൗണ്ടിയിൽ ക്ലബ്ബിന്റെ പ്രധാന ജീവകാരുണ്യ സംരംഭങ്ങളിലൊന്നായി വളർന്നു. ഓരോ മാസവും അർഹരായ ഒരാൾക്കെങ്കിലും പ്രയോജനപ്പെടുന്ന വിധത്തിൽ ഒരു റാംപ് നിർമ്മിച്ചു നൽക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന ക്ലബ്, 2024 മുതൽ ടെക്സസ് ലയൺസ് ക്ലബ് റാംപ് ബിൽഡേഴ്സ് ഏജൻസിയുടെ ഔദ്യോഗിക അധികാരമുള്ള റാംപ് നിർമാണ ക്ലബ്ബുകളിലൊന്നായി പ്രവർത്തിച്ചു വരുന്നു.





പദ്ധതിയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ച എല്ലാ ലയൺസ് അംഗങ്ങളെയും പ്രസിഡണ്ട് ബോസ് കുര്യനും സെക്രട്ടറി ഷിജു കുര്യനും അഭിനന്ദിച്ചു. സഹജീവികളുടെ ജീവിതം കൂടുതൽ സുഖകരവും പ്രതീക്ഷാനിർഭരവുമാക്കാൻ അംഗങ്ങൾ പ്രകടിപ്പിച്ച സമർപ്പണത്തെയും സേവനമനോഭാവത്തെയും അവർ പ്രത്യേകം പ്രശംസിച്ചു.

## പ്രകൃതിയുടെ കാവലാളുകളായി യുവ ലിയോകൾ

മനുഷ്യസേവനത്തിന്റെ ഈ മഹത്തായ പാതയിൽ മുതിർന്ന അംഗങ്ങൾക്കൊപ്പം പുതുതലമുറയും സജീവമായി മുന്നേറുകയാണ്. അതിന്റെ ഉത്തമ ഉദാഹരണമായി, ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബിന്റെ സ്പോൺസർഷിപ്പിലും മാർഗ്ഗനിർദ്ദേശത്തിലും പ്രവർത്തിക്കുന്ന 12 മുതൽ 18 വയസ്സുവരെയുള്ള യുവജനസംഘമായ ഹൂസ്റ്റൺ ഫൗണ്ടേഷൻ ലിയോസിലെ അംഗങ്ങൾ ബഫല്ലോ ബായൂ പാർക്കിൽ സംഘടിപ്പിച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനവും ശ്രദ്ധേയമായി. പാർക്കിലെ മൈലുകളോളം നീളുന്ന ജോഗിങ് പാതയോരങ്ങളിൽ വളർന്ന് ചെറിയ മരങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്ന കളകളും വള്ളികളും നീക്കം ചെയ്തുകൊണ്ടായിരുന്നു യുവ ലിയോകളുടെ സേവനപ്രവർത്തനം. ദിവസേന ആയിരക്കണക്കിന് ആളുകൾ ഉപയോഗിക്കുന്ന ഈ പൊതു സ്ഥലത്തിന്റെ പ്രകൃതിഭംഗിയും പരിസ്ഥിതി സന്തുവിതാവസ്ഥയും സംരക്ഷിക്കാനുള്ള അവരുടെ പരിശ്രമം, പ്രകൃതിയോടുള്ള ഉത്തരവാദിത്ത ബോധത്തിന്റെ മനോഹരമായ പ്രകടനമായി മാറി. നോബൽ ആന്റുവിന്റെയും ജോഷ്വാ കുര്യന്റെയും നേതൃത്വത്തിൽ യുവ ലിയോ അംഗങ്ങൾ ഈ സാമൂഹിക സേവന പരിപാടി ആസൂത്രണം ചെയ്യുകയും ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബിലെ മുതിർന്ന അംഗങ്ങൾ ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും നൽകി യുവാക്കൾക്കൊപ്പം നിലകൊണ്ടു. പരിസ്ഥിതി സംരക്ഷണം എന്നത് കേവലം ഒരു ആശയമല്ല, ഓരോ വ്യക്തിയും ജീവിതത്തിൽ ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമാണെന്ന തിരിച്ചറിവ് പുതുതലമുറയിൽ വളർത്തുന്നതിൽ ഈ പ്രവർത്തനത്തിന് വലിയ പ്രാധാന്യമുണ്ട്. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനും സ്വാഭാവിക ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിന് സംഭാവന നൽകാനും യുവജനങ്ങൾക്ക് അവസരം ഒരുക്കിയ ഈ സംരംഭം, സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരെ വാർത്തെടുക്കാനുള്ള മികച്ച മാതൃകകൂടിയാണ്.



## സേവനത്തിലൂടെ നാളെയുടെ നേതാക്കളെ വാർത്തെടുക്കുന്നു

മനുഷ്യർക്കായി കരുതലിന്റെ കൈനീട്ടുക, പ്രകൃതിക്കായി സംരക്ഷണത്തിന്റെ കവചമൊരുക്കുക, സമൂഹത്തിനായി സ്വന്തം സമയവും കഴിവുകളും സമർപ്പിക്കുക- ഈ മൂന്നു മഹത്തായ മൂല്യങ്ങളെയും ഒരേ സേവനത്തിൽ കോർത്തിണക്കുകയാണ് ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്. ഭിന്നശേഷിയുള്ള ഒരു കുഞ്ഞിന്റെ ജീവിതത്തിൽ സൗകര്യത്തിന്റെ പുതിയ വഴി തുറന്നു നൽകിയ മുതിർന്ന ലയൺസ് അംഗങ്ങളും പ്രകൃതിയുടെ സംരക്ഷകരായി മുന്നോട്ടു വന്ന യുവ ലിയോകളും ഒരുപോലെ നൽകുന്ന സന്ദേശം വ്യക്തമാണ്. സേവനത്തിന്റെ മഹത്വം നാം ചെയ്യുന്ന പ്രവൃത്തിയുടെ വലുപ്പത്തിലല്ല, അത് മറ്റൊരാളുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന നന്മയുടെ ആഴത്തിലാണ്. സമൂഹത്തിലെ മനുഷ്യരെയും പൊതു സ്ഥാപനങ്ങളെയും പരിസ്ഥിതിയെയും സേവിക്കുന്നതിലൂടെ, സാമൂഹികവും ജീവകാരുണ്യപരവുമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ ഭാവിയിലെ ലയൺസ് നേതാക്കളെ പരിശീലിപ്പിക്കുന്നതിലും ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് മാതൃകാപരമായ പങ്കുവഹിക്കുന്നു. കരുണയെ പ്രവർത്തിയാക്കിയും ഐക്യത്തെ കരുത്താക്കിയും സേവനത്തെ ജീവിത ദർശനമാക്കിയും മുന്നേറുന്ന ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, സമൂഹത്തിൽ നന്മയുടെ വിത്തുകൾ പാകുന്ന സാർത്ഥകമായ സംരംഭങ്ങളായി മാറുകയാണ്. മനുഷ്യസ്നേഹത്തിന്റെ പാതയിൽ തീർത്ത ഈ കരുതൽപ്പാതയും പ്രകൃതിക്കായി ഉയർത്തിയ ഈ സംരംക്ഷണഹസ്തവും, സേവനമാണ് യഥാർത്ഥ മഹത്വമെന്ന സന്ദേശം വരുംതലമുറകൾക്കും പകർന്നു നൽകട്ടെ.




## DOULOS BIBLICAL SEMINARY

26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് വെച്ചൂച്ചിറയിൽ ആരംഭിച്ച പ്രസ്തുത സെമിനാരിയുടെ അടുത്ത സെമസ്റ്റർ **സെപ്റ്റംബർ ആദ്യ ആഴ്ചയിൽ** ആരംഭിക്കുകയാണ് ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവ വചനം അഭ്യസിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു.

ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ക്ലാസുകൾ ആത്മീയരും സമർപ്പിതരും വചന പണ്ഡിതരുമായ അദ്ധ്യാപകർ കൈകാര്യം ചെയ്യുന്നു.

**Pr. Dr. O.M. RAJUKUTTY** (Chairman WME)
**Pr. Dr. B. VARGHESE** (Former Principal, FTS Manakala)
**Pr. Dr. JOHN. K. MATHEW** (Former Vice Principal, India Bible College, Kumbanad)
**Pr. Dr. SUJU JOHN** (Former Principal, Mount Zion Bible Seminary, Mulakkuzha)
**Pr. P. T. THOMAS** (Well Known Bible Scholar)

എന്നിവരെ കൂടാതെ പ്രശസ്ത വേദാധ്യാപകരായ
**Pr. Dr. BINU ALUMOOTTIL, Pr.REJI MOOLEDOM,
Pr. Dr. ALLEN PALLIVADAKKAN, Pr. Dr. BIJU EAPEN,
Pr. Dr. LALACHAN ABRAHAM, Pr. Y. DANIEL,
Pr.JAMES ABRAHAM, Pr. MONCY MAMMEN, Pr.JOMON JACOB,
Pr. JOHN MAMMEN, Pr. JAI THOMAS, Pr. A. T JOHNSON,
Pr. P. S CHERIAN, Pr. SYALAN CHACKO**
തുടങ്ങിയവരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

Pr. SHINTO JOHNSON, Pr. SAJAN SAMUEL,
Br. RAJAN Ariyappallil, Evg. BENNY Kochuvadakel,
Br. PETER MATHEW Valliath എന്നിവർ ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു.

**ഞാൻ ആരെ അയക്കേണ്ടു ?
ആർ നമുക്ക് വേണ്ടി പോകും ?**
യെശയ്യാവ് 6: 8




# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

**ABRAHAM THANNIKARI**
+1346- 285-1633
athannikari@hotmail.com

**JENNI THANNIKARI**
+1713-280-8688

**SOBHANA**
+91 965 616 8399

# ആലുവയുടെ സ്വന്തം അൻവർ സാദത്ത് എം. എൽ. എ





**അഭിമുഖം: ജോസ് കണിയാലി**

**വി**ദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്ന അൻവർ സാദത്ത് കെ.എസ്.യുവിലൂടെയാണ് തന്റെ രാഷ്ട്രീയ യാത്രയ്ക്ക് തുടക്കമിടുന്നത്. സ്കൂൾതലത്തിൽ കെ.എസ്.യു. പ്രവർത്തകനായും പിന്നീട് താലൂക്ക്, ജില്ലാ തലങ്ങളിൽ സംഘടനാ ചുമതലകൾ വഹിച്ചും സജീവമായ അദ്ദേഹം യൂത്ത് കോൺഗ്രസിന്റെ ബ്ലോക്ക് സെക്രട്ടറി, ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചു. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് അംഗമായും എറണാകുളം ജില്ലാ പഞ്ചായത്ത് അംഗമായും പ്രവർത്തിച്ച ശേഷമാണ് അദ്ദേഹം നിയമസഭാ രാഷ്ട്രീയത്തിലേക്ക് എത്തുന്നത്. സംഘടനാ പ്രവർത്തനത്തിലൂടെയും ജനപ്രതിനിധിയായുള്ള അനുഭവങ്ങളിലൂടെയും വളർന്നുവന്ന അൻവർ സാദത്തിന്റെ രാഷ്ട്രീയ ജീവിതം ആലുവയുമായും എറണാകുളത്തിന്റെ പൊതുസമൂഹവുമായും ചേർന്നുനിൽക്കുന്നതാണ്.

**വികസനം, ജനകീയ വിഷയങ്ങൾ, സംസ്ഥാനത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളിൽ തന്റെ നിലപാടുകൾ വ്യക്തമാക്കുന്ന അദ്ദേഹം, അമേരിക്കൻ മലയാളി സമൂഹവുമായുള്ള ബന്ധവും കേരളത്തിന്റെ സമകാലിക രാഷ്ട്രീയ സാഹചര്യങ്ങളും ഉൾപ്പെടെ നിരവധി വിഷയങ്ങൾ ചിക്കാഗോയിൽ കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി സംസാരിക്കുന്നു.**

**ആദ്യമായി അമേരിക്കയിലെത്തി രണ്ടാഴ്ചയോളം ചെലവഴിച്ചല്ലോ. അമേരിക്കയെക്കുറിച്ചുള്ള ഇപ്പോഴത്തെ കാഴ്ചപ്പാട് എന്താണ്?**

വ്യത്യസ്തമായ നാടുകളും രാജ്യങ്ങളും കാണാൻ ഇഷ്ടപ്പെടുന്ന ഒരാളാണ് ഞാൻ. പ്രത്യേകിച്ച് ജനപ്രതിനിധികളും പൊതുപ്രവർത്തകരും ലോകം കാണണമെന്നാണ് എന്റെ അഭിപ്രായം. ലോകം കാണുമ്പോൾ അവിടെയുള്ള നല്ല കാര്യങ്ങൾ മനസ്സിലാക്കാനും അതിൽനിന്ന് ആശയങ്ങൾ ഉൾക്കൊണ്ട് നമ്മുടെ നാട്ടിൽ സാധ്യമാകുന്ന രീതിയിൽ പ്രാവർത്തികമാക്കാനും കഴിയും.

അമേരിക്കയിൽ റോഡുകളുടെ കാര്യത്തിൽ തന്നെ വലിയ വികസനമാണ് കാണാൻ കഴിയുന്നത്. നമ്മുടെ നാട്ടിലെ സാഹചര്യങ്ങൾ വ്യത്യസ്തമാണ്. ഒരു റോഡ് ആറുവരിയാക്കേണ്ട സാഹചര്യമുണ്ടെങ്കിലും പലപ്പോഴും നാലുവരിപ്പാതയെക്കുറിച്ചേ നമുക്ക് ചിന്തിക്കാൻ കഴിയൂ. അതിന് പ്രധാനമായും സ്ഥലപരിമിതിയും സാമ്പത്തിക ചെലവും കാരണമാകുന്നു.

അമേരിക്കയിലെത്തിയ ശേഷം ഇവിടെയുള്ള മലയാളികളെയും കാണാൻ അവസരം ലഭിച്ചു. ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പരിപാടി ഉൾപ്പെടെ രണ്ടുമൂന്ന് പരിപാടികളിൽ പങ്കെടുത്തു. എല്ലാവരുടെയും പെരുമാറ്റത്തിലും സൗഹൃദത്തിലും സ്നേഹത്തിലും വളരെ നല്ല അനുഭവമാണ് എനിക്ക് ഉണ്ടായത്. ഇവിടെ ഞാൻ പ്രത്യേകം ശ്രദ്ധിച്ച മറ്റൊരു കാര്യം, എല്ലാവരും അവരുടെ ജോലികളിൽ വളരെ സജീവവും കൃത്യനിഷ്ഠയുമുള്ളവരാണ് എന്നതാണ്. രാവിലെ ജോലിക്ക് പോകുന്നു, വൈകിട്ട് തിരിച്ചെത്തുന്നു.

ഇവിടെയുള്ള മലയാളികളിൽ ഞാൻ കണ്ടത് നല്ല സൗഹൃദവും സ്നേഹവും നല്ല പെരുമാറ്റവും പോസിറ്റീവായ ഒരു സമീപനവുമാണ്. അതെല്ലാം എനിക്ക് വളരെ നല്ല അനുഭവമായിരുന്നു.

**അമേരിക്കൻ മലയാളികളെക്കുറിച്ച് വളരെ പോസിറ്റീവായ ഒരു മനോഭാവത്തോടെയാണോ നാട്ടിലേക്ക് മടങ്ങുന്നത്?**

തീർച്ചയായും. അമേരിക്കൻ മലയാളികളെക്കുറിച്ച് വളരെ നല്ല അഭിപ്രായത്തോടെയാണ് ഞാൻ മടങ്ങുന്നത്. സ്വന്തം നാട് വിട്ട് മറ്റൊരു രാജ്യത്തേക്ക് പോകാൻ ആരും ആഗ്രഹിക്കുന്നവരല്ല. ചില സാഹചര്യങ്ങളാണ് ഓരോ വ്യക്തിയെയും കുടുംബത്തെയും വിദേശത്തേക്ക് എത്തിക്കുന്നത്. സ്വന്തം നാട്ടിൽ മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമോ ജോലി സംബന്ധമായ പ്രശ്നങ്ങളോ മറ്റെന്തെങ്കിലും സാഹചര്യങ്ങളോ ഉണ്ടാകുമ്പോഴാണ് പലരും മറ്റൊരു രാജ്യത്തേക്ക് പോകുന്നത്. അമേരിക്കയിലെത്തിയ മലയാളികളും അത്തരത്തിലുള്ള സാഹചര്യങ്ങളിലൂടെ ഇവിടെ എത്തിയവരാണ്. എന്നാൽ ഇവിടെ എത്തിയതിനു ശേഷം അവർ വളരെ പോസിറ്റീവായി ജീവിതത്തെ സമീപിക്കുന്നുവെന്നതാണ് ഞാൻ കണ്ടത്.

കാൽനടയാത്രക്കാർക്ക് ഇവിടെ നൽകുന്ന മുൻഗണന എന്നെ പ്രത്യേകമായി ആകർഷിച്ചു. ഒരാൾ റോഡ് മുറിച്ചുകടക്കാൻ തുടങ്ങുമ്പോൾ വാഹനങ്ങൾ നിർത്തി അയാൾ കടന്നുപോയശേഷം മാത്രമാണ് മുന്നോട്ടുപോകുന്നത്.

വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കരുത്, സീറ്റ് ബെൽറ്റ് ധരിക്കണം തുടങ്ങിയ കാര്യങ്ങളിലും ഇവിടെ നിയമങ്ങൾ കർശനമായി പാലിക്കുന്നു. ക്യാമറയിൽ നിയമലംഘനം രേഖപ്പെട്ടാൽ എത്ര സ്വാധീനമുള്ള ആളായാലും പിഴ അടയ്ക്കേണ്ടിവരും. നമ്മുടെ നാട്ടിലും ഇതെല്ലാം നിയമങ്ങളായിത്തന്നെ നിലവിലുണ്ട്. പക്ഷേ പലപ്പോഴും നിയമം ലംഘിച്ചാൽ സ്വാധീനം ഉപയോഗിച്ചോ മറ്റേതെങ്കിലും മാർഗങ്ങളിലൂടെയോ അതിൽ നിന്ന് രക്ഷപ്പെടാമെന്നൊരു ധാരണയുണ്ട്. അതാണ് മാറേണ്ടത്.

**ചെറുപ്പത്തിൽ തന്നെ രാഷ്ട്രീയത്തിലേക്ക് വരാനുണ്ടായ സാഹചര്യം എന്തായിരുന്നു? എങ്ങനെയാണ് രാഷ്ട്രീയത്തിലേക്ക് എത്തിയത്?**

ചെറുപ്പകാലം മുതൽ തന്നെ മനസ്സിൽ മൂന്ന് ആഗ്രഹങ്ങളുണ്ടായിരുന്നു. ഒരു പോലീസ് ഓഫീസറാകണം, ഒരു കലാകാരനാകണം, പിന്നെ പൊതുപ്രവർത്തകനാകണം എന്നതായിരുന്നു ആ മൂന്ന് ആഗ്രഹങ്ങൾ. അതിൽ പൊതുപ്രവർത്തകനാകണമെന്ന ആഗ്രഹമാണ് പിന്നീട് എന്നെ രാഷ്ട്രീയത്തിലേക്ക് എത്തിച്ചത്.

ഞാൻ ഏഴാം ക്ലാസ് വരെ ഞങ്ങളുടെ നാട്ടിലെ അസീസി സ്കൂളിലാണ് പഠിച്ചത്. പിന്നീട് നെടുമ്പാശ്ശേരിയിലെ എസ്.എൻ.ഡി.പി. സ്കൂളിൽ ചേർന്നു. അന്ന് വിദ്യാർത്ഥി രാഷ്ട്രീയം സജീവമായിരുന്ന കാലമാണ്. നേരത്തെ പഠിച്ചിരുന്ന സ്കൂളിൽ വിദ്യാർത്ഥി രാഷ്ട്രീയം അനുവദിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ രാഷ്ട്രീയ പ്രവർത്തനത്തിന് അവസരം ലഭിക്കണമെന്ന ആഗ്രഹത്തിൽ ഉമ്മയെ പറഞ്ഞ് സമ്മതിപ്പിച്ചാണ് എസ്.എൻ.ഡി.പി. സ്കൂളിൽ ചേർന്നത്.

എട്ടാം ക്ലാസിൽ തന്നെ ഞാൻ കെ.എസ്.യുവിൽ മെമ്പർഷിപ്പ് എടുത്തു. പിന്നീട് യൂണിറ്റ് പ്രസിഡന്റായി. ക്ലാസ് ലീഡർ സ്ഥാനത്തേക്കും സ്കൂൾ ലീഡർ സ്ഥാനത്തേക്കും മത്സരിച്ച് വിജയിച്ചു. പത്താം ക്ലാസിൽ പഠിക്കുമ്പോൾ ജില്ലാ സ്കൂൾ ലീഡർ സ്ഥാനത്തേക്കും മത്സരിച്ച് വിജയിച്ചു. എസ്.എഫ്.ഐയുമായിട്ടായിരുന്നു പ്രധാന മത്സരം. അങ്ങനെയാണ് വിദ്യാത്ഥി രാഷ്ട്രീയത്തിലേക്ക് സജീവമായി എത്തുന്നത്.

പിന്നീട് കെ.എസ്.യുവിന്റെ താലൂക്ക് ഭാരവാഹിയായും ജില്ലാ സെക്രട്ടറിയായും പ്രവർത്തിച്ചു. തുടർന്ന് യൂത്ത് കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറി, ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടറി എന്നീ ചുമതലകളും വഹിച്ചു. കെ. കരുണാകരനോടൊപ്പമുള്ള വലിയൊരു വിഭാഗം പ്രവർത്തകർ രാഷ്ട്രീയപരമായി വേറിട്ടുനിന്ന സമയത്തും ഞാൻ കോൺഗ്രസ് പാർട്ടിയിൽ തന്നെ തുടരുകയായിരുന്നു.

ഒരിക്കൽ രമേശ് ചെന്നിത്തല ആലുവ റെയിൽവേ സ്റ്റേഷനിൽവച്ച് എന്നോട് ചോദിച്ചു: “നിന്റെ ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ ആലുവ നിയമസഭാ മണ്ഡലത്തിലെ എത്ര വാർഡുകളുണ്ട്?” ഞാൻ രണ്ടെണ്ണം ഒഴികെ ബാക്കിയുള്ളവ ആലുവയിലാണെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: “നമുക്ക് ഒരു കാര്യം ചെയ്യാം, നിയമസഭയിലേക്ക് മത്സരിക്കുന്ന കാര്യം ആലോചിക്കാം.”

പിന്നീട് യൂത്ത് കോൺഗ്രസിന്റെ സ്ഥാനാർഥി പട്ടികയിലും എന്റെ പേര് ഉൾപ്പെട്ടു. രാഹുൽ ഗാന്ധിയുടെ ഇടപെടലിലൂടെ യുവാക്കൾക്ക് കൂടുതൽ അവസരങ്ങൾ നൽകാനുള്ള തീരുമാനത്തിന്റെ ഭാഗമായും സീറ്റ് ലഭിച്ചു. അങ്ങനെയാണ് 2011-ൽ ആദ്യമായി നിയമസഭയിലേക്ക് മത്സരിക്കാൻ അവസരം ലഭിക്കുന്നത്.









**ആദ്യമായി എം.എൽ.എയായ ഒരാൾ തുടർച്ചയായി നാലാം തവണയും വിജയിക്കുകയും ഓരോ തവണയും ഭൂരിപക്ഷം വർധിക്കുകയും ചെയ്യുന്നു. അതിന്റെ വിജയരഹസ്യം എന്താണ്?**

വിജയത്തിന്റെ രഹസ്യം എന്നു പറയുന്നത് ജനങ്ങളോടൊപ്പം നിൽക്കുക എന്നതാണ്. ഞാൻ എന്റെ പാർട്ടിയോടും പ്രസ്ഥാനത്തോടും രാഷ്ട്രീയമായി പ്രതിബദ്ധതയുള്ള വ്യക്തിയാണ്. അതോടൊപ്പം സാമൂഹിക പ്രതിബദ്ധതയും എനിക്ക് വളരെ പ്രധാനമാണ്.

എന്റെ മുന്നിൽ ഒരു വ്യക്തി ഒരു ആവശ്യവുമായി വരുമ്പോൾ അയാളുടെ ജാതിയോ മതമോ രാഷ്ട്രീയമോ ഞാൻ നോക്കാറില്ല. എനിക്ക് ചെയ്യാൻ കഴിയുന്ന സഹായം ചെയ്യുക എന്നത് എന്റെ ഔദാര്യമല്ല, എന്റെ ഉത്തരവാദിത്തമാണ്. എന്നെ വിമർശിക്കുന്നവരും എന്റെ മണ്ഡലത്തിലുണ്ട്.

എം.എൽ.എ. എന്ന മൂന്ന് അക്ഷരങ്ങൾ എനിക്ക് ജനങ്ങൾ നൽകിയതാണ്. അതുകൊണ്ടുതന്നെ ആ മൂന്ന് അക്ഷരങ്ങളോട് ഞാൻ എപ്പോഴും പ്രതിബദ്ധനായിരിക്കണം. അതിന്റെ ഭാഗമായാണ് പ്രളയകാലത്തും കോവിഡ് കാലത്തും ജനങ്ങൾക്കൊപ്പം നിൽക്കാൻ ശ്രമിച്ചത്. ജനങ്ങളുടെ പ്രയാസം നേരിട്ട് മനസ്സിലാക്കി അവർക്കൊപ്പം നിൽക്കുക എന്നതായിരുന്നു അന്നത്തെ ലക്ഷ്യം.

**എന്താണ് അമ്മക്കിളിക്കൂട് എന്ന ഭവനപദ്ധതി?**

എന്റെ രണ്ടാമത്തെ നിയമസഭാ കാലയളവിലാണ് 'അമ്മക്കിളിക്കൂട്' എന്ന ഭവനപദ്ധതി ആരംഭിച്ചത്. പെരുമ്പാവൂരിലെ ജിഷ എന്ന പെൺകുട്ടി കൊല്ലപ്പെട്ട സംഭവം എന്നെ വളരെ വേദനിപ്പിച്ചിരുന്നു. സുരക്ഷിതമായ ഒരു വീടുണ്ടായിരുന്നെങ്കിൽ ആ കുട്ടിക്ക് അത്തരമൊരു ദുരനുഭവം ഉണ്ടാകുമായിരുന്നില്ലല്ലോ എന്ന ചിന്ത എന്റെ മനസ്സിലുണ്ടായി. പ്രത്യേകിച്ച് വീടില്ലാത്ത വിധവകളുടെയും പെൺമക്കൾ മാത്രമുള്ള കുടുംബങ്ങളുടെയും അവസ്ഥ എന്നെ ഏറെ ചിന്തിപ്പിച്ചു.

വിധവകൾക്ക് ബാങ്കിൽനിന്ന് വായ്പയെടുത്ത് വീട് നിർമിക്കാം. പക്ഷേ, വായ്പയെടുത്ത് വീട് പണിതാൽ മക്കളുടെ വിദ്യാഭ്യാസവും കുടുംബച്ചെലവുകളും കഴിഞ്ഞ് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. തിരിച്ചടവ് മുടങ്ങിയാൽ വീട് ജപ്തിയാകാം. ഇതെല്ലാം ഭയന്ന് പലരും വാടകവീടുകളിൽ കഴിയുകയാണ്. പരിചയമില്ലാത്ത സ്ഥലത്ത്, പ്രത്യേകിച്ച് പെൺമക്കൾ മാത്രമുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് സുരക്ഷിതത്വമില്ലാതെ കഴിയേണ്ടിവരുന്ന സാഹചര്യവും കാണാം. അതിനൊരു പരിഹാരമെന്ന നിലയിലാണ് 'അമ്മക്കിളിക്കൂട്' എന്ന പദ്ധതി ആലോചിച്ചത്.

എം.എൽ.എ. എന്നത് ജനങ്ങൾ നൽകിയ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തത്തിന്റെ ഭാഗമായി കഴിയുന്നത്ര ക്രിയാത്മകമായ പദ്ധതികൾ കൊണ്ടുവരണമെന്നാണ് എന്റെ ആഗ്രഹം. 'അമ്മക്കിളിക്കൂട്' അത്തരമൊരു ശ്രമമായിരുന്നു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സാർ ഈ പദ്ധതിയിലെ ഒരു വീടിന്റെ താക്കോൽദാനം നിർവഹിക്കാനെത്തിയപ്പോൾ, കേരളത്തിൽ ആദ്യമായി ഒരു എം.എൽ.എ. സ്വന്തം നിലയിൽ ഒരു ഭവനപദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കുന്നതാണിതെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അത് എന്നെ സംബന്ധിച്ച് വലിയ അംഗീകാരമായിരുന്നു.

**രാഷ്ട്രീയ പ്രവർത്തനത്തിനൊപ്പം സാദത്ത് എഴുത്തിലും വായനയിലും താൽപര്യമുള്ള വ്യക്തിയാണെന്ന് കേട്ടിട്ടുണ്ട്. അതിനായി സമയം എങ്ങനെ കണ്ടെത്തുന്നു?**

അങ്ങനെ വലിയ വായനാശീലമുള്ള ഒരാളൊന്നുമല്ല ഞാൻ. എഴുത്തിലും വലിയ താൽപര്യമില്ല. പക്ഷേ കലയെ ഇഷ്ടപ്പെടുന്ന ഒരാളാണ്. എഴുത്തുകാരെയും കലാകാരന്മാരെയും ഏറെ ഇഷ്ടമാണ്. നേരത്തെ പറഞ്ഞതുപോലെ, ചെറുപ്പത്തിൽ പോലീസ് ഓഫീസറാകണമെന്ന ആഗ്രഹത്തോടൊപ്പം കലാകാരനാകണമെന്ന ആഗ്രഹവും എനിക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കലാകാരന്മാരുമായി നല്ല സൗഹൃദം പുലർത്തുന്ന ഒരാളാണ് ഞാൻ. കലയെ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്യാറുണ്ട്.

വായിക്കാറില്ല എന്നല്ല. സമയം കിട്ടുമ്പോൾ വായിക്കും. ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനെക്കുറിച്ച് വായിക്കാനും ശ്രമിക്കും. പക്ഷേ, രമേശ് ചെന്നിത്തലയെപ്പോലെയോ വി.ഡി. സതീശനെപ്പോലെയോ നിരന്തരം വായിക്കുന്ന ഒരാളല്ല ഞാൻ. വല്ലപ്പോഴും സമയം കിട്ടുമ്പോൾ വായിക്കും എന്നേയുള്ളൂ.

**നെടുമ്പാശ്ശേരി വിമാനത്താവളം ആലുവ നിയമസഭാ മണ്ഡലത്തിലാണല്ലോ. കൊച്ചി മെട്രോ നെടുമ്പാശ്ശേരിയിലേക്ക് നീട്ടാൻ പദ്ധതിയുണ്ടോ?**

തീർച്ചയായും. കൊച്ചി മെട്രോ നെടുമ്പാശ്ശേരിയിലേക്ക് നീട്ടണമെന്ന ആവശ്യം ഞാൻ എം.എൽ.എ. ആയതുമുതൽ നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. കൊച്ചി മെട്രോ ആലുവയിലെത്തിയ കാലം മുതൽ തന്നെ നെടുമ്പാശ്ശേരിയിലേക്കും തുടർന്ന് അങ്കമാലിയിലേക്കും മെട്രോ നീട്ടണമെന്ന ആവശ്യം ശക്തമായി മുന്നോട്ടുവച്ചിട്ടുണ്ട്.

ആലുവയിൽ നിന്ന് നെടുമ്പാശ്ശേരിയിലേക്കും അവിടെനിന്ന് അങ്കമാലിയിലേക്കുമുള്ള മെട്രോ പദ്ധതിയുടെ അലൈൻമെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിനായി സംസ്ഥാന സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. പദ്ധതിക്ക് കേന്ദ്രത്തിന്റെ അനുമതി ഉൾപ്പെടെയുള്ള നടപടികൾ കൂടി പൂർത്തിയാകേണ്ടതുണ്ട്.

**ആലുവയുടെ വികസനത്തിനായി ചെയ്യാൻ ഉദ്ദേശിക്കുന്ന ഡ്രീം പ്രൊജക്ടുകൾ എന്തൊക്കെയാണ്?**

ഞാൻ ഭരണപക്ഷ എം.എൽ.എ. ആയിരുന്ന കാലത്ത് നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രതിപക്ഷത്തായിരുന്ന ഈ പത്ത് വർഷക്കാലത്ത് വികസനത്തിനായി ആവശ്യമായത്ര ഫണ്ട് ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ ഭരണപക്ഷ എം.എൽ.എ. ആയതോടെ ആലുവയുടെ വികസനത്തിന് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷയുണ്ട്.

ആദ്യം തന്നെ ആലുവയിലെ പ്രധാന റോഡുകൾ വികസിപ്പിക്കണമെന്നാണ് ലക്ഷ്യം. ആലുവ മാർക്കറ്റിന്റെ വികസനമാണ് മറ്റൊരു പ്രധാന പദ്ധതി. ഏകദേശം 50 കോടി രൂപ ചെലവിൽ പുതിയ മാർക്കറ്റിന്റെ നിർമാണം പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. അതോടൊപ്പം ഓവർബ്രിഡ്ജിന്റെ നിർമാണവും പുരോഗമിക്കുന്നുണ്ട്.

ഇതോടൊപ്പം ആലുവയിലെ ടൂറിസം വികസനത്തിനും വലിയ സാധ്യതയുണ്ട്. പെരിയാറിന്റെ തീരത്ത് ഒരു മികച്ച ടൂറിസം പദ്ധതി കൊണ്ടുവരണമെന്നത് എന്റെ സ്വപ്നമാണ്. അതിന്റെ പ്രാഥമിക നിർദേശങ്ങളും രേഖകളും ബന്ധപ്പെട്ട മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർനടപടികളും മുന്നോട്ടുപോകുകയാണ്.

**മുഖ്യമന്ത്രി എന്ന നിലയിൽ വി.ഡി. സതീശന്റെ പ്രവർത്തനങ്ങളെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയിൽ വി.ഡി. സതീശൻ നല്ല രീതിയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. വ്യക്തമായ കാഴ്ചപ്പാടോടെയാണ് അദ്ദേഹം പ്രവർത്തിക്കുന്നത്. അദ്ദേഹം പറയുന്ന കാര്യങ്ങൾ വളരെ വ്യക്തമായും കൃത്യമായും അവതരിപ്പിക്കുന്ന വ്യക്തിയാണ്. അതുകൊണ്ടുതന്നെ ഞങ്ങൾക്ക് അദ്ദേഹത്തിൽ വലിയ പ്രതീക്ഷയുണ്ട്.

നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെട്ട് നിരവധി വികസന പ്രവർത്തനങ്ങൾ വരാനുണ്ട്. അതിന്റെ ചർച്ചകളും നടന്നുവരികയാണ്. അതുപോലെ ആലുവയിൽ ബി.സി.സി.ഐയുടെ നേതൃത്വത്തിൽ ഒരു സ്റ്റേഡിയം വരാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്..

**ഓപ്പറേഷൻ തൂഫാൻ സമൂഹത്തിലെ ലഹരി വ്യാപനം അവസാനിപ്പിക്കാൻ സഹായിക്കുമോ?**

തീർച്ചയായും. ഇന്ന് കേരളത്തിലെ ജനങ്ങൾക്കിടയിൽ ഓപ്പറേഷൻ തൂഫാനെക്കുറിച്ച് വലിയ പ്രതീക്ഷയും പിന്തുണയുമാണുള്ളത്. ഞാൻ അമേരിക്കയിൽ എത്തിയപ്പോഴും പലരും ഓപ്പറേഷൻ തൂഫാനെക്കുറിച്ച് നല്ല അഭിപ്രായമാണ് പങ്കുവച്ചത്. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയെ ആദരിച്ച ചടങ്ങുകളിലൊക്കെയും ഈ വിഷയം വലിയ രീതിയിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തു.

അമേരിക്കൻ മലയാളികളോടും എനിക്ക് ഒരു അഭ്യർഥനയുണ്ട്. നിങ്ങൾ അമേരിക്കയിൽ ആയിരുന്നാലും കേരളത്തിലെ ഈ ലഹരിവിരുദ്ധ പോരാട്ടത്തിന് കഴിയുന്ന രീതിയിൽ പിന്തുണ നൽകണം. ബോധവത്കരണ പ്രവർത്തനങ്ങൾക്കും ക്യാമ്പയിനുകൾക്കും നിങ്ങളുടെ പിന്തുണ ഉണ്ടാകണം. നമ്മുടെ അടുത്ത തലമുറയെ സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ എല്ലാവരും അണിചേരണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

ഇത്തരമൊരു അഭിമുഖത്തിന് അവസരം നൽകിയതിനും അമേരിക്കയിൽ എത്തി മലയാളി സമൂഹവുമായി സംവദിക്കാൻ കഴിഞ്ഞതിനും എനിക്ക് വളരെ സന്തോഷമുണ്ട്.





# നാട് കത്തിയെരിയുമ്പോൾ വീണ്ടും വീണ വായിക്കുകയാണോ?

**ഡോ. യു.പി.ആർ. മേനോൻ**

തെരുവുകളിൽ കത്തുന്നത് സ്വാഭാവികമായ ജനരോഷമാണോ അതോ മറ്റെവിടെയോ തയ്യാറാക്കിയ അതിസൂക്ഷ്മമായ ഒരു അട്ടിമറി തിരക്കഥയുടെ ക്ലൈമാക്സോ?

കണ്ണു തുറന്നു കാണേണ്ട ചില അസ്വസ്ഥ ജനകമായ സത്യങ്ങളുണ്ട്.

1970-ൽ സോവിയറ്റ് ചാരസംഘടനയായ കെ.ജി.ബിയിൽ നിന്ന് കൂറുമാറിയ യൂറി ബെസ്മെനോവ് ലോകത്തോട് ഒരു രഹസ്യം വെളിപ്പെടുത്തിയിരുന്നു. ഒരു വെടിയുണ്ട പോലും പാഴാക്കാതെ മിസൈലുകൾ തൊടുക്കാതെ, ഒരു വൻശക്തിയെ ഉള്ളിൽനിന്നു തിന്നുതീർക്കാനുള്ള നാല് ഘട്ടങ്ങളുള്ള സൈക്കോളജിക്കൽ വാർഫെയർ ബ്ലൂപ്രിന്റ്.

ഇന്ന് നമ്മൾ ഇന്ത്യയിൽ കാണുന്ന അസ്വസ്ഥതകളിലേക്ക് ബെസ്മെനോവിന്റെ ആ സിദ്ധാന്തം വെച്ചു നോക്കിയാൽ രോമം എഴുന്നു നിൽക്കുന്ന ഒരു കൃത്യത കാണാം.

**ഒന്നാംഘട്ടം: ഡിമോറലൈസേഷൻ (Demoralization).** ഇതിനു വേണ്ടത് 15 മുതൽ 20 വർഷങ്ങളാണ്. അതായത് ഒരു പുതിയ തലമുറ വളർന്നു വരുന്ന അത്രയും സമയം. ലക്ഷ്യം ഒരു രാജ്യത്തിന്റെ സംസ്കാരവും വിദ്യാഭ്യാസവും മാധ്യമങ്ങളുമാണ്. സ്വന്തം ചരിത്രത്തെയും പാരമ്പര്യത്തെയും അപകർഷതാബോധത്തോടെ കാണാൻ ഒരു തലമുറയെ ബോധപൂർവ്വം പഠിപ്പിച്ചെടുക്കുന്നു.

ഒടുവിൽ സ്വന്തം രാജ്യത്തെ അനുകൂലിച്ച് സംസാരിക്കുന്നത് പോലും എന്തോ അപരാധമാണെന്ന് അവർ സ്വയം ചിന്തിച്ച് തുടങ്ങുന്നിടത്താണ് ഈ ഘട്ടം വിജയിക്കുന്നത്.

**രണ്ടാം ഘട്ടം: ഡീസ്റ്റെബിലൈസേഷൻ (Destabilization).** ഇവിടെ ആക്രമണം സംസ്കാരത്തിൽ നിന്ന് ഭരണഘടനാ സ്ഥാപനങ്ങളിലേക്ക് മാറുന്നു. കോടതികൾ, തെരഞ്ഞെടുപ്പ് കമ്മീഷൻ, പോലീസ്, സാമ്പത്തിക രംഗം, വിദേശനയം... എല്ലാം നിരന്തരമായ സംശയത്തിന്റെ നിഴലിലാക്കപ്പെടുന്നു. ജാതിയും മതവും സ്ഥിരം യുദ്ധക്കളമാകുന്നു. ഭരണസംവിധാനത്തിലെ എല്ലാ വിയോജിപ്പുകളെയും ഈ സംവിധാനം തന്നെ അഴിമതി നിറഞ്ഞതാണ്, പരാജയമാണ് എന്ന പ്രചാരണമാക്കി മാറ്റുന്നു.

**മൂന്നാം ഘട്ടം: ക്രൈസിസ് (Crisis).** ഇതാണ് ഇപ്പോൾ നാം നമ്മുടെ കൺമുന്നിൽ കാണുന്നത്. തുടക്കം ഒരു പ്രത്യേക പരാതിയിലോ ഒരു വ്യക്തിയുടെ രാജി ആവശ്യത്തിലോ ആയിരുന്നു. പെട്ടെന്നാണ് ലക്ഷ്യം മാറിയത്. തെരഞ്ഞെടുപ്പ് കമ്മീഷൻ ഒന്നടങ്കം പക്ഷപാതപരമാണെന്ന വാദത്തിലേക്ക് കാര്യങ്ങൾ നീങ്ങി.

തെരുവുകളിലെ യാഥാർത്ഥ്യം ഒന്നു നോക്കൂ, 23,000 പോലീസുകാർ, അടച്ചുപൂട്ടിയ 57 മെട്രോ സ്റ്റേഷനുകൾ, രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്ന് സംഘടിപ്പിച്ചെത്തുന്ന പതിനായിരങ്ങൾ, നിയന്ത്രണങ്ങൾ കാറ്റിൽ പറത്തി അരങ്ങേറുന്ന സംഘർഷങ്ങൾ.

ഇതൊരു കൃത്യമായ സൈക്കോളജിക്കൽ കെണിയാണ്. ഭരണകൂടം ഒന്നും ചെയ്യാതെ നോക്കിനിന്നാൽ ക്രമസമാധാനം തകരും; അരാജകത്വം പടരും.

മറിച്ച്, അക്രമം തടയാൻ നിയമപരമായി ഇടപെട്ടാലോ? ആ നടപടിയെ ഉടൻതന്നെ ഫാസിസം, അടിയന്തരാവസ്ഥ, ജനാധിപത്യ ധ്വംസനം എന്ന് മുദ്രകുത്തി ആഗോളതലത്തിൽ വൻ പ്രചാരണായുധമാക്കും. ഭരണകൂടത്തിന് ഏതു വഴിയെടുത്താലും പരുക്കേൽക്കുന്ന ചെക്ക്-മേറ്റ് തന്ത്രം.

**നാലാം ഘട്ടം: നോർമലൈസേഷൻ (Normalization).** ബെസ്മെനോവിന്റെ തന്ത്രത്തിലെ അവസാനത്തെ ആണി. ജനങ്ങൾക്ക് ഭരണസംവിധാനത്തിലുള്ള വിശ്വാസം പൂർണ്ണമായി തകർന്ന് രാജ്യം കടുത്ത അരാജകത്വത്തിലേക്ക് വീഴുമ്പോൾ, അവിടേക്ക് പുതിയൊരു രാഷ്ട്രീയക്രമം അടിച്ചേല്പിക്കപ്പെടുന്നു. അപ്പോൾ ലക്ഷ്യം ഒരു നിയമമോ ഉദ്യോഗസ്ഥനോ ആകില്ല. രാജ്യത്തിന്റെ പരമാധികാരവും നിലനില്പും തന്നെയാകും.



ലേഖകൻ

ഒന്ന് പിറകിലേക്ക് ചിന്തിച്ചു നോക്കൂ.

ഒരു ചെറിയ പരാതിയിൽ തുടങ്ങി, ഒരു വ്യക്തിയിലേക്ക് തിരിഞ്ഞ്, പിന്നീട് ഒരു ഭരണഘടനാ സ്ഥാപനത്തെ ലക്ഷ്യമിട്ട്, ഒടുവിൽ രാജ്യത്തിന്റെ മുഴുവൻ ഭരണസംവിധാനത്തെയും അവിഹിതമെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ഈ കൃത്യമായ വഴിത്താര... ഇത് യാദൃശ്ചികമാണോ?

ഇന്ത്യ ഇപ്പോൾ സ്വയം ചോദിക്കേണ്ട ചോദ്യം ഒന്നേയുള്ളൂ.

നമ്മുടെ തെരുവുകളിൽ ആളിപ്പടരുന്നത് സാധാരണ ജനാധിപത്യ പ്രതിഷേധങ്ങളാണോ, അതോ അതിർത്തികൾക്കപ്പുറത്ത് നിന്ന് ചരട് വലിക്കുന്ന ഏതോ വൻ അട്ടിമറി അജണ്ടയുടെ ക്രൈസിസ് ഘട്ടമാണോ?

വരികൾക്കിടയിലൂടെ വായിക്കാൻ ഇനിയെങ്കിലും നമ്മൾ പഠിച്ചില്ലെങ്കിൽ നഷ്ടപ്പെടുന്നത് ഒരു രാഷ്ട്രത്തിന്റെ അടിത്തറയായിരിക്കും.

# വേൾഡ് മലയാളി കൗൺസിൽ ഷാർലെറ്റ് പ്രൊവിൻസ് നിലവിൽ വന്നു







ഷാർലെറ്റ്: വേൾഡ് മലയാളി കൗൺസിൽ ഷാർലെറ്റ് പ്രൊവിൻസ് (നോർത്ത് കരോളിന)ന്റെ സ്ഥാപനവും കമ്മിറ്റി അംഗങ്ങളുടെ പ്രതിജ്ഞയും ഒക്ടോബർ 10-ന് ശനിയാഴ്ച നടന്നു. പ്രസ്തുത ചടങ്ങിൽ സംഘടനയുടെ ഗ്ലോബൽ അമേരിക്ക റീജിയൻ ലീഡേഴ്സുമാരായ തോമസ് മൊട്ടക്കൽ (ഗ്ലോബൽ ചെയർമാൻ), ഡോ. ബാബു സ്റ്റീഫൻ (ഗ്ലോബൽ പ്രസിഡണ്ട്), ഷാജി മാത്യു (ഗ്ലോബൽ സെക്രട്ടറി), സണ്ണി വെളിയത്ത് (ഗ്ലോബൽ ട്രഷറർ), ജെയിംസ് കൂടൽ (വിപി അഡ്മിൻ), തങ്കം അരവിന്ദ് (വിപി അഡ്മിൻ), ഷീല റെജി (ഗ്ലോബൽ വിമൻസ് ഫോറം), രേഷ്മ റെജി (യൂത്ത് ഫോറം), ബ്ലസൺ മണ്ണിൽ (അമേരിക്ക റീജിയൻ പ്രസിഡണ്ട്), സാജു തുരുത്തേൽ (ഗ്ലോബൽ ഒസിഐ ചെയർമാൻ), ബിജു ഇട്ടൻ (അമേരിക്കൻ റീജിയൻ വി.പി) എന്നിവർ പ്രസംഗിച്ചു.

പുതിയ റീജിയൻ പ്രതിജ്ഞ തോമസ് മൊട്ടക്കൽ (ഗ്ലോബൽ ചെയർമാൻ) നിർവഹിച്ചു.

**സാജു തുരുത്തേൽ**

ഷാർലെറ്റ് പ്രൊവിൻസ് ലീഡേഴ്സ് ഷാജി പീറ്റർ (ചെയർമാൻ), എൽദോ പോൾ (പ്രസിഡണ്ട്), സിബി ജേക്കബ് (സെക്രട്ടറി), ഷിബി വർഗീസ് (ട്രഷറർ), ലീലാമ്മ ജോസ്മാണി (വി.പി അഡ്മിൻ), രജത് കാക്കുനാഥ് (വൈസ് ചെയർമാൻ), ജോൺ പീറ്റേഴ്സ് (വൈസ് ചെയർമാൻ), പീറ്റർ കോറാത്ത് (വൈസ് പ്രസിഡണ്ട്), ഗ്രേസി ജോസ് (വൈസ് പ്രസിഡണ്ട്), ബോബി ജോൺ (ജോയിന്റ് സെക്രട്ടറി), രഞ്ജിത്ത് ഗോപാലൻ (ജോയിന്റ് ട്രഷറർ), നിഷ അലക്സ് (ചെയർമാൻ വിമൻസ് ഫോറം), പ്രിയ വർഗീസ് (സെക്രട്ടറി വിമൻസ് ഫോറം), എക്സിക്യൂട്ടീവ് മെംബേഴ്സ് ആയി ജോർജ് ജോസഫ്, ജോർജ് മാണി, ലാൽസൺ, രുഗ്മിണി ശ്രീജിത്ത്, വിനയ് വിജയൻ എന്നിവരെ തെരഞ്ഞെടുത്തു.

യൂത്ത്ഫോറം ഭാരവാഹികളായി ആഗ്നസ് ജേക്കബ്, താഷ പോൾ എന്നിവരെയും മീഡിയ കോ-ഓർഡിനേറ്റർ ആയി അന്നു ജോസിനെയും തെരഞ്ഞെടുത്തു. ചടങ്ങിൽ ഷാജി പീറ്റർ, എൽദോ പോൾ, സിബി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ഷിബി വർഗീസ് നന്ദിപ്രകാശനം നിർവഹിച്ചു. വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു.

# ഫാ. ജോസ് കണ്ടത്തിക്കുടി അനുസ്മരണവും ചാരിറ്റി ഡിന്നറും നവംബർ 14-ന് ന്യൂയോർക്കിൽ മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യ കാർമ്മികൻ

ന്യൂയോർക്ക്: കാൽനൂറ്റാണ്ടിലധികം അമേരിക്കയിലെ സീറോമലബാർ വിശ്വാസികൾക്കായി സേവനം ചെയ്ത റവ. ഫാ. ജോസ് കണ്ടത്തിക്കുടിയുടെ രണ്ടാമത് അനുസ്മരണവും "ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന്റെ" ആഭിമുഖ്യത്തിൽ നടത്തുന്ന "ചാരിറ്റി ഡിന്നറും" നവംബർ 14-ന് ശനിയാഴ്ച വൈകുന്നേരം നാല് മണിക്ക് ബ്രോങ്ക്സ് സെന്റ് തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിൽ വെച്ചു നടക്കും.

നാല് മണിക്ക് ആരംഭിക്കുന്ന വിശുദ്ധ കുർബ്ബാനയ്ക്ക് ചിക്കാഗോ രൂപത മുൻ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യ കാർമ്മികത്വം വഹിക്കും. ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന, റവ. ഫാ. തദേവൂസ് അരവിന്ദത്ത്, റവ. ഫാ. ജോൺസ്റ്റി തച്ചാറ. റവ. ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ എന്നിവർ സഹ കാർമ്മികരും ആയിരിക്കും. തുടർന്നു പാരിഷ് ഹാളിൽ നടക്കുന്ന ജോസച്ചൻ അനുസ്മരണം മാർ ജേക്കബ് അങ്ങാടിയത്ത് ഉദ്ഘാടനം ചെയ്യും.

ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ഓർമ്മയും പൈതൃകവും വരുംതലമുറയ്ക്ക് പ്രചോദനമാകും വിധം നിലനിർത്തുന്നതിനു വേണ്ടി രൂപീകരിച്ച "ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷൻ", ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, വൈദിക വിദ്യാർത്ഥികളെ സഹായിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന സഹായം എത്തിക്കുക, അതുപോലെ വൃക്ക രോഗികൾക്ക് ചികിത്സാ സഹായം നൽകുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. ചാരിറ്റി ഡിന്നറിലൂടെ സമാഹരിക്കുന്ന തുക പൂർണ്ണമായും ഈ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്. നോൺ പ്രോഫിറ്റ് ഓർഗനൈസഷനായി ഡിപ്പാർട്മെന്റ് ഓഫ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനു 501(സി)(3) സ്റ്റാറ്റസും ലഭിച്ചിട്ടുണ്ട്. ഫൗണ്ടേഷന്റെ ഔപചാരികമായ ഉദ്ഘാടനം, ജോസച്ചന്റെ ഒന്നാം വാർഷിക ആചരണത്തിൽ വെച്ച് ബിഷപ് മാർ ജോയ് ആലപ്പാട്ടാണ് നിർവ്വഹിച്ചത്.

11 അംഗ ഡയറക്ടർ ബോർഡാണ് ഫൗണ്ടേഷന്റെ ഭരണച്ചുമതല വഹിക്കുന്നത്. ഷോളി കുമ്പിളുവേലി (ചെയർമാൻ), ബിജു കാപ്പുകാട്ട് (സെക്രട്ടറി), ജോസഫ് കാഞ്ഞമല സിപിഎ (ട്രഷറർ), കൂടാതെ ടോം പെരുമ്പായിൽ (സോമർസെറ്റ്, ന്യൂജേഴ്സി), ബാബു ജോസഫ് സിപിഎ (പാറ്റേഴ്സൺ, ന്യൂജേഴ്സി), ജേക്കബ് ചൂരവടി (റോക്ലാൻഡ്, ന്യൂയോർക്ക്), പൈലപ്പൻ കണ്ണൂക്കാടൻ (ചിക്കാഗോ), ടോം വി. തോമസ് (സ്റ്റാറ്റൻ ഐലൻഡ്, ന്യൂയോർക്ക്), ലാലി കളപ്പുരക്കൽ (ലോങ്ങ് ഐലൻഡ്, ന്യൂയോർക്ക്), ഷേർലി അടാട്ട് (ബ്രോങ്ക്സ്, ന്യൂയോർക്ക്), ജോൺ വാളിപ്ലാക്കൽ (ബ്രോങ്ക്സ്, ന്യൂയോർക്ക്) എന്നിവർ നിലവിൽ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

**ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ഹ്രസ്വ ജീവചരിത്രം**

1945 മെയ് 30-ാം തീയതി പാലക്കാട്ട് ജില്ലയിലെ കാഞ്ഞിരപ്പുഴ കണ്ടത്തിക്കുടി ജോൺ-ത്രേസ്യക്കുട്ടി ദമ്പതികളുടെ മൂത്ത മകനായി ജനച്ച ഫാ. ജോസ്, 1962-ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്നു വടവാതൂർ സെമിനാരിയിലും റോമിലെ അർബൻ യൂണിവേഴ്സിറ്റിയിലും വൈദിക പഠനം പൂർത്തിയാക്കി. 1971 മാർച്ച് 27-ാം തീയതി വത്തിക്കാനിൽവെച്ച് കർദ്ദിനാൾ ആഗ്നെലോ റോസ്സിയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

1973-ൽ കേരളത്തിൽ തിരിച്ചെത്തി, തലശ്ശേരി-മണിമൂളി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ആരംഭിച്ച ജോസച്ചൻ, കൽപറ്റ, ചാരിറ്റി, ഒലിവുമല, എടപ്പെട്ടി, പൊഴമുടി തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടിലെ കുനൂർ, ബാർലിയൻ, വരുവൻകാട് എന്നിവിടങ്ങളിൽ ഇടവകകൾ സ്ഥാപിക്കുകയും വികാരിയായി സേവനവും ചെയ്തു.

തലശ്ശേരി-മാനന്തവാടി രൂപതകളിലെ വിവിധ ആദ്ധ്യാത്മിക മേഖലകളിലും ജോസച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. മാനന്തവാടി സെന്റ് ജോസഫ്സ് പ്രസ് മാനേജർ, മാനന്തവാടി രൂപതയുടെ ചാൻസലർ, മതബോധന ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ, സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ, തൂങ്കുഴി പിതാവിന്റെ സെക്രട്ടറി തുടങ്ങി വിവിധ തലങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനായി, സിനഡ് തീരുമാന പ്രകാരം 1995-ൽ അമേരിക്കയിൽ എത്തിയ ഫാ. ജോസ് കണ്ടത്തിക്കുടി, തുടക്കത്തിൽ ചിക്കാഗോയിലെ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനു നേതൃത്വം നൽകി. തുടർന്നു ന്യൂജേഴ്സിയിലെയും, ന്യൂയോർക്കിലെയും വിവിധ സ്ഥലങ്ങളിലും സീറോമലബാർ വിശ്വാസികളെ സംഘടിപ്പിക്കുകയും ഇടവകകൾ സ്ഥാപിക്കുകയും ചെയ്തു. 2002 മാർച്ചുമാസം ന്യൂയോർക്കിലെ ബ്രോങ്ക്സിൽ സെന്റ് തോമസ് സീറോമലബാർ ഇടവക സ്ഥാപിക്കുകയും, 2020-ൽ റിട്ടയർ ആകുന്നതുവരെ ബ്രോങ്ക്സ് ഇടവക വികാരിയായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. ന്യൂയോർക്കിലും കണക്റ്റിക്കെട്ടിലും വിവിധ സ്ഥലങ്ങളിൽ സീറോമലബാർ ഇടവകയും, മിഷനുകളും സ്ഥാപിക്കാനും ജോസച്ചൻ മുൻകൈ എടുത്തു. ഇക്കാലയളവിൽ കലശലായ വൃക്കരോഗം പിടിപെടുകയും രണ്ടു പ്രാവശ്യം വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനാകുകയും ചെയ്തു. റിട്ടയർ ആയതിനുശേഷം നാട്ടിലും അമേരിക്കയിലുമായി വിശ്രമ ജീവിതം നയിച്ചുവന്ന ജോസച്ചൻ, 2024 ഡിസംബർ 21-ാം തീയതി ന്യൂയോർക്കിൽ നിര്യാതനായി.

നാട്ടിലും അമേരിക്കയിലുമായി അമ്പത്തിയഞ്ചു വർഷക്കാലം വിശ്വാസികൾക്കായി ശുശ്രൂഷ ചെയ്യുകയും, അമേരിക്കയിലെ സീറോമലബാർ സമൂഹം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ സംഭാവനകൾ നൽകുകയും ചെയ്ത, ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ജീവിതം വരുംതലമുറയ്ക്ക് പ്രചോദനമാകും വിധം നിലനിർത്തുന്നതിനുവേണ്ടിയാണ് "ഫാ. ജോസ് കണ്ടിത്തിക്കുടി ഫൗണ്ടേഷൻ" പ്രവർത്തിക്കുന്നത്.

നവംബർ 14-ന് ശനിയാഴ്ച നടക്കുന്ന ജോസച്ചൻ അനുസ്മരണത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവിരങ്ങൾക്ക്: 914 330 6340




# IOCUSA Strongly Condemns Foiled Attack on Hindu Temple in Illinois

New York: The Indian Overseas Congress USA (IOCUSA) strongly condemns the alleged attempt to carry out a mass shooting at a Hindu temple in Aurora, Illinois, and calls upon law enforcement authorities to thoroughly investigate the incident and bring those responsible to justice.

According to media reports, a 19-year-old suspect was arrested after allegedly planning an attack on Hindu worshippers. Investigators reportedly discovered weapons, ammunition, and a disturbing manifesto expressing white supremacist views and describing Indians and other minority communities in degrading and racist terms.

"This is not merely an attack on a Hindu temple or the Indian American community. It is an attack on the very principles of religious liberty, human dignity, and freedom of conscience upon which the United States was founded," said George Abraham, Vice Chairman of the Indian Overseas Congress USA.

Indian Americans are a hardworking, peaceful, law-abiding community that has contributed enormously to the economic, scientific, educational, and cultural advancement of the United States. Religious freedom and respect for diverse faiths are integral parts of their heritage. No community should ever have to live in fear simply because of its ethnicity, religious beliefs, or place of worship.

These unprovoked threats, driven by racism, religious intolerance, and hatred, have absolutely no place in American society. The United States has long stood as a beacon of freedom where people of different religions and backgrounds can live together and practice their faith without fear or intimidation.

"We urge federal and local law enforcement authorities to investigate this incident thoroughly, examine its possible hate-crime dimensions, and ensure that justice is served in accordance with the law. Such acts of hatred and intimidation must never be tolerated or allowed to become normalized in our society," Abraham added.


George Abraham

IOCUSA also commends the alert citizens and law enforcement officials whose timely actions helped prevent a possible tragedy.

As two great democracies, the United States and India have a special responsibility to safeguard religious freedom and freedom of conscience, particularly for minority communities. These freedoms cannot be selective. The right to worship freely must be protected equally, whether one is a Hindu, Muslim, Christian, Sikh, Jew, or follower of any other faith.

**IOCUSA reaffirms its solidarity with the Hindu community in Illinois and across the United States and calls upon all Americans to reject racism, religious hatred, and extremism in every form.**

KERALA EXPRESS പ്രവാസി താളുകൾ

# കേരളീയം 2026; കേരള ഫോറത്തിന്റെ കേരള ദിനാഘോഷം നവംബർ എട്ടിന് ഫിലാഡൽഫിയയിൽ

ആഷാ മാത്യു

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരളീയം 2026 കേരള ദിനാഘോഷം നവംബർ 8-ന് ഫിലാഡൽഫിയയിൽ നടക്കും.

വൈകിട്ട് 4 മണിക്ക് അസൻഷൻ മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് (10197 Northeast Avenue Philadelphia, PA 19116-ലെ Ascension Mar Thoma Church Auditorium) വിവിധ കലാ-സാംസ്കാരിക പരിപാടികളുടെ അകമ്പടിയോടെ കേരളപ്പിറവി ദിനാഘോഷം പ്രവാസി മലയാളികൾ ആഘോഷമാക്കും. കേരളീയ സംസ്കാരവും പാരമ്പര്യവും പ്രവാസി മലയാളികളിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനൊപ്പം കുടിയേറ്റം, സീനിയർ കെയർ, റിട്ടയർമെന്റ് തുടങ്ങിയ പ്രവാസി സമൂഹം നിലവിൽ നേരിടുന്ന പ്രധാന വിഷയങ്ങളിൽ വിദഗ്ദ്ധരുമായി സംവദിക്കാനുള്ള അവസരവും പരിപാടിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

24 ന്യൂസ് അസോഷ്യേറ്റ് എക്സിക്യൂട്ടീവ് എഡിറ്റർ വി. അരവിന്ദ് ആണ് പരിപാടിയുടെ മുഖ്യാതിഥി. മാധ്യമരംഗത്ത് പ്രശംസനീയമായ പ്രവർത്തന പരിചയമുള്ള വി. അരവിന്ദിന്റെ സാന്നിദ്ധ്യം പരിപാടി കൂടുതൽ ശ്രദ്ധേയമാക്കും. ഫിലാഡൽഫിയയിലെ പ്രമുഖ ഇമിഗ്രേഷൻ അറ്റോർണി റിക്കി പല്ലഡിനോ വിശിഷ്ടാതിഥിയായി പങ്കെടുക്കും. അമേരിക്കയിലെ കുടിയേറ്റ നിയമങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ അദ്ദേഹത്തോട് നേരിട്ട് ചോദ്യങ്ങൾ ചോദിക്കാനും സംശയങ്ങൾ തീർക്കാനും പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് അവസരമുണ്ടാകും. പ്രവാസി സമൂഹത്തിന് ഏറെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ സംവാദം ഒരുക്കിയിരിക്കുന്നത്.

പരിപാടിയിലെ പ്രധാന ആകർഷണങ്ങളിലൊന്ന് 'Senior Care & Retirement-Key Precautions & Insights' എന്ന പ്രത്യേക സെമിനാറാണ്. സീനിയർ കെയർ, ഇൻഡിപെൻഡന്റ് ലിവിംഗ്, റിട്ടയർമെന്റ് മേഖലകളിലെ വിദഗ്ദ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചയാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്. പ്രായമായ മാതാപിതാക്കളുടെ പരിചരണം, സ്വതന്ത്രജീവിതത്തിനുള്ള സൗകര്യങ്ങൾ, റിട്ടയർമെന്റിന് മുന്നോടിയായി സ്വീകരിക്കേണ്ട മുൻകരുതലുകൾ തുടങ്ങിയ വിഷയങ്ങളിൽ നേരിട്ട് ചോദ്യങ്ങൾ ചോദിക്കാനും വിദഗ്ദ്ധരിൽ നിന്ന് മറുപടി നേടാനും അവസരമുണ്ടാകും. പ്രവാസി മലയാളി കുടുംബങ്ങൾക്ക് ഏറെ പ്രസക്തമായ വിഷയങ്ങളായതിനാൽ സെമിനാർ പരിപാടിയുടെ പ്രധാന ആകർഷണങ്ങളിലൊന്നാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

അറിവും സംവാദവും മാത്രമല്ല കേരളത്തിന്റെ തനത് കലാ-സാംസ്കാരിക പൈതൃകവും പരിപാടിയിൽ നിറയും. ട്രൈസ്റ്റേറ്റ് മേഖലയിലെ പ്രമുഖ കലാകാരന്മാർ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക പരിപാടികൾ കേരളീയം 2026-ന്റെ സാംസ്കാരിക സായാഹ്നത്തിന് മാറ്റുകൂട്ടും.

കേരളത്തിന്റെ തനിമയും പ്രവാസി മലയാളികളുടെ കൂട്ടായ്മയും ഒരുമിക്കുന്ന വേദിയായി പരിപാടിയെ ഒരുക്കുകയാണ് ട്രൈസ്റ്റേറ്റ് കേരള ഫോറം കുടുംബസമേതം പങ്കെടുക്കാവുന്ന രീതിയിലാണ് കേരളീയം 2026 സംഘടിപ്പിച്ചിരിക്കുന്നത്. പരിപാടിയിലേക്ക് പ്രവേശനം സൗജന്യമാണ്. പങ്കെടുക്കുന്നവർക്കായി ഡിന്നറും ഒരുക്കിയിട്ടുണ്ട്. പ്രവാസ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളിൽ വിദഗ്ദ്ധരുമായി സംവദിക്കാനും പ്രമുഖ അതിഥികളെ നേരിൽ കാണാനും കേരളീയ കലാ-സാംസ്കാരിക പരിപാടികൾ ആസ്വദിക്കാനും അവസരമൊരുക്കുന്ന കേരളീയം 2026 ഫിലാഡൽഫിയയിലെ മലയാളി സമൂഹത്തിന് അറിവിന്റെയും സൗഹൃദത്തിന്റെയും ആഘോഷത്തിന്റെയും വേദിയാകുമെന്നതിൽ സംശയമില്ല.

കേരളദിന ആഘോഷക്കമ്മിറ്റി ചെയർമാൻ തോമസ് പോളിന്റെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ലെനോ സ്കറിയ, ജോബി ജോർജ്, രാജൻ സാമുവൽ, സുരേഷ് നായർ, ജീമോൻ ജോർജ്, ബിനു മാത്യു, റോണി വർഗീസ് എന്നിവർക്കൊപ്പം വിൻസന്റ് ഇമ്മാനുവൽ, ജോർജ് ഓലിക്കൽ, അലക്സ് തോമസ്, സുധ കർത്ത, അഭിലാഷ് ജോൺ, ഫിലിപ്പോസ് ചെറിയാൻ, സുരേഷ് നായർ, ആഷ അഗസ്റ്റിൻ, ബിനു മാത്യു, സുമോദ് നെല്ലിക്കാല, സാജൻ വർഗീസ്, ദിലീപ് ജോർജ്, ജോൺ പണിക്കർ എന്നിവരുടെയും സംഘമാണ് മികവിൽ കേരളപ്പിറവി ദിനാഘോഷത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.




## തയീബ് മേത്തയുടെ ചിത്രത്തിന് 69 കോടി

ന്യൂഡൽഹി: ചിത്ര വിൽപനയിൽ സ്വന്തം റെക്കോർഡ് തിരുത്തി പ്രശസ്ത ചിത്രകാരൻ തയീബ് മേത്ത. അവസാനകാലത്ത് വരച്ച ചിത്രങ്ങളിലൊന്നായ 'റിക്ഷ പുള്ളർ' ഈയിടെ നടന്ന ലേലത്തിൽ വിറ്റുപോയത് 69.1 കോടി രൂപയ്ക്ക്. 2025-ൽ മേത്തയുടെ 'ട്രസ്ഡ് ബുൾ' എന്ന ചിത്രം 61.8 കോടി രൂപയ്ക്ക് വിറ്റിരുന്നു. വോൾട്ടെ ഉന എന്ന ലേലസ്ഥാപനത്തിന്റെ ഉദ്ഘാടന ലേലത്തിലാണ് റെക്കോർഡ് വില്പന നടന്നത്. നിലവിൽ, ലേലത്തിൽ വിൽക്കപ്പെടുന്ന, ഒരു ഇന്ത്യൻ ചിത്രകാരന്റെ ഏറ്റവും വിലകൂടിയ നാലാമത്തെ പെയിന്റിങ് ആണ് റിക്ഷ പുള്ളർ. 167 കോടി രൂപയ്ക്ക് വിറ്റുപോയ രവിവർമ ചിത്രമാണ് ഒന്നാമത്. എം.എഫ്. ഹുസൈന്റെ ചിത്രങ്ങളാണ് മൂന്നാമതും നാലാമതും കൊൽക്കത്തയിൽ അമ്മൂമ്മയ്ക്കൊപ്പം കഴിഞ്ഞ കാലത്ത് കണ്ടുമുട്ടിയ റിക്ഷത്തൊഴിലാളികൾ മേത്തയുടെ ചിത്രങ്ങളിൽ സ്ഥിരം സാന്നിധ്യമായിരുന്നു.

## 'വെറുതെ പാടിയ പക്ഷി' പ്രകാശനം ചെയ്തു

കോട്ടയം: അമേരിക്കൻ മലയാളി എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളത്തിന്റെ കവിതാസമാഹാരം 'വെറുതെ പാടിയ പക്ഷി' കവി മധുസൂദനൻ നായർ സാഹിത്യ അക്കാദമി പ്രസിഡണ്ട് കല്പറ്റ നാരായണന് നല്കി പ്രകാശനം ചെയ്തു. മഹാകവി നാലപ്പാട്ട് നാരായണമേനോന്റെ 139-ാം ജന്മദിനത്തിൽ പുന്നയൂർക്കുളം കുന്നത്തൂർ മന ഹെറിറ്റേജിൽ നടന്ന ചടങ്ങിൽ ടി. മോഹൻ ബാബു അദ്ധ്യക്ഷത വഹിച്ചു. പി.ആർ. നാഥൻ, ആലങ്കോട് ലീലാകൃഷ്ണൻ, ടി. കൃഷ്ണദാസ്, ഉമ്മർ അറക്കൽ, ബാഹുലേയൻ താമരശ്ശേരി, സക്കറിയ തുടങ്ങിയവർ പങ്കെടുത്തു. സതീഷ്കുമാർ എ.കെ. സ്വാഗതവും സരിത അശോകൻ നാലപ്പാട്ട് നന്ദിയും പറഞ്ഞു. അബ്ദുൾ പുന്നയൂർക്കുളത്തിന്റെ നേതൃത്വത്തിൽ പുന്നയൂർക്കുളത്തും പരിസരത്തുമുള്ള എഴുത്തുകാരുടെ പുസ്തകപ്രകാശനവും നടന്നു.




## പ്രമുഖ പത്രപ്രവർത്തകൻ മാത്യു സാമുവൽ ഡാളസിൽ പ്രസംഗിക്കുന്നു

രാജു തരകൻ

ഡാളസ്: ഇന്ത്യയിലെ പ്രമുഖ പത്രപ്രവർത്തകനായ മാത്യു സാമുവൽ ഇന്ത്യയിലെ ക്രൈസ്തവ പീഡനങ്ങൾ, വിശ്വാസിസമൂഹങ്ങൾ നേരിടുന്ന വെല്ലുവിളികൾ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ആത്മീയ ഉണർവുകൾ എന്നിവയെക്കുറിച്ച് സംസാരിക്കുന്നു. ക്രൈസ്തവ വിശ്വാസികൾ നേരിടുന്ന യാഥാർത്ഥ്യങ്ങളും വസ്തുതകളും പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനും വിഷയത്തിൽ അവബോധം വളർത്തുന്നതിനുമാണ് യോഗം സംഘടിപ്പിക്കുന്നത്.



ക്രിസ്ത്യൻ ഫെലോഷിപ്പ് ഫോർ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 25-ന് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് യോഗം നടക്കും. ഗാർലൻഡിലെ ഐപിസി ഹെബ്രോൺ (1751, Wall St., Garland, TX 75041 ആണ് വേദി.

ഇന്ത്യയിലെ ക്രൈസ്തവസമൂഹം നേരിടുന്ന സാഹചര്യങ്ങൾ, മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വിശ്വാസത്തിന്റെ പേരിൽ അനുഭവിക്കുന്ന വെല്ലുവിളികൾ, വിവിധ പ്രദേശങ്ങളിലെ ആത്മീയ ഉണർവുകൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ചയ്ക്ക് യോഗം വേദിയാകും.

ഡാളസിലെയും പരിസരപ്രദേശങ്ങളിലെയും എല്ലാ ക്രൈസ്തവ വിശ്വാസികളെയും പൊതുജനങ്ങളെയും പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: മാത്യു സാമുവൽ 469 258 8118, ഷാജി കാരയ്ക്കൽ 914 433 3622, തോമസ് മുല്ലയ്ക്കൽ 214 223 1194. website: www.cfiusa.org

# ഹൂസ്റ്റണിൽ ഉഴവൂർ സംഗമം 2026 വിപുലമായി ആഘോഷിച്ചു



ഹൂസ്റ്റൺ: നാടിന്റെ നന്മയും ജന്മഭൂമിയുടെ ഓർമ്മകളും അമേരിക്കൻ മണ്ണിലും കാത്തുസൂക്ഷിക്കുന്നതിനായി ഹൂസ്റ്റണിൽ സംഘടിപ്പിച്ച ഉഴവൂർ സംഗമം 2026 ശ്രദ്ധേയമായി. ഹൂസ്റ്റണിലും പരിസര പ്രദേശങ്ങളിലുമുള്ള ഇരുനൂറ്റമ്പതോളം ഉഴവൂർ നിവാസികൾ സംഗമത്തിൽ പങ്കെടുത്തു.

ഹൂസ്റ്റണിൽ വസിക്കുന്ന ഉഴവൂരിലെ വിവിധ തലമുറകളിൽപ്പെട്ടവർക്ക് ഒത്തുചേരാനും പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനുമുള്ള മികച്ചൊരു വേദിയായി ഈ കുടുംബസംഗമം മാറി. മാതൃനാടിനെക്കുറിച്ചുള്ള ഊഷ്മളമായ ഓർമ്മകളും സൗഹൃദങ്ങളും പങ്കുവെച്ച ചടങ്ങ് ഏവർക്കും വേറിട്ടൊരു അനുഭവമാണ് സമ്മാനിച്ചത്.

ചടങ്ങിൽ സ്റ്റീഫൻ തെരുവത്ത് സ്വാഗതമാശംസിച്ചു. സെനിത്ത് ലൂക്കോസ് എള്ളങ്കിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഫാർമസി കോളജ് അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഡോ. ഏലിക്കുട്ടി നടുവീട്ടിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംഗമത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

സാവിയോ വടക്കേക്കര, ശ്രീമതി ലാലി സൈമൺ മുകളേൽ, അനിൽ പൊട്ടക്കാനാൽ എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കി. സാവിയോ വടക്കേക്കരയുടെ വിവിധങ്ങളായ കലാപരിപാടികൾ സംഗമത്തിന് പ്രത്യേകം മാറ്റ്കൂട്ടി. ചടങ്ങിൽ പങ്കെടുത്ത എല്ലാ ഉഴവൂർ നിവാസികൾക്കും ലാലി സൈമൺ നന്ദി രേഖപ്പെടുത്തി. എല്ലാ ഉഴവൂർ അംഗങ്ങളും തങ്ങളുടേതായിട്ടുള്ള സാന്നിദ്ധ്യവും സഹകരണവും നല്കിക്കൊണ്ട് സംഗമം വൻ വിജയമാക്കി.

**സ്റ്റീഫൻ തെരുവത്ത്**

പുതിയ ഭാരവാഹികളായി ജോമോൻ വെട്ടിക്കൽ, സ്റ്റീഫൻ ചെറുകര, ഹാൻസൺ നടക്കുഴക്കൽ, മരിയ വെട്ടിക്കനാൽ, സുനിൽ നായർ എന്നിവരെ തെരഞ്ഞെടുത്തു.












Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase Jumbo Loan

Refinance Cashout

WWW.CITYWIDEMA.COM

Joseph Mullappallil

Mortgage Broker/Owner

joemcitywide@gmail.com

773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

EQUAL HOUSING LENDER

Illinois Residential Mortgage Licensee

Mullappallil Law Group



Shijo Mullappallil

Attorney at Law

smullapp23@gmail.com

Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# സെന്റ് ജോസഫ് സീറോമലബാർ കത്തോലിക്കാ മിഷൻ ദശവത്സരാഘോഷം പ്രൗഢഗംഭീരമായി ആഘോഷിച്ചു




ന്യൂയോർക്ക്: ഹഡ്സൺ വാലിയിലെ സീറോമലബാർ മലയാളി കത്തോലിക്കാ സമൂഹത്തിന്റെ വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായ സെന്റ് ജോസഫ് സീറോമലബാർ കത്തോലിക്കാ മിഷന്റെ പത്താം വാർഷികം ഒക്ടോബർ 10-ന് ശനിയാഴ്ച യോർക്ക് ടൗൺഹൈറ്റ്സിലെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഹാളിൽ (2966 ക്രോംപോണ്ട് റോഡ്) വർണാഭമായ പരിപാടികളോടെ ആഘോഷിച്ചു.

2016 ഏപ്രിൽ മൂന്നിന് ഏതാനും കുടുംബങ്ങളുടെ കൂട്ടായ്മയായി ചിക്കാഗോ സീറോമലബാർ രൂപതയുടെ കീഴിൽ ആരംഭിച്ച സെന്റ് ജോസഫ് മിഷൻ, ഇന്ന് ഹഡ്സൺ വാലിയിലെ മലയാളി കത്തോലിക്കാ കുടുംബങ്ങളുടെ ആത്മീയവും സാംസ്കാരികവുമായ ജീവിതത്തിൽ സുപ്രധാന സ്ഥാനമാണ് വഹിക്കുന്നത്. വിശ്വാസവും പാരമ്പര്യവും പുതുതലമുറയിലേക്ക് പകർന്നു നല്കുന്നതിനൊപ്പം പരസ്പര സ്നേഹത്തിലും സഹകരണത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ വളർത്തിയെടുക്കാൻ കഴിഞ്ഞ പത്ത് വർഷത്തിനിടെ മിഷന് സാധിച്ചു.

മിഷൻ ഡയറക്ടർ റവ.ഫാ. റോയ്സൺ മേനോലിക്കലിന്റെ ആത്മീയ നേതൃത്വത്തിൽ നടന്ന വാർഷികാഘോഷങ്ങൾക്ക് പരമ്പരാഗത ചെണ്ട മേളത്തിന്റെ അകമ്പടിയോടെ തുടക്കമായി. പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച ചടങ്ങിൽവിശിഷ്ടാതിഥികളായ വൈദികർക്കൊപ്പം മുൻ ട്രസ്റ്റിമാരും നിലവിലെ ട്രസ്റ്റിമാരും സിസിഡി പ്രിൻസിപ്പൽ ജിജോ വാളിയംപ്ലാക്കലും ചേർന്ന് നിലവിളക്ക് തെളിച്ചു.

മിഷൻ ഡയറക്ടർ റവ.ഫാ. റോയ്സൺ മേനോലിക്കൽ സ്വാഗതപ്രസംഗം നടത്തി. ബ്രോങ്ക്സ് സെന്റ് തോമസ് സീറോമലബാർ ഫൊറോന പള്ളി വികാരി റവ.ഫാ. കുര്യാക്കോസ് വടാന ഉദ്ഘാടനപ്രസംഗം നിർവഹിച്ചു. ബുക്കാനൻ സെന്റ് ക്രിസ്റ്റഫർ ആൻഡ് സെന്റ് പാട്രിക് ചർച്ച് പാസ്റ്റർ റവ.ഡോ. ജോർജ് ഊണ്ണൂണ്ണി അദ്ധ്യക്ഷപ്രസംഗം നടത്തി. മിഷന്റെ തുടക്കത്തിനായി സുപ്രധാന പങ്കുവഹിച്ച അന്തരിച്ച ഫാ. ജോസ് കണ്ടത്തിക്കുടിയെ ചടങ്ങിൽ പ്രത്യേകം അനുസ്മരിച്ചു.

മിഷന്റെ വളർച്ചയ്ക്കും ആത്മീയ പുരോഗതിക്കും നിർണായകമായ നേതൃത്വം നല്കിയ റവ.ഫാ. റോയ്സൺ മേനോലിക്കലിന്റെ സമർപ്പിത സേവനവും ദീർഘവീക്ഷണവും പത്തുവർഷത്തെ ഈ വിജയയാത്രയുടെ അടിത്തറയായി നിലകൊള്ളുന്നു.







വാർഷികാഘോഷത്തിന്റെ തുടക്കത്തിൽ മിഷനിലെ ഏറ്റവും മുതിർന്ന അംഗമായ ജോസഫ് വെളിയത്തും ഏറ്റവും ഇളയ അംഗങ്ങളിൽ ഒരാളായ മിഷേൽ അശോകും ചേർന്ന് അവതരിപ്പിച്ച പ്രത്യേക സ്കിറ്റ് ശ്രദ്ധേയമായി. സിസിഡി വിഭാഗത്തിലെ കൊച്ചുകുട്ടികൾ മിഷന്റെ രൂപീകരണവും പത്തുവർഷത്തെ വിശ്വാസയാത്രയും ചരിത്രാവതരണത്തിലൂടെ അവതരിപ്പിച്ചു. തലമുറകളെ ഒന്നിപ്പിച്ച ഈ അവതരണം സദസ്സിന് ഹൃദ്യമായ അനുഭവമായി.

മിഷന്റെ രൂപീകരണം മുതൽ ഇന്നുവരെയുള്ള വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയ മുൻ ട്രസ്റ്റിമാരെയും നിലവിലെ ട്രസ്റ്റിമാരെയും വാർഷികാഘോഷ വേദിയിൽ പ്രത്യേകം ആദരിച്ചു. മുൻ ട്രസ്റ്റിമാരായ ജോമോൻ കാച്ചപ്പിള്ളി, സെൽവിൻ പനംതാനം, ജെയിംസ് മുണ്ടാടൻ, ജോഷി തെള്ളിയാങ്കൽ, ജോൺ പൗലോസ്, ജോയി ആലപ്പാട്ട്, ബെന്നി പാറയ്ക്കൽ, ജോഷി വാളിയംപ്ലാക്കൽ, തോമസ് തരകൻപറമ്പിൽ എന്നിവരെയും നിലവിലെ ട്രസ്റ്റിമാരായ ജെയിംസ് വെളിയത്ത്, ബോബി വണ്ടാനത്തും എന്നിവരെയും ആദരിച്ചു.

പത്താം വാർഷികത്തിന്റെ സ്മരണയ്ക്കായി തയ്യാറാക്കിയ പ്രത്യേക സുവനീറിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. ജോഷി വാളിയംപ്ലാക്കൽ, ഹാനോഷ് പണിക്കർ, തോമസ് തരകൻപറമ്പിൽ എന്നിവരുടെ നേതൃത്വത്തിലുള്ള സുവനീർ കമ്മിറ്റിയാണ് പ്രസിദ്ധീകരണത്തിനു നേതൃത്വം നല്കിയത്. ആഘോഷപരിപാടികൾക്ക് പിന്തുണ നല്കിയ സ്പോൺസർമാരെയും അഭ്യുദയകാംക്ഷികളെയും ചടങ്ങിൽ ആദരിച്ചു. പത്താം വാർഷികാഘോഷത്തിന്റെ പ്രധാന ആകർഷണമായി മാറിയത് മിഷനിലെ കുട്ടികളും യുവജനങ്ങളും വനിതകളും പുരുഷന്മാരും കുടുംബങ്ങളും ഒരുമിച്ചൊരുക്കിയ വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളായിരുന്നു. കേരളത്തിന്റെ സമ്പന്നമായ പൈതൃകവും മലയാളി സമൂഹത്തിന്റെ കലാ-സാംസ്കാരിക തനിമയും വിളിച്ചോതിയ മാർഗ്ഗംകളി, നൃത്താവിഷ്കാരങ്ങൾ, ഗാനാലാപനങ്ങൾ, കുടുംബാംഗങ്ങളുടെ കൂട്ടായ കലാപ്രകടനങ്ങൾ എന്നിവ ആഘോഷങ്ങൾക്ക് പ്രത്യേക മാറ്റ്കൂട്ടി. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ ഒരേ വേദിയിൽ അണിനിരന്നത് മിഷന്റെ ഐക്യത്തിന്റെയും തലമുറകൾ തമ്മിലുള്ള ആത്മബന്ധത്തിന്റെയും മനോഹരമായ പ്രതിഫലനമായി. അനിത ജോസഫിന്റെയും ഫിയ അലക്സിന്റെയും നേതൃത്വത്തിലും ഏകോപനത്തിലുമാണ് സാംസ്കാരിക പരിപാടികൾ ഒരുക്കിയത്.

(ശേഷം 34-ാം പേജിൽ)









# ഫൊക്കാന കേരള കൺവൻഷന് അഭിമാന നിമിഷം; എം.എ. യൂസഫലി പങ്കെടുക്കും

ന്യൂയോർക്ക്: 2027 ജനുവരി 11 മുതൽ 13 വരെ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ വെച്ച് നടക്കുന്ന ഫൊക്കാനയുടെ കേരള കൺവൻഷനിൽ ലുലു ഗ്രൂപ്പ് മാനേജിങ് ഡയറക്ടറും ചെയർമാനുമായ വ്യവസായ പ്രമുഖൻ എം.എ. യൂസഫലി പങ്കെടുക്കും. ഫൊക്കാനയുടെ ക്ഷണം സ്വീകരിച്ചതായി അദ്ദേഹം ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പിനെ അറിയിച്ചു.

ആഗോള മലയാളികളുടെ അഭിമാനമായ എം.എ. യൂസഫലിയുടെ ഫൊക്കാന കേരള കൺവൻഷനിലെ സാന്നിദ്ധ്യം ബിസിനസ് കോൺക്ലേവിൽ പങ്കെടുക്കുന്നവർക്ക് മുതൽക്കൂട്ടാകുമെന്ന് പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, കൺവൻഷൻ ചെയർമാൻ ജോർജി വർഗീസ്, കോ-ഓർഡിനേറ്റർ പോൾ കറുകപ്പിള്ളിൽ എന്നിവർ പറഞ്ഞു.

പതിനൊന്നാം തീയതി 5.30-ന് മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിലും പന്ത്രണ്ടാം തീയതി 11 മണിക്ക് നടക്കുന്ന ബിസിനസ് കോൺക്ലേവിലും യൂസഫലി പങ്കെടുക്കും. ഉദ്ഘാടനസമ്മേളനത്തിൽ വെച്ച് യൂസഫലിയുടെ സാമൂഹിക രംഗത്തെ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് ഫൊക്കാനയുടെ ആദരം മുഖ്യമന്ത്രി വി.ഡി. സതീശൻ സമർപ്പിക്കും.

26,000-ത്തിനടുത്ത് ഇന്ത്യക്കാരടക്കം 31,000-ത്തോളം പേർ ജോലി ചെയ്യുന്ന ഗൾഫിലെ പ്രമുഖ വ്യാപാര സ്ഥാപനമായ എം.കെ. ഗ്രൂപ്പിന്റെയും ലുലു ഹൈപ്പർ മാർക്കറ്റ് ഗ്രൂപ്പിന്റെയും മാനേജിംഗ് ഡയറക്ടറാണ് യൂസഫലി. കൊച്ചി ലേക്ക്ഷോർ ആശുപത്രി ചെയർമാൻ കൂടിയാണ്. സാമൂഹിക രംഗത്തെ സംഭാവനകൾ കണക്കിലെടുത്ത് 2008-ൽ രാജ്യം ഇദ്ദേഹത്തിന് പത്മശ്രീ പുരസ്കാരം നല്കി ആദരിച്ചു.



കൊച്ചിയിൽ സ്മാർട്ട് സിറ്റി പദ്ധതി കൊണ്ടുവരുന്നതിലും പ്രമുഖ പങ്കു വഹിച്ചു. ഇന്ന് നൂറിലധികം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ലുലു ഗ്രൂപ്പ് റീട്ടെയിൽ മേഖല കൂടാതെ ഹോൾസെയിൽ കയറ്റുമതി & ഇറക്കുമതി, ഷിപ്പിംഗ്, ഐടി, ഹോട്ടൽ, ട്രാവൽ & ടൂറിസം, ബാങ്കിംഗ് തുടങ്ങി നിരവധി മേഖലകളിൽ ബിസിനസ് നടത്തിപ്പോരുന്നു.

മൂല്യങ്ങളാണ് എന്നും ബിസിനസ് വിജയത്തിന്റെ അടിത്തറ എന്ന് വിശ്വസിച്ചുപോരുന്ന ലോകരാജ്യങ്ങളിലെ വ്യവസായ പ്രമുഖൻ എന്ന പേരിലും അറിയപ്പെടുന്ന യൂസഫലിക്ക് 2005-ൽ പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാ

**ജിജി റ്റോം**

രവും 2008-ൽ പത്മശ്രീ പുരസ്കാരവും ലഭിച്ചു.

ലോകത്തിലെ ശതകോടീശ്വരന്മാരിൽ ഒരാളായ യൂസഫലി ഫോബ്സിന്റെ ലോകസമ്പന്നരുടെ പട്ടികയിലും ഇടംനേടി.

പ്രധാനമന്ത്രിയുടെ അന്തർദ്ദേശീയ ഉപദേശകസമിതി അംഗം, ഇന്ത്യൻ വികസന സമിതി രക്ഷാധികാരി, അബുദാബി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഡയറക്ടർ ബോർഡ് അംഗം, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഡയറക്ടർ, നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗം, എയർ ഇന്ത്യയുടെ സ്വതന്ത്ര ചുമതലയുള്ള ഡയറക്ടർ, വിദേശ ഇന്ത്യക്കാർക്കായുള്ള ഇന്ത്യ ഡെവലപ്മെന്റ് ഫൗണ്ടേഷൻ അംഗം തുടങ്ങി നിരവധി ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നു.

ഫൊക്കാന കേരള കൺവൻഷൻ വൻ വിജയമാക്കുവാനായി ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ലിൻഡോ ജോളി, വൈസ് പ്രസിഡണ്ട് ജോസി കരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി ഡോ. അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മറിയാ ജോസഫ്, വിമൻസ് ഫോറം ചെയർ ഡോ. ഷൈനി രാജു, ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ സജിമോൻ ആന്റണി എന്നിവരോടൊപ്പം കൺവൻഷൻ ചെയർമാൻ ജോർജി വർഗീസ്, കോ-ഓർഡിനേറ്റർ പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള, ഫ്രാൻസിസ് കിഴക്കേകുറ്റ്, ഷീല ജോസഫ് ഉൾപ്പെടെ ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗങ്ങളും വിവിധ സബ്കമ്മിറ്റി അംഗങ്ങളും കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

# പ്രശസ്ത മാധ്യമ പ്രവർത്തകൻ മാത്യു സാമുവൽ മേംഫിസ് ടെന്നസിയിൽ ഒക്ടോ. 24-ന് പ്രസംഗിക്കും

മേംഫിസ്, ടെന്നസി: ഇന്ത്യയിലെ ക്രൈസ്തവ സഭയുടെ ഇന്നത്തെ വളർച്ചയും വെല്ലുവിളികളും അടിസ്ഥാനമാക്കി പ്രശസ്ത മാധ്യമ പ്രവർത്തകനും തെഹൽക മുൻ ചീഫ് എഡിറ്ററുമായ മാത്യു സാമുവേൽ ഇന്റർനാഷണൽ ക്രിസ്ത്യൻ ഫെലോഷിപ് സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ പ്രസംഗിക്കും.




ഒക്ടോബർ 24-ന് ശനിയാഴ്ച 2 മണിക്ക് ഫെല്ലോഷിപ് ഓഡിറ്റോറിയത്തിലാണ് (8308 MACON RD, CORDOVA, TN) സമ്മേളനം.

ഇന്ത്യയിൽ ക്രൈസ്തവ സഭകൾ നേരിടുന്ന വെല്ലുവിളികൾ, പീഡനങ്ങൾ, എഫ്സിആർഎ പോലെയുള്ള നിയമങ്ങളിൽ വരുന്ന കർശനമായ മാറ്റങ്ങൾ എന്നിവയും പ്രഭാഷണങ്ങളിൽ പരാമർശിക്കും. ക്രൈസ്തവ ചിന്ത ഏർപ്പെടുത്തിയ 2025-ലെ വി.എം. മാത്യു പുരസ്കാര അവാർഡ് ജേതാവ് കൂടിയാണ് മാത്യു സാമുവേൽ. കൂടുതൽ വിവരങ്ങൾക്ക്: റവ. ബാബു തോമസ് 901 628 0838.

# താമ്പയിൽ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം ആവേശഭരിതമായി

താമ്പ (ഫ്ളോറിഡ): താമ്പയിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം ആവേശഭരിതമായി. 2026-2027 വർഷത്തെ മിഷൻലീഗ് പ്രവർത്തനങ്ങൾ ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു.

മിഷൻലീഗ് ദേശീയ പ്രസിഡണ്ടും അന്തർദ്ദേശീയ ഓർഗനൈസറുമായ സിജോയി പറപ്പള്ളിൽ ആമുഖപ്രഭാഷണം നടത്തി.

**സിജോയി പറപ്പള്ളിൽ**

റീജിയണൽ വൈസ് ഡയറക്ടർ സിസ്റ്റർ സാന്ദ്രാ എസ്.വി.എം., യൂണിറ്റ് ഓർഗനൈസർ എബിൻ തടത്തിൽ, ജോയിന്റ് ഓർഗനൈസർ റോസ്‌ലിൻ കാഞ്ഞിരത്തിങ്കൽ എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി മിലാന പുളിക്കീൽ (പ്രസിഡണ്ട്), ലൂക്ക് തെക്കേഎർത്തുമണ്ണിൽ (വൈസ് പ്രസിഡണ്ട്), മരീസ്സാ മുടീക്കുന്നേൽ (സെക്രട്ടറി), അലൻ ആക്കൽകൊട്ടാരം (ജോയി. സെക്രട്ടറി) എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് ശുശ്രൂഷ ഏറ്റെടുത്തു.

തുടക്കത്തിൽ നടത്തിയ പതാക ഉയർത്തലും കുട്ടികൾ നടത്തിയ മുദ്രാവാക്യം വിളിയും മിഷൻ ലീഗിന്റെ ആവേശം ഏവരിലും വാനോളം ഉയർത്തി.





# LET SATHEESAN GOVERN

George Abraham

The recent public criticism of Chief Minister V. D. Satheesan by UDF Convenor Adoor Prakash is unfortunate and, in my view, unnecessary. He has every right to raise concerns if he believes that important decisions are being taken without adequate consultation. That is part of internal democracy within a political party and particularly important in a coalition such as the UDF. However, one has to ask whether such grievances should first be aired publicly before they are properly discussed within the party and the coalition.

Congress has enough forums to address these differences. There is the KPCC, the UDF leadership and, if necessary, the Congress High Command. Public criticism of one's own Chief Minister, particularly when the government is still trying to settle in and deliver on its promises, does not help either the party or the government. It only provides ammunition to the opposition and creates an impression that the old factional battles within the Congress have already returned.

That would be unfortunate because the people of Kerala have given the UDF a huge mandate after ten years in opposition. They were not voting for another round of internal quarrels and personality clashes. They were voting for change, stable governance and a government that would act decisively on the many problems facing the state.

V.D. Satheesan did not come to the Chief Minister's office by accident. He had led the opposition battle against the Pinarayi Vijayan government for years and had become the most visible face of that struggle. There was also a strong public sentiment in his favor after the election victory. Many ordinary Congress workers



George Abraham

and people outside the party believed that the person who had led the fight should be allowed to lead the government.

It is also no secret that not everyone within the Congress was enthusiastic about his elevation. There were other aspirants and competing groups, which is nothing unusual in politics. However, once the party leadership made its decision and Satheesan became Chief Minister, one would have expected everyone to close ranks and give him a fair opportunity to govern.

Unfortunately, factional rivalry has been a recurring weakness of the Congress in Kerala. Too often, leaders have spent as much energy fighting one another as fighting their political opponents. That tendency has hurt the party repeatedly in the past. If the same behavior begins again so soon after such a decisive electoral victory, the people may rightly wonder whether Congress has learned anything from its years in opposition.

There may be legitimate complaints about consultation. A Chief Minister heading a coalition government must listen to colleagues and alliance partners. Satheesan should do that. No leader can govern effectively by isolating himself from those around him. At the same time, consultation cannot mean that every decision is held hostage by competing factions and individual ambitions. A government also needs leadership, direction and the ability to make decisions.

Satheesan has the intellect, oratorical ability, powers of persuasion and commitment to Congress principles necessary for the job. He has also shown during his years as Leader of the Opposition that he is willing to take a position and defend it. Those qualities are important in governing a state as politically demanding as Kerala.

He will make mistakes. Every Chief Minister does. To err is human. There is nothing wrong with fellow Congressmen pointing out mistakes or disagreeing with him. However, there is a major difference between correcting a leader and trying to undermine him. If every mistake becomes an opportunity for those who were unhappy with his selection to weaken him, it will eventually become a tragedy not merely for Satheesan but for the Congress and the UDF as a whole.

There is also a certain irony here. Many of those who are now quick to find fault were hardly as vocal during much of the previous ten years when the Congress was struggling in opposition against the Pinarayi Vijayan government. Satheesan was out there taking the fight to the government, inside and outside the Assembly, while several others remained relatively silent.

That is why those who may still be unhappy with his elevation should come to their senses. Personal ambitions and old factional loyalties cannot be allowed to destroy an opportunity given by the people. Kerala voters have placed their trust in this government, and they expect results.

The Congress leadership should therefore rally behind the Chief Minister and help him fulfill the people's aspirations. Criticism should be constructive, disagreements should be discussed internally, and coalition partners should certainly be consulted. But public sniping and attempts to weaken one's own government will ultimately cost the Congress dearly.

Satheesan led the fight and earned the opportunity to govern. He should be held accountable, advised when necessary and corrected when he is wrong. But he should also be given the political space to lead.

Let him govern.

## ടൂറിസം, മരാമത്ത് വകുപ്പുകളിൽ വൻ ക്രമക്കേടെന്ന് സിഎജി

തിരുവനന്തപുരം: രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ടൂറിസം ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവ നടപ്പാക്കിയ പദ്ധതികളിൽ ഗുരുതര ക്രമക്കേടുകൾ നടന്നതായി കൺട്രോൾ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട്.

നിർബന്ധമായി വേണ്ടിയിരുന്ന സാധ്യതാ-സാങ്കേതിക പഠനങ്ങളില്ലാതെ, 187.06 കോടി രൂപ അടങ്കൽ തുകയുള്ള 33 പദ്ധതികൾക്ക് അനുമതി നൽകി. ഇതിൽ പലതും പിന്നീട് ഉപേക്ഷിക്കുകയോ മുടങ്ങുകയോ ചെയ്തു. ഇത്തരം 31 പദ്ധതികൾക്കായി 21.12 കോടി രൂപ മുൻകൂർ നൽകി. നിയമവിരുദ്ധമായി പദ്ധതിച്ചെലവിന്റെ 22-100 ശതമാനം അധികതുക മുൻകൂറായി അനുവദിച്ചതിൽ 19.35 കോടി രൂപ ഇനിയും തിരിച്ചുപിടിക്കാനുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

2018-ലെ പ്രളയത്തിനുശേഷം റീ ബിൽഡ് കേരള പദ്ധതിയിൽപെടുത്തി പുനരുദ്ധരിച്ചവയിൽ 10 പ്രധാന റോഡുകൾ പരിശോധിച്ചപ്പോഴും ക്രമക്കേടു കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ-ചങ്ങനാശേരി (എസി) റോഡ് നവീകരണത്തിൽ ആവശ്യമായ പഠനമില്ലാതെ എസ്റ്റിമേറ്റ് പുതുക്കി നൽകി കരാറുകാരന് 39.27 കോടി രൂപയുടെ അധിക നേട്ടമുണ്ടാക്കിക്കൊടുത്തു. ഇതിനുപുറമേ, പദ്ധതിയിലെ പല ഉപഘട്ടങ്ങളായി തിരിച്ചതിനാൽ കരാറുകാരന് 28.22 കോടി രൂപ കൂടുതൽ ലഭിച്ചു.

കോഴിക്കോട് കൊയിലാണ്ടി-എരഞ്ഞിമാവ് റോഡ് പദ്ധതിയിൽ മഴവെള്ള സംഭരണി പൂർത്തിയാക്കാതെ 4.91 കോടി രൂപ ബോണസ് ഇനത്തിൽ നൽകി. കരാറുകാരൻ സ്ഥാപിക്കേണ്ട തെരുവ് വിളക്കുകൾ തദ്ദേശസ്ഥാപനത്തെക്കൊണ്ട് ചെയ്യിച്ച് കരാറുകാർക്ക് വൈദ്യുതി ബിൽ ഇനത്തിൽ 2.98 കോടിയുടെ ലാഭമുണ്ടാക്കി നൽകി.

കരാറുകാർ നൽകിയ 2.72 കോടിയുടെ വ്യാജബിൽ പൊതുമരാമത്ത്, റോഡ് ഫണ്ട് ഉദ്യോഗസ്ഥർ അംഗീകരിച്ചു. പണം നൽകി അസാധുവായ എട്ട് വൗച്ചറുകൾ പോലും അംഗീകരിച്ച് 26 ലക്ഷം രൂപ നൽകി. അഞ്ച് പദ്ധതികളുടെ ടെൻഡർ നടപടികൾ വൈകിയതു കാരണം 21.33 കോടിയുടെ നഷ്ടമുണ്ടാക്കി.

ഇടുക്കിയിലെ ഹൈവേ പദ്ധതിക്കായി റോഡ് ഫണ്ട് ബോർഡ് ചട്ടവിരുദ്ധമായി 2.70 കോടി നൽകി. ജിഎസ്ടി റിട്ടേൺ സമർപ്പിച്ചതിലെ കാലതാമസം കാരണമുള്ള നഷ്ടം 2.12 കോടിയാണ്. ഇടുക്കി പൊതുമരാമത്ത് ഡിവിഷനിൽ ടാറിന്റെ കനം കുറച്ച കരാറുകാർക്ക് 1.35 കോടി രൂപ അധികമായി നൽകി. 100.43 കോടി രൂപയ്ക്ക് ഉറപ്പിച്ച കണ്ണൂർ ഉരുവച്ചാൽ-മരുതായി ഇപിസി റോഡിന്റെ കരാർ, ചട്ടം ലംഘിച്ച് 93.67 കോടി രൂപയ്ക്ക് മറിച്ചു നൽകി.

**മറ്റ് പരാമർശങ്ങൾ**

കണ്ണൂർ പയ്യാമ്പലം അഡ്വഞ്ചർ പാർക്ക് (കണ്ണൂർ): സാധ്യതാ പഠനമില്ലാതെ നിർമിച്ചു. 51 ലക്ഷം ചെലവിട്ട പദ്ധതി ഉപേക്ഷിച്ചു.

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് നവീകരണം: ഡിസൈൻ അനുമതിയില്ലാതെയും അപ്രോച്ച് റോഡുകൾക്കായി ഭൂമി ഏറ്റെടുക്കാതെയും നിർമിച്ച നെല്ലിക്കുഴി പാലം ഉപയോഗശൂന്യമായി.

കൊടുങ്ങല്ലൂർ ബൈപാസ് സൗന്ദര്യവൽക്കരണം: 1.16 കോടിയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങി. പദ്ധതി ഉപേക്ഷിച്ചു.

മലബാർ റിവർ ക്രൂസ് ആൻഡ് ഇക്കോ ടൂറിസം: 3.74 കോടി രൂപയ്ക്ക് വാങ്ങിയ നാല് ബോട്ടുകൾ ഉപയോഗിച്ചില്ല. ഒരു കോടി രൂപ ചെലവിട്ട ശേഷം ചൗര പൊഴി സസ്പെൻഷൻ ബ്രിജ് പദ്ധതിയും നിലച്ചു.

## പദ്മശ്രീ ചെറുവയൽ രാമൻ അന്തരിച്ചു



മാനന്തവാടി: പദ്മശ്രീ പുരസ്കാര ജേതാവും പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷകനുമായ കമ്മനയിലെ ചെറുവയൽ രാമൻ (74) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം.

ഹൃദയധമനിയിലെ സ്റ്റെന്റ് വാൽവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളെ തുടർന്ന് രണ്ട് ദിവസം മുമ്പാണ് അദ്ദേഹത്തെ വയനാട്ടിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളജിലേക്കു മാറ്റുകയായിരുന്നു. 2018-ൽ യുഎഇ സന്ദർശനത്തിനിടെ അജ്മാനിൽ ക്ലാസെടുക്കുന്നതിനിടെ രാമേട്ടന് ഹൃദയാഘാതം സംഭവിച്ചിരുന്നു. പിന്നീട് അദ്ദേഹം വിദേശയാത്രകൾ ചുരുക്കിയിരുന്നു.

കേരളത്തിന്റെ 'നെല്ലച്ഛൻ' എന്നറിയപ്പെട്ടിരുന്ന രാമന്റെ വിയോഗം പരമ്പരാഗത കൃഷിരീതികളുടെയും ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും മേഖലയിൽ വലിയ നഷ്ടമാണ്. 1952 ജൂൺ ആറിന് ജനിച്ച തലക്കര ചെറിയ രാമൻ എന്ന ചെറുവയൽ രാമൻ കമ്മന നവോദയം എൽപി സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തന്റെ പത്താമത്തെ വയസിലാണ് കാർഷിക മേഖലയിലേക്ക് കടന്നുവരുന്നത്. 1969-ൽ കണ്ണൂർ ഡിഎംഒ ഓഫീസിൽ ലഭിച്ച സർക്കാർ ജോലി പോലും കൃഷിയോടുള്ള അഭിനിവേശം കാരണം അദ്ദേഹം വേണ്ടെന്നുവെക്കുകയായിരുന്നു. അറുപതോളം വരുന്ന തദ്ദേശീയ നെൽവിത്തിനങ്ങളെ വംശനാശത്തിൽനിന്നു സംരക്ഷിച്ചു നിലനിർത്തിയതിലൂടെയാണ് കുറിച്യ സമുദായത്തിൽപ്പെട്ട അദ്ദേഹം ഇന്ത്യയുടെ ശ്രദ്ധ പിടിച്ചുപറ്റിയത്.

വയനാട്ടിലെ പരമ്പരാഗത നെൽവിത്തുകളുടെ സംരക്ഷണത്തിനായി പതിറ്റാണ്ടുകളായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. 2023-ൽ ഇന്ത്യ പദ്മശ്രീ നൽകി ആദരിച്ചതോടെ അദ്ദേഹത്തിന്റെ സംഭാവനകൾക്ക് ദേശീയതലത്തിലും അംഗീകാരം ലഭിച്ചു. കുറിച്യ സമുദായത്തിൽപ്പെട്ട ചെറുവയൽ രാമൻ തന്റെ കൃഷിയിടത്തിൽ 32 ഇനം പരമ്പരാഗത നെല്ലിനങ്ങൾ കൃഷി ചെയ്ത് സംരക്ഷിച്ചിരുന്നു.

2023-ൽ പുറത്തിറങ്ങിയ 'ചെറുവയൽ രാമൻ' എന്ന ആത്മകഥയിലെ ഭാഗങ്ങൾ 2024-ൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരുന്നു. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2021-ൽ ദീപിക ചെറുവയൽ രാമനെ മികച്ച കർഷകനുള്ള പുരസ്കാരം നൽകി ആദരിച്ചിരുന്നു. ഭാര്യ: ഗീത. മക്കൾ: രമണി, രമേശൻ, രാജേഷ്, രജിത. മരുമക്കൾ: തങ്കമണി, ഉണ്ണികൃഷ്ണൻ, രജിത, പരേതനായ രാജൻ.

# ഹെവൻലി ബീറ്റ്സ് യുഎസ്എയുടെ 'സ്നേഹഗീതം 2026' ഒക്ടോബർ 24-ന് ഫിലാഡൽഫിയയിൽ

ഫിലാഡൽഫിയ: ക്രിസ്തീയ സംഗീതരംഗത്ത് ശ്രദ്ധേയമായ ഹെവൻലി ബീറ്റ്സ് യുഎസ്എയുടെ പതിനഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന 'സ്നേഹഗീതം 2026' ക്രിസ്തീയ സംഗീതസന്ധ്യ ഒക്ടോബർ 24-ന് ശനിയാഴ്ച വൈകിട്ട് 5.30-ന് ഫിലാഡൽഫിയയിലെ ഗ്രേസ് പെന്തെക്കോസ്തൽ ചർച്ചിൽ നടക്കും.

പ്രശസ്ത ക്രിസ്തീയ ഗായകൻ ബിനോയ് ചാക്കോയുടെ നേതൃത്വത്തിൽ സാംസൺ ഹെവൻലി ബീറ്റ്സ്, ജിൻസി എന്നിവരും അണിനിരക്കുന്ന സംഗീത സന്ധ്യയിൽ പഴയകാലത്തെ ഹൃദയസ്പർശിയായ ക്രിസ്തീയ ഗാനങ്ങൾ ആലപിക്കും. പ്രശസ്ത വയലിനിസ്റ്റ് ജോൺസ് പുരയിടം പ്രത്യേക സംഗീതാവതരണം നടത്തും.

**ഫിന്നി രാജു, ഹൂസ്റ്റൺ**

ജാക്ക് ബിജു (കീബോർഡ്), ഫിന്നി ഫിലിപ്പ് (ഡ്രംസ്), സുമിത് സാം, സിയോൺ സുജോയ് (ഗിറ്റാർ) എന്നിവരടങ്ങുന്ന സംഗീതസംഘം പരിപാടിക്ക് അകമ്പടിയേകും. റേച്ചൽ, ജെസിക്ക, മഞ്ജു, സാബു വർഗീസ്, അബിഗയിൽ ഏബ്രഹാം തുടങ്ങിയവരും സംഗീതസന്ധ്യയിൽ പങ്കെടുക്കും.

ഹെവൻലി ബീറ്റ്സ് യുഎസ്എയുടെ 15 വർഷത്തെ സംഗീത ശുശ്രൂഷയുടെ ആഘോഷം കൂടിയായ പരിപാടി സംഗീതാസ്വാദകർക്ക് വേറിട്ട ആത്മീയാനുഭവം സമ്മാനിക്കുമെന്ന് സാംസൺ ഹെവൻലി ബീറ്റ്സ് പ്രതീക്ഷ പ്രകടിപ്പിച്ചു.

ഫിലാഡൽഫിയയിലെ ഗ്ലോബൽ ട്രാവൽ എക്സ്പേർട്സ് (റെജി ഫിലിപ്പ്), സിന്ദക് ഇൻവെസ്റ്റ്മെന്റ്സ് ആൻഡ് റിയൽ എസ്റ്റേറ്റ് (വർഗീസ് തോമസ് റോബിൻ) എന്നിവരാണ് പരിപാടിയുടെ മുഖ്യ സ്പോൺസർമാർ.

മറ്റ് സ്പോൺസർമാരായി ഫിലാഡൽഫിയയിലെ പ്രോഹെൽത്ത് അസോസിയേറ്റ് (PHA) പ്രൈമറി കെയർ, വാക്ക്- ഇൻ ആൻഡ് കോസ്മെറ്റിക് ക്ലിനിക്കിലെ ഡോ. അനിത ജോർജ്, ഡാളസിലെ ലോസൺ ട്രാവലിന്റെ ലോസൺ ബിജു, ഫിലാഡൽഫിയയിലെ കീസ്റ്റോൺ ടാക്സ് സർവീസ് ഇൻകോർപ്പറേറ്റഡിന്റെ ജോസഫ് ഉമ്മൻ (റോയ് മേപ്രൽ), ഡാളസിലെ അഗാപ്പെ മിനിസ്ട്രിയുടെ പാസ്റ്റർ ഷാജി ഡാനിയേൽ, അഡ്മിറൽ ട്രാവൽ ബ്യൂറോ എൽഎൽസിയുടെ ബാബു വടക്കേടത്ത്, ന്യൂയോർക്കിലെ ഫെയ്ത്ത് ഹോളിഡേയുടെ ജേക്കബ് തോമസ് (ഷാജി), ഫിലാഡൽഫിയയിലെ ബ്രദേഴ്സ് ഓട്ടോ കെയറിന്റെ തോമസ് ഏലിയാസ് (ബെന്നി), ചിക്കാഗോയിലെ ജയ്ബു മാത്യു കുളങ്ങര ആൻഡ് അസോസിയേറ്റ് ടാക്സ് സർവീസിന്റെ




ജെയ്ബു മാത്യു കുളങ്ങര എന്നിവർ സഹകരിക്കുന്നു. പ്രയർ മൗണ്ട് മീഡിയയാണ് പരിപാടിയുടെ മീഡിയ പാർട്ണർ. ഫിലാഡൽഫിയയിലെയും സമീപപ്രദേശങ്ങളിലെയും ക്രിസ്തീയ സംഗീതാസ്വാദകരെയും വിശ്വാസിസമൂഹത്തെയും സംഗീതസന്ധ്യയിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

വേദി: ഗ്രേസ് പെന്തെക്കോസ്തൽ ചർച്ച്, 20 Church Road, Elkins Park, PA 19027. പ്രവേശനം സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: റവ. ഡോ. മാത്യു ഫിലിപ്പ്- 267 475 2222, ജോമോൻ-267 357 2863, നൈനാൻ മത്തായി- 215 760 0447, സൂസൻ സാംസൺ- 267 469 1892, റിജ ഷിബു- 516 312 4948.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.77 |
| യൂറോ | 106.36 |
| സ്റ്റെർലിംഗ്പൗണ്ട് | 126.31 |
| സ്വിസ് ഫ്രാങ്ക് | 114.98 |
| സിംഗപ്പൂർ ഡോളർ | 74.07 |
| കനേഡിയൻ ഡോളർ | 67.22 |
| ഒമാൻ റിയാൽ | 246.56 |
| ബഹ്റൈൻ ദിനാർ | 250.18 |
| സൗദി റിയാൽ | 25.19 |
| യു.എ.ഇ. ദിർഹം | 25.81 |
| കുവൈത്ത് ദിനാർ | 305.06 |

# ശബരി റെയിൽ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: 28 വർഷമായി തടസ്സപ്പെട്ടു കിടക്കുന്ന ശബരി റെയിൽപ്പാത വഴിയിൽ ഉപേക്ഷിക്കില്ലെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ പറഞ്ഞു. സംസ്ഥാനവിഹിതം പൂർണമായി ചെലവഴിച്ച് പദ്ധതി പുനരാരംഭിക്കാനുള്ള നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്. 110 കി.മീ. നീളമുള്ള അങ്കമാലി-ശബരി പദ്ധതിയിൽ 7 കിലോമീറ്ററിൽ നിർമാണം നടത്തിയിട്ടുണ്ട്. 8 കിലോമീറ്ററിൽ ഭൂമി ഏറ്റെടുത്തു. പദ്ധതിച്ചെലവായ 2800 കോടി രൂപയുടെ 50 ശതമാനമായ 1900 കോടി കിഫ്ബിയിൽനിന്നു നല്കാൻ തീരുമാനിച്ചിരുന്നു. 303.58 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ 1361 കോടി വേണം. നിർമാണത്തിന് കണക്കാക്കിയിരിക്കുന്നത് 2439 കോടിയാണ്. 2023-ലെ എസ്റ്റിമേറ്റ് ഇപ്പോൾ മാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് സംസ്ഥാനസർക്കാർ വിഹിതത്തിൽനിന്ന് വഹിക്കണമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതത്തോടൊപ്പം തന്നെ റെയിൽവേ വിഹിതവും വേഗത്തിൽ ലഭ്യമാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാൽ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രോട്ടോകോളുണ്ടാക്കും. പല പദ്ധതികളും വൈകാനുള്ള കാരണം ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസമാണ്. കോടിക്കണക്കിനു രൂപയാണ് ഖജനാവിൽനിന്ന് ചോരുന്നത്. നടപടികൾ വേഗത്തിലാക്കാൻ റവന്യൂവകുപ്പിന് എത്ര സർവേയർമാരെ വേണമെങ്കിലും നിയോഗിക്കാം. ഭൂമിയേറ്റെടുപ്പ് വേഗത്തിലാക്കിയാൽ കോടിക്കണക്കിനു രൂപ സർക്കാരിന് പലപദ്ധതികളിലും ലാഭിക്കാൻ കഴിയും: ഷിബു തെക്കുംപുറത്തിന്റെ സബ്മിഷന് മുഖ്യമന്ത്രി മറുപടി നല്കി.



# കുർബാന അർപ്പിക്കുന്നതിനിടെ ക്രൂശിതരൂപം തകർന്നുവീണ് പുരോഹിതന് ദാരുണാന്ത്യം

ഗ്വായാകിൽ: കുർബാന അർപ്പിക്കുന്നതിനിടെ അൾത്താരയിലെ ക്രൂശിതരൂപം തകർന്നുവീണ് കത്തോലിക്കാ പുരോഹിതന് ദാരുണാന്ത്യം. ഇക്വഡോറിലെ ഏറ്റവും വലിയ നഗരമായ ഗ്വായാകിയിലെ ന്യൂസ്ട്ര സെനോറ ഡെൽ പെർപെറ്റുവോ സോക്കോറോ പള്ളിയിൽ ശനിയാഴ്ചയാണ് അപകടമുണ്ടായത്. ഫാ. പട്രീസിയോ ആൽഫ്രഡോ സാഞ്ചസ് മൊളിനാരിയാണ് അപകടത്തിൽ മരിച്ചത്. കുർബാനയുടെ ദൃശ്യങ്ങൾ ഫാ. പട്രീസിയോ ലൈവ് സ്ട്രീം ചെയ്തിരുന്നു. അപകടം നടന്ന് അല്പസമയത്തിനുള്ളിൽ ആളുകൾ വീഡിയോ കട്ട് ചെയ്തു.

ബലിപീഠത്തിനു മുന്നിൽ ജനാഭിമുഖമായി നിൽക്കുന്ന പുരോഹിതന്റെ തലയിലേയ്ക്കാണ് വലിയ ക്രൂശിതരൂപം പൊടുന്നനെ തകർന്നു വീണത്. സംഭവം കണ്ട് പരിഭ്രാന്തരായ വിശ്വാസികൾ ഉടൻതന്നെ അൾത്താരയിലേക്ക് ഓടിയെത്തി പുരോഹിതനെ രക്ഷിക്കാൻ ശ്രമിച്ചു.

ഫാ. പട്രീസിയോയുടെ മരണം അതിരൂപത സ്ഥിരീകരിച്ചു. ക്രൂശിതരൂപം വീഴാൻ കാരണമെന്തെന്ന് വിവരം ലഭിച്ചിട്ടില്ല. 1732-ൽ വിശുദ്ധ അൽഫോൻസ് ലിഗോരി സ്ഥാപിച്ച മോസ്റ്റ് ഹോളി റിഡീമറുടെ സഭയിലെ പുരോഹിതനാണ് ഫാ. പട്രീസിയോ ആൽഫ്രഡോ സാഞ്ചസ് മൊളിനാരി.

# ട്രെയിനിൽ ഉച്ചത്തിൽ പാട്ടും സംസാരവും നടത്തിയാൽ പിഴ

ന്യൂഡൽഹി: റെയിൽവേ സ്റ്റേഷനിലും ട്രെയിനിലും ഉച്ചത്തിൽ പാട്ടുകളോ വീഡിയോകളോ കേൾക്കുന്നവരും കാണുന്നവരും ഉച്ചത്തിൽ ഫോണിൽ സംസാരിക്കുന്നവരും സൂക്ഷിക്കുക. ആയിരം രൂപ പിഴയോ ആറുമാസം തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാം.

നിയമം ലംഘിക്കുന്ന യാത്രക്കാരെ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ നിന്നും പുറത്താക്കും. നിരവധി പരാതികൾ ലഭിച്ചതിനെ തുടർന്നാണ് ദക്ഷിണ റെയിൽവേ നടപടികൾ കടുപ്പിച്ചത്.

യാത്രക്കാർ സ്പീക്കർ ഫോണിൽ പാട്ടുകളും ഓഡിയോയും കേൾക്കുന്നത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി റെയിൽവേ അധികൃതർ പറഞ്ഞു. പ്രാദേശിക ഭാഷകളിലും ഹിന്ദിയിലും ഇംഗ്ലീഷിലും ഇതിനെക്കുറിച്ച് അനൗൺസ്മെന്റുകൾ നടത്താനും നോട്ടീസുകൾ പ്രദർശിപ്പിക്കാനും നിർദ്ദേശം നല്കി.

ഇയർഫോണുകൾ ഉപയോഗിക്കാൻ യാത്രക്കാരോട് റെയിൽവേ അഭ്യർത്ഥിച്ചു. നിർദ്ദേശം ലംഘിച്ചാൽ റെയിൽവേ ആക്ട് 145 (2) വകുപ്പനുസരിച്ചാണ് കേസെടുക്കുന്നത്.

# മേരി തോമസ് മുള്ളംകാട്ടിൽ അന്തരിച്ചു



കാനഡ: കേരളാ ക്രിസ്ത്യൻ അസംബ്ലി സഭാംഗം റാന്നി മുള്ളംകാട്ടിൽ പരേതനായ വി.എ. തോമസിന്റെ ഭാര്യ മേരി തോമസ് (മറിയാമ്മ-92) അന്തരിച്ചു. മക്കൾ: സാം, സാലി (ഇരുവരും കാനഡ), സജി (ഡാളസ്). മരുമക്കൾ: ഉഷ, വർഗീസ് സേവ്യർ, സോണിയ. പരേത മാവേലിക്കര ചെറുമലക്കാട്ട് കുടുംബാംഗമാണ്. ദുബായ് ഫിലാഡൽഫിയ ഐപിസി സ്ഥാപകൻ പരേതനായ പാസ്റ്റർ ജി. വർഗീസിന്റെ സഹോദരിയാണ്.

# ആർക്കിടെക്ട് എൻ.എം. സലീം അന്തരിച്ചു



കോഴിക്കോട്: കേരളത്തിലെ ആധുനിക ആർക്കിടെക്ചർ മേഖലയ്ക്ക് അടിത്തറ പാകിയവരിൽ പ്രധാനിയായ ആർക്കിടെക്ട് എൻ.എം. സലീം (77) വിടവാങ്ങി. ഒക്ടോബർ 12-ന് തിങ്കളാഴ്ച പുലർച്ചെ 3.22-ഓടെയാണ് മരിച്ചത്. അരയിടത്തുപാലം മിനി ബൈപ്പാസിലെ 'നികർത്തിൽ' വീട്ടിലായിരുന്നു താമസം. ഇന്ത്യയ്ക്കകത്തും ഖത്തർ, ദുബായ്, ശ്രീലങ്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലും വൻകിട പദ്ധതികൾ രൂപകല്പനചെയ്ത സലീം 'എൻ.എം. സലീം അസോസിയേറ്റ്സി'ന്റെ സ്ഥാപകനാണ്.

ആലപ്പുഴ പട്ടണക്കാട് 'നികർത്തിൽ' പരേതനായ മുഹമ്മദലി-ആമിനാബീവി ദമ്പതിമാരുടെ മകനാണ്. ഭാര്യ: ഷെറിൻ സലീം. മക്കൾ: ആദിൽ സലീം (ആർക്കിടെക്ട്, ഗോവ), അദീപ് സലീം (എൻ.എം. സലീം അസോസിയേറ്റ്സ്), സുഹാന സലീം (ദുബായ്). മരുമക്കൾ: സമീർ (സോഫ്റ്റ്‌വേർ എഞ്ചിനീയർ, ദുബായ്), ശ്രേയ (അദ്ധ്യാപിക, സ്പ്രിങ്‌വുഡ് സ്കൂൾ, കോഴിക്കോട്), നിലൂഫർ (ഇന്റീരിയർ ഡിസൈനർ, ഗോവ). സഹോദരങ്ങൾ: പരേതരായ ഷരീഫ്, ഹഫ്സ, സുബൈദ.

# An adult child-parent dynamic and the importance of focusing on personal growth and independence



Antony Francis
Chicago

I wanted to share some thoughts on navigating the adult child-parent dynamic and the importance of focusing on personal growth and independence.

Focusing on building one's own life is a far more constructive path for adult children than remaining trapped in a cycle of criticizing or mocking their parents. While navigating this dynamic can be emotionally complex, channeling energy into personal accountability, independence, and growth yields healthier long-term outcomes for both generations.

**Moving Toward Independence:**

Instead of expending emotional energy on parental shortcomings, taking charge of your own journey builds true self-reliance:

**Focus on Autonomy:**

True maturity involves shifting from blaming parents to taking responsibility for your own choices, lifestyle, and happiness.

**Establish Healthy Boundaries:**

If the relationship is strained by past conflict or toxic communication, establishing firm but respectful boundaries is more effective than engaging in mockery or retaliation.

**Learn from the Past:**

Rather than repeating cycles of criticism, adult children can use their experiences as a blueprint for how they want to live, manage relationships, or raise their own families.

**The Cyclical Nature of Mutual Respect:**

Family dynamics often function as a loop. Understanding how criticism flows within a family can help break negative patterns.

# ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ പാസ്റ്റേഴ്സിനും നേതാക്കൾക്കുമായി കുടുംബ സെമിനാർ നവംബർ 14-ന്

രാജു തരകൻ

ഡാളസ്: ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ പാസ്റ്റേഴ്സിനും യൂത്ത് പാസ്റ്റേഴ്സിനും സഭാനേതാക്കൾക്കും അവരുടെ കുടുംബങ്ങൾക്കുമായി പ്രത്യേക സെമിനാർ സംഘടിപ്പിക്കുന്നു. 2026 നവം



ഡോ. ലെസ്ലി വർഗീസ്



പാസ്റ്റർ സതീഷ് കുമാർ

ബർ 14-ന് ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ റിച്ചാർഡ്സണിലുള്ള ഗ്രേസ് ക്രിസ്ത്യൻ അസംബ്ലിയിൽ വെച്ചാണ് സെമിനാർ നടക്കുന്നത്. നേതൃത്വത്തെ ശക്തീകരിക്കുക (Strengthening the Leadership) എന്നതാണ് സെമിനാറിന്റെ മുഖ്യവിഷയം. ആത്മീയ അഭിഷേകമുള്ള പ്രഭാഷകരും അനുഭവസമ്പന്നരായ പാനലിസ്റ്റുകളും വിവിധ സെഷനുകൾക്ക് നേതൃത്വം നല്കും. ഡോ. ലെസ്ലി വർഗീസ്, പാസ്റ്റർ സതീഷ് കുമാർ എന്നിവർ മുഖ്യസന്ദേശം നല്കുന്നതാണ്.

പ്രാദേശിക സഭകളിൽ ശുശ്രൂഷ ചെയ്യുന്ന പാസ്റ്റേഴ്സിനും യൂത്ത് പാസ്റ്റേഴ്സിനും സഭാ നേതാക്കൾക്കും അവരുടെ കുടുംബങ്ങൾക്കും പങ്കെടുക്കാവുന്ന രീതിയിലാണ് സെമിനാർ ക്രമീകരിച്ചിരിക്കുന്നത്. നേതൃത്വപരമായ കഴിവുകൾ വളർത്തുന്നതിനും ആത്മീയ ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുന്നതിനും കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ സംഗമം സഹായകമാകുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു. സെമിനാറിലേക്കുള്ള പ്രവേശനം സൗജന്യമാണ്. Location: Grace Christian Assembly, 575 W Arapaho Road, Richardson, TX 75080. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: പാസ്റ്റർ തോമസ് മുല്ലയ്ക്കൽ (214) 223 1194, എസ്.പി. ജെയിംസ് (214) 334 6962, തോമസ് ചെല്ലേത്ത് (469) 363 5109, വെബ്സൈറ്റ്: DallasCitywide.org

# പ്രണയിനിയെ കൊന്ന് കത്തിച്ച പത്തൊൻപതുകാരൻ പിടിയിൽ

ചെറുതോണി: ഇടുക്കി പാംബ്ല അണക്കെട്ടിന് സമീപം പ്രണയിനിയെ കൊന്ന് കത്തിച്ച സംഭവത്തിൽ കാമുകനായ 19 വയസുകാരൻ കസ്റ്റഡിയിൽ. രാജാക്കാട് പുട്ടപ്പാറ അംബേദ്കർ കോളനിയിൽ നിശാന്താണ് പിടിയിലായത്. കല്ലാർകുട്ടിയിൽനിന്നാണ് കസ്റ്റഡിയിലെടുത്തതെന്ന് ഇടുക്കി ജില്ലാ പോലീസ് മേധാവി ഡോ. എ. നസീം അറിയിച്ചു.

തമിഴ്നാട് ബോഡിനായ്ക്കന്നൂർ സ്വദേശിനി നിത്യ(18)യാണ് കൊല്ലപ്പെട്ടത്. ബന്ധുക്കൾ ഇടുക്കി മെഡിക്കൽ കോളജിലെത്തി മൃതദേഹം തിരിച്ചറിഞ്ഞിരുന്നു. നിശാന്തും നിത്യയും തമ്മിൽ പ്രണയത്തിലായിരുന്നുവെന്ന് പോലീസ് പറഞ്ഞു. കുട്ടിക്കാലം മുതൽ പരിചയക്കാരായിരുന്ന ഇരുവരും ഒരേ സ്കൂളിലാണ് പഠിച്ചത്. നിത്യയ്ക്ക് 21 വയസ് തികയുമ്പോൾ വിവാഹം നടത്താമെന്ന് വീട്ടുകാർ തമ്മിൽ ധാരണയിലെത്തിയിരുന്നെന്നു ബന്ധുക്കൾ പറഞ്ഞു. നിത്യ, നിശാന്തിനെ കാണാൻ പൂപ്പാറയിലെത്തി. തലേദിവസം മറ്റൊരു ഫോണിൽനിന്ന് നിശാന്തിനെ ബന്ധപ്പെടുകയും ഇയാളുടെ നിർദേശപ്രകാരം എത്തുകയുമായിരുന്നു. രാജാക്കാട് എത്തിയ നിത്യയെ നിശാന്ത് ഓട്ടോറിക്ഷയിൽ കയറ്റി വിവാഹക്കാര്യം സംസാരിക്കാനായി അരവണപ്പാറയിലെ ഏലത്തോട്ടത്തിലേക്ക് കൊണ്ടുപോയി. റോഡിൽനിന്ന് ഏകദേശം 150 മീറ്റർ അകലെയുള്ള തോട്ടത്തിൽ വെച്ച് ഇരുവരും തമ്മിൽ വാക്കുതർക്കമുണ്ടായി. തുടർന്ന് നിശാന്ത് നിത്യയെ കട്ടിങ്ങിൽനിന്ന് താഴേക്ക് തള്ളിയിടുകയായിരുന്നെന്നു പോലീസ് പറഞ്ഞു. മൊബൈൽ ഫോൺ ചാർജർ ഉപയോഗിച്ച് കഴുത്തിൽ മുറുക്കി ശ്വാസംമുട്ടിക്കുകയും മുഖത്ത് കല്ലുകൊണ്ട് ഇടിക്കുകയും ചെയ്ത് കൊലപ്പെടുത്തിയെന്നാണ് പോലീസിന്റെ കണ്ടെത്തൽ.

രാത്രിയോടെ മൃതദേഹം ഓട്ടോറിക്ഷയിൽ കയറ്റി പാംബ്ല വനമേഖലയിലെത്തിച്ചു. കൈവശം കരുതിയിരുന്ന മൂന്ന് ലിറ്റർ പെട്രോൾ മൃതദേഹത്തിലൊഴിച്ച് കത്തിച്ചശേഷം രാത്രി രണ്ടു മണിയോടെ ഉപേക്ഷിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

ഇതിനിടെ, ഇടുക്കി സന്ദർശിക്കാനെത്തിയ മലപ്പുറം സ്വദേശികളായ വിനോദസഞ്ചാരികൾ ചിത്രങ്ങളെടുക്കാനായി റോഡിൽനിന്ന് താഴേക്ക് ഇറങ്ങിയപ്പോഴാണ് കത്തിക്കരിഞ്ഞ നിലയിൽ മൃതദേഹം കണ്ടത്. തുടർന്ന് കരിമണൽ പോലീസിനെ വിവരമറിയിക്കുകയായിരുന്നു.

# SEEKING BRIDEGROOM

**US. Settled Orthodox Christian parents invite proposals for their daughter, US. Citizen aged 35 years 5'1" raised in the US. She is a University graduate working as a nurse. Looking for God fearing professionally qualified, family oriented boy. If interested please contact WhatsApp number **1(510)384 8625.**

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to
**seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to
**email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

# SEEKING BRIDEGROOM CONTD.....

Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person.
**423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email:
**bejoy2342@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## കെ.ബി. കുര്യൻ

**അതിരമ്പുഴ:** കുടിലിൽ കെ.ബി. കുര്യൻ (82) അന്തരിച്ചു. ഭാര്യ അതിരമ്പുഴ ചാക്കാലയ്ക്കൽ മേരിക്കുട്ടി സെബാസ്റ്റ്യൻ (റിട്ട. അധ്യാപിക). മക്കൾ: ബോബൻ കുര്യൻ (യുഎസ്), ബബിത കുര്യൻ (യുകെ), ജോൺസൺ കുര്യൻ (കുടിലിൽ ഫ്ളവർ മിൽ അതിരമ്പുഴ). മരുമക്കൾ: റീന കളച്ചിറയിൽ ആലപ്പുഴ (യുഎസ്), ഗിരീഷ് ജോൺ പുലിയൻതുരുത്തേൽ, കോതനല്ലൂർ (യുകെ), ടിൻസി നിരവത്ത് അതിരമ്പുഴ (സെ. ജോർജ് സ്കൂൾ മണ്ണാർകുന്ന്).

## കെ.സി. ചാക്കോ

**കുഴിമറ്റം:** റിട്ട. പോലീസ് ഹെഡ് കോൺസ്റ്റബിൾ കാഞ്ഞിരപ്പള്ളിൽ കെ.സി.ചാക്കോ (88) അന്തരിച്ചു. ഭാര്യ: കുറിച്ചി നസ്രാണി തുണ്ടിയിൽ മറിയാമ്മ. മക്കൾ: അനില ചാക്കോ (റിട്ട. പ്രിൻസിപ്പൽ എച്ച്എസ്എസ് ചങ്ങനാശേരി), അജിത് ചാക്കോ (റവന്യൂ വകുപ്പ്), അനിത ചാക്കോ (നഴ്സ് ഖത്തർ). മരുമക്കൾ: കടുത്തുരുത്തി മൂർത്തിക്കൽ പരേതയായ ജോസ് സൈമൺ, കുറിച്ചി തേമ്പാറയിൽ സീന അജിത്, വെച്ചൂച്ചിറ കോയിക്കൽ ജിക്കു ജോസ്, ഇരവിപേരൂർ തുണ്ടിയിൽ ഷിന്റു ഷോബിൻ (യുഎസ്), കുറിച്ചി പഴയകളത്തിൽ പി.സി. ചാക്കോ.

## സാറാമ്മ ജോൺ

**ഇത്തിത്താനം:** പുളിക്കൽ സാറാമ്മ ജോൺ (86) ഹൂസ്റ്റണിൽ അന്തരിച്ചു. ഭർത്താവ് ജോൺ വർഗീസ് പുളിക്കൽ. മക്കൾ: ബിജു, ബീന. മരുമക്കൾ: കെ.എം. ആന്റണി കളത്തിൽ (പെരുന്ന), മേഴ്സി പോത്താലിൽ (കുടമാളൂർ).

**പേരൂർ:** കെഎസ്ആർടിസി റിട്ട. സ്റ്റേഷൻ മാസ്റ്റർ ഇടമറ്റത്തിൽ (കോയിത്തറ) ഇ.കെ. സുകുമാരൻ നായർ (70) അന്തരിച്ചു.

## സിസ്റ്റർ ജോളി മാത്യു മൂങ്ങാമാക്കൽ

**തൊടുപുഴ:** ആൻസിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്ത്യയിലെ സ്ഥാപകാംഗവും സാമൂഹിക സേവകയുമായ സിസ്റ്റർ ജോളി മാത്യു മൂങ്ങാമാക്കൽ (84) അന്തരിച്ചു. റിട്ട. ആർഡിഡി തൊടുപുഴ മൂങ്ങാമാക്കൽ പരേതനായ എം.എം. മാത്യുവിന്റെ മകളാണ്. സഹോദരങ്ങൾ: ജോമി മാത്യു (എറണാകുളം), ഫിലിപ്പ് മാത്യു (ഐസി കോളജ്), ലില്ലി മാറാമറ്റം, തോമസ് മാത്യു (ചാർട്ടേഡ് അക്കൗണ്ടന്റ്, എറണാകുളം), വിമല പീറ്റർ (തൃശൂർ), പൗളി മാത്യു ആളൂക്കാരൻ (യുഎസ്), വിൻസന്റ് മാത്യു (കാനഡ), പരേതരായ റോയി മാത്യു (ജർമനി), പൂഞ്ഞാർ കിഴക്കേതോട്ടം ജൂലി.

## കെ.എ. കുഞ്ഞമ്മ

**ആഞ്ഞിലിത്താനം:** മൈലെക്കാട് കക്കുടിയിൽ കെ.എ. കുഞ്ഞമ്മ (93) അന്തരിച്ചു. തറയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.ഇ. പോത്തൻ. മക്കൾ: ഷിബു, ഷേർലി, ഷീബ. മരുമക്കൾ: ഷേർലി പള്ളം, ജോൺസൺ പുളിക്കീഴ്, ജെയിംസ് പുറമറ്റം (എല്ലാവരും യുഎസ്).

**മണർകാട്:** മാലം കാലായിൽ കരോട്ട് ചുണ്ടയിൽ വീട്ടിൽ (പാടത്തുമാപ്പിള കുടുംബം) സി.എ. കുര്യാക്കോസിന്റെ ഭാര്യ (റിട്ട. ഒഎൻജിസി മാനേജർ) റോസമ്മ കുര്യാക്കോസ് (ബീന-63) അന്തരിച്ചു.

**ഏഴാച്ചേരി:** കേരള കോൺഗ്രസ് (എം) നേതാവും കർഷക യൂണിയൻ പാലാ നിയോജകമണ്ഡലം പ്രസിഡണ്ടുമായ നെടുമ്പിള്ളിൽ എൻ.ജെ. ജോസഫ് (അപ്പച്ചൻ-81) അന്തരിച്ചു.

**ചെത്തിപ്പുഴ:** എയർഫോഴ്സ് മുൻ ഉദ്യോഗസ്ഥൻ മാറാട്ടുകുളം എം.ജെ. ആന്റണി (85) അന്തരിച്ചു.

**കല്ലറ:** പുത്തൻപള്ളി പാലക്കാട്ട് അന്ന (91) അന്തരിച്ചു.

## സാറാമ്മ തോമസ് അന്തരിച്ചു



ന്യൂജേഴ്സി: കോട്ടയം മാങ്ങാനം കുന്നേൽ കെ.സി. തോമസിന്റെ (തോമാച്ചൻ) ഭാര്യ സാറാമ്മ തോമസ് (85) അന്തരിച്ചു. ഫോമാ ന്യൂയോർക്ക് മെട്രോ റീജിയന്റെ മുൻ വൈസ് പ്രസിഡണ്ടും കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡിന്റെ മുൻ പ്രസിഡണ്ടുമായ ബിനോയ് തോമസിന്റെ മാതാവാണ് പരേത. കുഴിമറ്റം മാമൂട്ടിൽ കുടുംബാംഗമായ പരേത അമേരിക്കയിൽ ബ്രൂക്നിലെ കോണി ഐലൻഡ് ആശുപത്രിയിൽ ജോലി ചെയ്ത് വിരമിച്ചശേഷം ജന്മനാട്ടിലേക്ക് മടങ്ങി കോട്ടയത്ത് വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

ബിന്ദു എലിസബത്ത് വർഗീസ് മകളാണ്. മരുമക്കൾ: ജൂലി ബിനോയ്, ബിജു വർഗീസ്. കൊച്ചുമക്കൾ: ആഷർ, ദിയ, അഡേവ്, ആൻഡ്രൂ, ആഞ്ജലീന. അമേരിക്കയിലെയും കേരളത്തിലെയും മാർത്തോമ്മാസഭാ മേലധ്യക്ഷന്മാരും വൈദികരും ഫോമാ നേതാക്കളും വിവിധ സാമൂഹിക സംഘടനാ പ്രതിനിധികളും പരേതയുടെ നിര്യാണത്തിൽ അനുശോചനമറിയിച്ചു.

## പി.എസ്. ശ്രീരാമൻ

**കൊടകര:** ബിജെപി ദേശീയ കൗൺസിൽ അംഗവും മുൻ സംസ്ഥാന സെക്രട്ടറിയും തൃശൂർ ജില്ലാ മുൻ പ്രസിഡണ്ടുമായ കൊടകര വട്ടേക്കാട് പനങ്ങാടൻ പി.എസ്. ശ്രീരാമൻ (86) അന്തരിച്ചു. ഭാര്യ വസന്ത. മക്കൾ: സുമ (യുഎസ്), സ്മിത, വിജയലക്ഷ്മി (ബെംഗ്ലൂർ), വിവേക് (അപ്പോളോ ടയേഴ്സ്). മരുമക്കൾ: അനൂപം (യുഎസ്), മഹിപാൽ (ബെംഗ്ലൂർ), അഞ്ജു (അധ്യാപിക).

## ശാന്താ പിള്ള

**കോട്ടയം:** നാഗമ്പടം ഗീതാഞ്ജലിയിൽ പരേതനായ വാസുദേവൻ പിള്ളയുടെ ഭാര്യ പൂണെയിൽ അധ്യാപികയായിരുന്ന ശാന്താ പിള്ള (81) അന്തരിച്ചു. കങ്ങഴ ശ്രീകൃഷ്ണവിലാസം കുടുംബാംഗമാണ്. മക്കൾ: ഡോ. ഷിബു വി. പിള്ള (യുകെ), ഡോ. ബിന്ദു പിള്ള (യുഎസ്). മരുമക്കൾ: ഹേമ സി. നായർ (യുകെ), ബാബുരാജ് (യുഎസ്).

**കുറിച്ചിത്താനം:** നെല്ലിക്കൽ (മാടപ്പാട്ട്) ലൂക്കോസ് ഫ്രാൻസിസ് (ജോയ്-81) അന്തരിച്ചു.

**താമരക്കാട്:** നാരമംഗലത്ത് എൻ.ഒ. എസ്തപ്പാന്റെയും എത്സിയുടെയും മകൻ ജോജിമോൻ സ്റ്റീഫൻ (കൊച്ചുമോൻ-37) അന്തരിച്ചു.

**അതിരമ്പുഴ:** ലിസ്യു ശ്രീകണ്ഠമംഗലം ഇടാട്ടുചിറയിൽ പരേതനായ ഉലഹന്നാൻ ചാക്കോയുടെ ഭാര്യ ഏലി ഉലഹന്നാൻ (95) അന്തരിച്ചു.

**പൊടിമറ്റം:** തിരുഹൃദയ സന്യാസിനി സമൂഹം പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസ് അംഗം സിസ്റ്റർ മേരി മർസലിൻ (87) അന്തരിച്ചു.

**പെരുവ:** മൂട്ടപ്പിള്ളിമ്യാലിൽ ഇടപ്പറമ്പിൽ റിട്ട. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ പി. തങ്കപ്പൻ (94) അന്തരിച്ചു.

**കുര്യനാട്:** കുരിയംപ്ലാക്കിയിൽ ജോസഫ് കുര്യൻ (കുട്ടപ്പൻ-88) അന്തരിച്ചു.

**മാവേലിക്കര:** ഇഎസ്ഐ റിട്ട. മെഡിക്കൽ ഇൻഷ്വറൻസ് ഓഫീസർ പുതിയകാവ് പുളിന്തിട്ട ഡോ. അബു ജേക്കബ് കുര്യൻ (71) അന്തരിച്ചു.

**വാകത്താനം:** നാലുന്നാക്കൽ കുറ്റിയിൽ പരേതനായ വി.ജെ. ജോർജിന്റെ ഭാര്യ സാലമ്മ ജോർജ് (72) അന്തരിച്ചു.

**പാത്താമുട്ടം:** കുറിച്ചി ആനിക്കാട് വീട്ടിൽ ചാക്കോ മാത്യുവിന്റെയും മറിയാമ്മ ചാക്കോയുടെയും മകൻ മോട്ടി എം. ചാക്കോ (42) അന്തരിച്ചു.

**ചങ്ങനാശേരി:** റിട്ട. ട്രഷറി ഓഫീസർ വാഴപ്പള്ളി പടിഞ്ഞാറ് കോയ്പ്പുറം സ്കൂളിനു സമീപം പറപ്പള്ളിൽ ജോസഫ് വർഗീസ് (തങ്കച്ചൻ-70) അന്തരിച്ചു.

**പള്ളിപ്പാട്:** പ്ലാന്തറയിൽ ഡോ. ജെനി ജോളി ജോൺസൺ (35) ലണ്ടനിൽ അന്തരിച്ചു.

## പി.കെ. കോശി വൈദ്യൻ

**കവിയൂർ:** തോണ്ടപ്പുറത്ത് പ്ലാവുങ്കൽ പി.കെ. കോശി വൈദ്യൻ (ബാബു-74) അന്തരിച്ചു. തിരുവല്ല ലയൺസ് ക്ലബ്, ചെങ്ങന്നൂർ സീനിയർ സിറ്റിസൺ ഫോറം എന്നിവയിൽ അംഗമായിരുന്നു. ഭാര്യ ശങ്കരമംഗലം താന്നിക്കൽ ജോളി കോശി. മക്കൾ: ബെഞ്ചി കോശി (യുഎസ്), റീന കോശി (ബഹറിൻ), രേണു കോശി (ഷാർജ). മരുമക്കൾ: കുറിയന്നൂർ പുളിയിലേത്ത് മെൽവിൻ (ബഹറിൻ), ഷൊർണൂർ മയിൽവാഹനം ചെമ്മരിക്കാട്ട് പ്രകാശ് (ഷാർജ), പരേതയായ വാനി കോശി.

## തോലത്ത് സാറാമ്മ



**തൃശൂർ:** പഴഞ്ഞിയിലെ സാമൂഹിക സാംസ്കാരിക പ്രവർത്തകൻ ടി.സി. ജേക്കബിന്റെ മാതാവ് ജെറുസലേം കുരിശുപള്ളിക്കു സമീപം താമസിക്കുന്ന തോലത്ത് പരേതനായ ചെറിയാന്റെ ഭാര്യ സാറാമ്മ (87) അന്തരിച്ചു. മറ്റുമക്കൾ: ബേബി, മേരി, റീന, സില. മരുമക്കൾ: ശാന്ത, പരേതനായ രാജൻ, യാക്കോബ്, സ്റ്റാൻലി, അഭി.

**കുളത്തുക്കടവ്:** സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് കൃപാധാം പ്രോവിൻസ്അംഗം സിസ്റ്റർ ബർക്ക് താഴത്തുപറമ്പിൽ മഹാരാഷ്ട്രയിലെ വാർധയിൽ അന്തരിച്ചു.

## സിദ്ധാർത്ഥ് ജോർജ്

**തേവര:** കോയിക്കര കുരുവിള ജോർജിന്റെയും ടീനയുടെയും മകൻ സിദ്ധാർത്ഥ് ജോർജ് (36) യുഎസിൽ അന്തരിച്ചു.

**ചോറ്റാനിക്കര:** പാലസ് സ്ക്വയർ തെക്കേടത്ത് മറിയാമ്മ കുര്യാക്കോസ് (102) അന്തരിച്ചു.

**വെള്ളൂർ (പാമ്പാടി):** ഛത്തീസ്ഗഢ് പിഡബ്ല്യുഡി റിട്ട. ഉദ്യോഗസ്ഥൻ പര്യാത്തു വീട്ടിൽ ഐപ്പ് ഡേവിഡ് (പാപ്പച്ചൻ-73) അന്തരിച്ചു.

**ഏറ്റുമാനൂർ:** കാരക്കാട്ട് വീട്ടിൽ പരേതനായ കെ.എൻ. രാഘവൻ നായരുടെ (റിട്ട. മജിസ്ട്രേറ്റ്) ഭാര്യ പി. ചെല്ലമ്മ (91) അന്തരിച്ചു.

**ആർപ്പൂക്കര:** കുമരംകുന്ന് കണിച്ചേരി വീട്ടിൽ (വെളുത്തേടത്തുപറമ്പിൽ) ഗോപി (86) അന്തരിച്ചു.

**റാന്നി:** സിഎംഎസ് യുപി സ്കൂൾ റിട്ട. അധ്യാപിക കാഞ്ഞിരപ്പള്ളിൽ തോട്ടുകടവിൽ റേച്ചൽ മാത്യു (89)അന്തരിച്ചു.

## ഫിലോമിന അപ്രേം

**മേരികുളം:** പുതുപ്പറമ്പിൽ ഫിലോമിന അപ്രേം (87) അന്തരിച്ചു. ആയിലൂമാലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.ജെ. അപ്രേം. മക്കൾ: ലാൽ ഏബ്രഹാം (യുഎസ്), റോയി ഏബ്രഹാം (ട്രസ്റ്റി, സെ. ജോർജ് പള്ളി മേരികുളം), ഡെയ്സി, ബൈജു ഏബ്രഹാം, ജിജാമോൾ ഏബ്രഹാം (അധ്യാപിക, സെ. ജെറോംസ് എച്ച്എസ്എസ് വെള്ളയാംകുടി), പരേതനായ പ്രിൻസ്. മരുമക്കൾ: ലൗലി, ഷൈനി (യുഎസ്), ഡെയ്സി, ബീന, ലൂയിസ്.

**ഇരവിനല്ലൂർ:** കടിയൻതുരുത്തിൽ കെ.എ. കുര്യൻ (കൊച്ചുമോൻ-82) അന്തരിച്ചു.

**കോട്ടയം:** എഫ്സിഐ റിട്ട. മാനേജർ പള്ളം ചെമ്പിത്തറയിൽ ആന്റണി ഏബ്രഹാം (85) അന്തരിച്ചു.

**ചങ്ങനാശേരി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ചങ്ങനാശേരി ദേവമാതാ പ്രോവിൻസ് സെന്റ് ജോസഫ് ക്ലാരമഠാംഗമായ സിസ്റ്റർ എൽസിറ്റ (88) അന്തരിച്ചു.

## മറിയം ദേവസ്യ

**വെള്ളിലാക്കണ്ടം:** കിഴക്കേമാട്ടുക്കട്ട നടുവിലേടത്ത് മറിയം ദേവസ്യ (മേരിക്കുട്ടി-74) അന്തരിച്ചു. നരിയമ്പാറ മാളിയേക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ദേവസ്യ ജോസഫ്. മക്കൾ: ഫാ. തോമസ് (യുഎസ്), ബൈജു, സിസ്റ്റർ ഷൈനി (ഇറ്റലി). പരേതനായ ജോസഫ്. മരുമക്കൾ: മിനി, പ്രിയ.

**ആറുമാനൂർ:** പവ്വത്ത് സോമൻ നായരുടെയും (റിട്ട. എഎസ്ഐ) പി.ഇ. ശാരദയുടെയും (നേഴ്സിങ് സൂപ്രണ്ട് മെഡിക്കൽ കോളജ്) മകൻ മനു എസ്. നായർ (42) അന്തരിച്ചു.

**പടിഞ്ഞാറ്റിൻകര:** റിട്ട. എയർഫോഴ്സ് ഇറപുറത്ത് തോമസ് ജോസഫിന്റെ ഭാര്യ പെണ്ണമ്മ തോമസ് (75) അന്തരിച്ചു.

## സാറാമ്മ ഏബ്രഹാം

**കോട്ടയം:** ചെങ്ങളവൻ സാറാമ്മ ഏബ്രഹാം (79) യുഎസിൽ അന്തരിച്ചു. ഭർത്താവ് പരേതനായ ഏബ്രഹാം സി. ഏബ്രഹാം. മക്കൾ: ജൂലി, ജോയ്സ്, എലിസ (മൂവരും യുഎസ്).

**ഭരണങ്ങാനം:** വി. അൽഫോൻസാമ്മയുടെ സംസ്കാര കർമ്മത്തിൽ പങ്കെടുത്ത സിസ്റ്റർ സെലിൻ മേരി (92) അന്തരിച്ചു.

**അതിരമ്പുഴ:** മണ്ണാർകുന്ന് വടക്കേടത്തുപറമ്പിൽ വർഗീസ് സെബാസ്റ്റ്യൻ (75) അന്തരിച്ചു.

**ചങ്ങനാശേരി:** മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ളവർ സമൂഹാംഗം സിസ്റ്റർ ബനഡിക്ട് തുണ്ടത്തിൽ (81) അന്തരിച്ചു.

**ചേർപ്പുങ്കൽ:** പുതിയവീട്ടിൽ പരേതനായ ഫിലിപ്പിന്റെ ഭാര്യ അന്നമ്മ ഫിലിപ്പ് (91) അന്തരിച്ചു.

## അന്നക്കുട്ടി ജോസഫ്

**തുടങ്ങനാട്:** കിഴക്കേപ്പറമ്പിൽ അന്നക്കുട്ടി ജോസഫ് (90) അന്തരിച്ചു. ചെപ്പുകുളം മറ്റത്തിലാനിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: ലിസി (യുഎസ്), മേരിക്കുട്ടി, തോമസ്, ജോജോ, ഡാലിയ. മരുമക്കൾ: ബാബു കണ്ടോത്ത് (യുഎസ്), മാനത്തൂർ കാക്കിയാനിയിൽ ജോമി, മുരിക്കാശേരി ചിലമ്പിക്കുന്നേൽ കൊച്ചുറാണി, ചെമ്പിളാവ് പെരുമ്പള്ളിൽ ലീലാമ്മ, മേലുകാവുമറ്റം നെല്ലംകുഴിയിൽ ബേബി.

## സുജാത മോഹനൻ

**എരുമേലി:** പ്രൊപ്പോസ്തറയിൽ റിട്ട. റെയിൽവേ ഇൻസ്പെക്ടർ ടി.കെ. മോഹനന്റെ ഭാര്യ സുജാത മോഹനൻ (65) അന്തരിച്ചു. ചിറ്റേട്ട് കുടുംബാംഗമാണ് മകൻ: സുജിത് മോഹനൻ. മരുമകൾ: സിന്ധ്യ രഘുനാഥ് (ഇരുവരും യുഎസ്).

**തിരുവനന്തപുരം:** കേരള യൂണിവേഴ്സിറ്റി ഇക്കണോമിക്സ് വിഭാഗം മുൻ മേധാവിയും സോഷ്യൽ സയൻസ് വിഭാഗത്തിന്റെ ഡീനുമായിരുന്ന ശ്രീകാര്യം ഗാന്ധിപുരം ഇലഞ്ഞിക്കൽ പ്രഫ. ഇ.ടി. മാത്യു (98) അന്തരിച്ചു.

**കാണക്കാരി:** കുറ്റിയാനിയിൽ പരേതനായ ചാക്കോയുടെ ഭാര്യ ചിന്നമ്മ ചാക്കോ (89) അന്തരിച്ചു.

## ത്രേസ്യാ ചാണ്ടി

**നെടുങ്ങാടപ്പള്ളി:** കോഴികുന്നത്ത് ത്രേസ്യാ ചാണ്ടി (വത്സമ്മ-73) അന്തരിച്ചു. ചങ്ങനാശേരി ചെന്നിക്കര കുടുംബാംഗമാണ്. ഭർത്താവ് ചാണ്ടി ഈപ്പൻ. മക്കൾ: പ്രിൻസ്, പ്രിൻസി (ഇരുവരും യുഎസ്). മരുമക്കൾ: കടുത്തുരുത്തി പുത്തൻപുരയ്ക്കൽ സോണിയ, കോന്നി ചെറുമുഖത്ത് സ്റ്റാൻലി.

**ചങ്ങനാശേരി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ചെത്തിപ്പുഴ വേരൂചിറ ശാന്തിസദൻ ക്ലാരമഠം ഭവനാംഗമായ സിസ്റ്റർ ഗ്രേഷ്യസ് (84) അന്തരിച്ചു.

**കോട്ടയം:** സിഎംഐ കോട്ടയം സെന്റ് ജോസഫ് പ്രോവിൻസിലെ ഇടമറ്റം ചാവറ ആശ്രമാംഗമായിരുന്ന ഫാ. ദേവസ്യ കരോട്ടെമ്പ്രാൽ (79) അന്തരിച്ചു.

**വള്ളികുന്നം:** ഇലപ്പക്കുട്ടം ചൂനാട്ട് വേണാട്ട് അയ്യപ്പായിൽ അഡ്വ. എൻ.എസ്. ശ്രീകുമാർ (അയ്യപ്പൻകുട്ടി-65) അന്തരിച്ചു.

**കോഴിക്കോട്:** രാജ്യാന്തരതലത്തിൽ ശ്രദ്ധേയനായ ആർക്കിടെക്ടും കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന എൻ.എം. സലിം അസോസിയേറ്റ്സിന്റെ സ്ഥാപകനുമായ എൻ.എം. സലിം (77) അന്തരിച്ചു.

**കാക്കനാട്:** ഐഎംജി കൊച്ചി സ്ഥാപക മേധാവി മാവേലിപുരം മൂത്തേടത്ത് (ഇരവിപേരൂർ) പ്രഫ. ഉമ്മൻ മാത്യു (വിനു-73) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities

* Light cooking

* General caregiving and companionship

**If you are interested or know someone who may be interested, please contact.**

**Joji Varughese**

**586-610-9932**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson’s disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*




# മലയാളത്തിന്റെ സ്വന്തം ശങ്കരാടി ഓർമയായിട്ട് കാൽ നൂറ്റാണ്ട്



‘സന്ദേശം’ എന്ന സത്യൻ അന്തിക്കാട് ചിത്രത്തിൽ പാർട്ടിയിലെ താത്വികാചാര്യൻ കുമാരപിള്ള തെരഞ്ഞെടുപ്പു തോൽവിയെക്കുറിച്ച് താത്വിക അവലോകനം നടത്തുന്ന ഒരു രംഗമുണ്ട്. മലയാളികൾ ഏറ്റെടുത്ത, ഇന്നും ആവർത്തിക്കുന്ന ഒരു അവലോകന പ്രസംഗം. തെരഞ്ഞെടുപ്പ് ഫലം വരുമ്പോൾ ടിവി ചാനലുകളിലും സമൂഹ മാധ്യമങ്ങളിലും ട്രോളായി മാറുന്ന ഡയലോഗ്.

പാർട്ടി അംഗങ്ങൾക്ക് മുന്നിൽനിന്ന് സഖാവ് കുമാരപിള്ള പറയുന്നു- ‘വിഘടനവാദികളും പ്രതിക്രിയാവാദികളും പ്രഥമദൃഷ്ട്യാ അകൽച്ചയിലായിരുന്നെങ്കിലും അവർക്കിടയിലുള്ള അന്തർധാര സജീവമായിരുന്നു എന്നു വേണം കരുതാൻ. ഒന്ന്, ബൂർഷ്വാസികളും തക്കം പാർത്തിരിക്കുകയായിരുന്നു. അങ്ങനെയാണ് തെരഞ്ഞെടുപ്പ് നമുക്ക് പ്രതികൂലമായി ബാധിച്ചത്.’ വലിയ ഗൗരവത്തിൽ കൈകൾകൊണ്ട് ആംഗ്യംകാട്ടിയും മറ്റും കുമാരപിള്ള താത്വിക അവലോകനം തുടരുമ്പോൾ, ‘എന്തുകൊണ്ട് നമ്മൾ തോറ്റു എന്ന് ലളിതമായി ഒന്ന് പറഞ്ഞാൽ എന്താ’ എന്ന് സഖാവ് ഉത്തമൻ (ബൈജു കൊട്ടാരക്കര) ചാടിയെഴുന്നേറ്റ് ചോദിക്കുന്നുണ്ട്. സിനിമ കാണുന്ന ഓരോ പ്രേക്ഷകനും അറിയാതെ ചോദിച്ചു പോകുന്ന ചോദ്യമാണിത്. പിന്നീട് ഇതുപോലെ അച്ചടക്കം ലംഘിക്കുന്ന സഖാക്കളെ ശങ്കരാടിയുടെ കുമാരപിള്ള എന്ന ബുദ്ധിജീവി ശക്തമായി നേരിടുന്നുണ്ട്. തങ്ങളുടെ എതിർ കക്ഷികളെ തകർക്കേണ്ട കുതന്ത്രങ്ങളെക്കുറിച്ച് അണികളെ ബോധവത്കരിക്കുന്നുമുണ്ട്. ഇതിനിടയിലാണ് ചായയുമായി ചായക്കടക്കാരൻ എത്തുന്നത്. പരിപ്പുവട കാണാത്തതുകൊണ്ട് പെട്ടെന്ന് കുമാരപിള്ളയുടെ ഭാവം മാറുന്നു.

‘പരിപ്പുവടയും ചായയും ബീഡിയുമാണ് ഞങ്ങളുടെ പാർട്ടിയുടെ പ്രധാന ഭക്ഷണമെന്ന് അറിഞ്ഞുകൂടേ. എടുക്കുക, എടുക്കുക, എടുക്കുക... പോയി പരിപ്പുവട ഉണ്ടാക്കി കൊണ്ടുവരിക.’ പരിപ്പുവട ഉണ്ടാക്കിക്കൊണ്ടു വരാൻ ചായക്കടക്കാരനോട് കുമാരപിള്ള പറയുന്നത് ഏതാണ്ട് അവലോകന ശൈലിയിലാണ് എന്നതാണ് ഏറ്റവും കൗതുകം. തീർച്ചയായും ശങ്കരാടി എന്ന അനുഗൃഹീതനടന്റെ മികച്ച വേഷങ്ങളിലൊന്നാണ് സന്ദേശത്തിലെ കുമാരപിള്ള. കേരളത്തിലെ പാർട്ടി കേന്ദ്രങ്ങളിൽ നമ്മൾ കണ്ട ഏതോ പാർട്ടി നേതാവിന്റെ തനിപ്പകർപ്പ്! കുമാരപിള്ളയും പ്രതിക്രിയവാദവും ഇന്നും മലയാള പ്രേക്ഷകനെ പൊട്ടിച്ചിരിപ്പിക്കുന്നുണ്ടെങ്കിൽ അതിനു കാരണം ശങ്കരാടി എന്ന അതുല്യനടന്റെ ആ രംഗത്തെ അഭിനയമാണ്. ഇവിടെ എടുത്തു പറയേണ്ട ഒരു പ്രധാന കാര്യമുണ്ട്. മരണംവരെ ഇടതുപക്ഷ പാർട്ടിയോട് ഹൃദയംകൊണ്ട് അലിഞ്ഞുചേർന്ന, ഉറച്ച കമ്യൂണിസ്റ്റായിരുന്നു ശങ്കരാടി എന്നതാണ്.

സന്ദേശത്തിലെ കുമാരപിള്ള എന്ന കഥാപാത്രം ചർച്ച ചെയ്യപ്പെട്ടപ്പോഴും എങ്ങനെ ശങ്കരാടി എന്ന കമ്യൂണിസ്റ്റ് സഹയാത്രികൻ ഇത്ര ഭംഗിയായി ഈ വേഷം ചെയ്തു എന്നതിനെക്കുറിച്ച് പലരും ആലോചിച്ചിട്ടില്ല.

ഇന്റർമീഡിയറ്റ് കഴിഞ്ഞ് ബറോഡയിൽ എഞ്ചിനീയറിംഗ് പഠിക്കാൻ പോയ കാലത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിൽ അംഗമായതാണ് ശങ്കരാടി. (ചെറിയ പ്രായത്തിൽ ബന്ധുവായ കോൺഗ്രസ് പ്രവർത്തകൻ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളുടെ ഭാഗമായി ശങ്കരാടിയെ കോൺഗ്രസിൽ ചേർത്തിരുന്നു.)

ശങ്കരാടിതന്നെ പറഞ്ഞിട്ടുണ്ട് അറിവുവെച്ച കാലത്ത് താൻ ഇടതുപക്ഷത്തിലേക്ക് സ്വയം മാറി എന്ന്. സിനിമയിൽ എത്തുന്നതുപോലും ഇടതുപക്ഷ പാർട്ടി പ്രവർത്തനങ്ങൾക്കിടയിലാണ്. 1957-ൽ ആദ്യ കമ്യൂണിസ്റ്റ് ഭരണം കേരളത്തിൽ വന്നപ്പോൾ കലാസമിതികളുടെയും പ്രവർത്തനങ്ങളുടെയും നേതൃത്വം ശങ്കരാടി വഹിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് ആദ്യ നാടകാഭിനയം. തുടർന്നും ചില നാടകങ്ങളിൽ അഭിനയിച്ചു. ശങ്കരാടിയുടെ നാടകങ്ങളെക്കുറിച്ച് കേട്ടറിഞ്ഞ കുഞ്ചാക്കോ 1963-ൽ റിലീസായ ‘കടലമ്മ’ യിൽ സത്യന്റെ അച്ഛൻ കഥാപാത്രമാകാൻ ക്ഷണിച്ചു. അങ്ങനെ കൊച്ചുവേലു എന്ന കഥാപാത്രത്തിലൂടെ സിനിമയിലേക്കുള്ള രംഗപ്രവേശം.

പിന്നീട് എഴുന്നൂറോളം ചിത്രങ്ങളിൽ ശങ്കരാടി സ്വാഭാവിക അഭിനയവുമായി നിറഞ്ഞു. ശബ്ദം ഉയർത്തിയും താഴ്ത്തിയും ഒരു പ്രത്യേക ശബ്ദവിന്യാസത്തിലൂടെയുള്ള സംഭാഷണശൈലി. നെറ്റി നിറയെ ഭസ്മവും ചന്ദനവും അണിഞ്ഞ്, തോളിൽ മേൽമുണ്ടിട്ട് ചാരുകസേരയിലിരുന്ന് പഴയ നാടൻ കാരണവരുടെ മട്ടിൽ- ‘നാലുകൂട്ടം വറുത്തുപ്പേരി, രണ്ട് കൂട്ടം പ്രഥമൻ അടങ്ങിയ കെങ്കേമൻ സദ്യ’ എന്നൊക്കെ ശങ്കരാടി പറയുന്നതു കേട്ടാൽ പ്രേക്ഷകരുടെ നാവിൽ വെള്ളമൂറും.

കൊച്ചിയിലെ വൈപ്പിൻകരയിൽ ചെറായിയിലെ സമ്പന്ന നായർ തറവാട്ടിൽ 1924 ജൂലൈ പതിനാലിനാണ് ചന്ദ്രശേഖരമേനോൻ എന്ന ശങ്കരാടിയുടെ ജനനം. പഴയ കൊച്ചിയിലെ പുരാതന തറവാടായ ശങ്കരാടിയാണ് അമ്മയുടെ കുടുംബം. പറവൂർ വടക്കേക്കരയിലെ മേമന കുടുംബത്തിലെ അംഗമാണ് അച്ഛൻ പരമേശ്വരൻപിള്ള. (രണ്ടായിരത്തിൽപ്പരം ഏക്കർ ഭൂമിയുടെ ഉടമകൾ ആയിരുന്നു മേമന തറവാട്ടുകാർ) അമ്മ ജാനകിയമ്മയുടെ കുടുംബപ്പേരായ ശങ്കരാടി, സിനിമയിൽ ചന്ദ്രശേഖരമേനോന്റെ പേരായിമാറി. കുടുംബമഹിമയോ, അതിസമ്പന്നമായ വേരുകളോ ഒന്നും ശങ്കരാടിയെന്ന നടന്റെ പരിമിതികളായിരുന്നില്ല. കൂലിപ്പണിക്കാരനായും ആനപ്പാപ്പാനായും കാര്യസ്ഥനായും പലിശക്കാരനായും ക്ഷയിച്ച തറവാട്ടിലെ കാരണവരായും അങ്ങനെ എത്രയോ കഥാപാത്രങ്ങൾ. സത്യനും പ്രേംനസീറും മധുവും മുതൽ കുഞ്ചാക്കോ ബോബൻ വരെ നായകന്മാർക്കൊപ്പം അഭിനയിച്ചു. ‘ഇരുട്ടിന്റെ ആത്മാവിലെ’ അച്യുതൻനായർ, ‘അസുരവിത്തി’ലെ അധികാരി എന്നിവ മുതൽ തുടങ്ങുന്നു ശങ്കരാടിയുടെ ശക്തമായ കഥാപാത്രങ്ങൾ. തമാശ കഥാപാത്രങ്ങളും ഗൗരവ വേഷങ്ങളും ഒരുപോലെ മികവുറ്റതാക്കി.

‘റാംജിറാവു സ്പീക്കിംഗി’ലെ നായിക റാണിയെ (രേഖ) സായികുമാർ അവതരിപ്പിക്കുന്ന ബാലകൃഷ്ണനെ വശീകരിക്കാൻ അയയ്ക്കുന്ന ഓഫീസ് മാനേജർ ഇന്നും സമൂഹമാധ്യമത്തിൽ വൈറലാണ്. ‘ഗോഡ്ഫാദറി’ലെ സിഗരറ്റ് വലിക്കുന്ന ‘ബോധക്ഷയം’ സംഭവിച്ച കാര്യസ്ഥനെയും മറക്കുക എളുപ്പമല്ല. ‘നാടോടിക്കാറ്റി’ലെ വീട്ടുടമ രാമൻകുട്ടി പണിക്കർ, ‘സുഖമോ ദേവി’യിലെ മുൻ പട്ടാളക്കാരൻ. ‘തലയണമന്ത്ര’ത്തിലെ നോവലിസ്റ്റ് തകപ്പൻ... അങ്ങനെ ഇന്നും മനസിൽ മായാതെ നിൽക്കുന്നു ശങ്കരാടി കഥാപാത്രങ്ങൾ.

# ധനുഷ്കോടിയിലേക്ക്

ഗംഗ പ്രൊഡക്ഷൻസിന്റെ ബാനറിൽ അഡ്വ. ബാലാജി രവീന്ദ്രൻ രചനയും നിർമാണവും നിർവഹിച്ച് ജഹാംഗീർ ഉമ്മർ സംവിധാനം ചെയ്ത ‘ധനുഷ്കോടിയിലേക്ക്’ തിയറ്ററുകളിലെത്തി.

സുധീർ കരമന, ലെന, അരുൺ, ആർദ്ര ഗോപകുമാർ, നിസ്താർ അഹമ്മദ് സേട്ട്, എം.ആർ. ഗോപകുമാർ, ദിനേശ് പണിക്കർ, ജോബി, റിയാസ് നെടുമങ്ങാട്, വി.കെ. ബൈജു, സിന്ധു വർമ, അരിസ്റ്റോ സുരേഷ്, വിതുര തങ്കച്ചൻ തുടങ്ങിയവർ അഭിനയിക്കുന്നു.

ഛായാഗ്രഹണം-കനകരാജ്, എഡിറ്റിംഗ്-അനൂപ്.






# സൈക്കോളജിക്കൽ ത്രില്ലർ 'ദ തേർഡ് മർഡറി'ൽ താരനിര ഒരുക്കി സംവിധായകൻ സുനിൽ ഇബ്രാഹിം

കഥാഗതിയിലും കാസ്റ്റിംഗിലും അവതരണത്തിലുമൊക്കെ പരീക്ഷണ സ്വഭാവമുള്ള ചിത്രങ്ങളൊരുക്കുന്ന സംവിധായകനാണ് സുനിൽ ഇബ്രാഹിം. ചാപ്റ്റേഴ്സ്, അരികിൽ ഒരാൾ, വൈ, റോയ്... ആ നിരയിൽ പുതിയൊരു സിനിമ കൂടി - ദ തേർഡ് മർഡർ. എം.എസ്. ഫൈസൽ ഖാൻ എഴുതിയ 'ഭയം നിർഭരം' എന്ന കഥയെ ആധാരമാക്കിയാണു തിരക്കഥ. സൈജു കുറുപ്പ്, ഇന്ദ്രൻസ്, വിനയ് ഫോർട്ട്, അനന്യ, ഫറ ഷിബില, ജോണി ആന്റണി, ലിയോണ ലിഷോയ് തുടങ്ങിയവർ സ്ക്രീനിൽ.



'ഭയം നിർഭയം തന്നെയായിരുന്നു ആദ്യത്തെ ടൈറ്റിൽ. ഫിയർ പടമെന്ന് ആളുകൾ കരുതും. പക്ഷേ, ഇതിലുള്ളതു ഭയം മാത്രമല്ല. നമ്മുടെ ചിന്തകൾ അല്ലെങ്കിൽ മനസ് എങ്ങനെയൊക്കെ തിരിഞ്ഞുപോകാം എന്നതിന്റെ വിവിധ ലെയറുകളാണു സിനിമ'- സുനിൽ പറഞ്ഞു.

സിനിമയിലെ പുതുമയെന്തെന്നാൽ ഇതിൽ നായകനും നായികയും ഇല്ല; കുറെ കഥാപാത്രങ്ങൾ മാത്രമേയുള്ളൂ. എല്ലാ കഥാപാത്രങ്ങൾക്കും പ്രാധാന്യമുണ്ട്. പതിവു പോലീസ് സ്റ്റോറിയിലെന്നപോലെ കള്ളനെയോ കില്ലറിനെയോ പിടിക്കാനോടുന്ന പോലീസിനൊപ്പം പ്രേക്ഷകരെയും കൊണ്ടുപോയി അവസാനം കുറ്റവാളിയെ കണ്ടെത്തുന്ന രീതിയല്ല. ഇതിൽ ക്രൈം, കൊലപാതകം, പോലീസ് അന്വേഷണം എന്നിവയൊക്കെയുണ്ട്. സിനിമ തുടർന്നു കാണാൻ പ്രേരിപ്പിക്കുന്ന ചോദ്യങ്ങൾ നിലനിർത്തിയാണ് ഇവയുടെ മിക്സിംഗ്.

എഴുതിക്കഴിഞ്ഞപ്പോൾ ഇതിലൊരു മുഖ്യ കഥാപാത്രം ഇല്ലെന്നു മനസിലായി. സാധാരണ ഒരു സിനിമയിൽ വില്ലനെ നമുക്ക് വെറുക്കാം, നായകനെ അമിതമായി സ്നേഹിക്കാം, അയാളുടെ വിജയം ആഗ്രഹിക്കാം. ആ പാറ്റേണിൽ ഈ സിനിമ ചെയ്യാനാവില്ല. കുറേ കഥാപാത്രങ്ങളുടെ ജീവിതത്തിലേക്കും അവസ്ഥകളിലേക്കും സാഹചര്യങ്ങളിലേക്കും അവരുടെ ചിന്തകളിലേക്കും സൈക്കോളജിയിലേക്കും പ്രേക്ഷകരെ കൊണ്ടുപോകേണ്ടി വരും. അതിനാൽ ഇതിൽ കാമറ ഗിമ്മിക്കോ ഗ്രാഫിക്സോ ചടുലമായ മ്യൂസിക്കോ വെച്ച് ഒന്നും ചെയ്യാനാവില്ല. കഥാപാത്രങ്ങളുടെ ആഴത്തിലുള്ള പെർഫോമൻസില്ലാതെ ഈ സിനിമ വർക്കാവില്ലെന്നും അതിനു മികച്ച കാസ്റ്റിംഗ് വേണമെന്നും ബോധ്യമായി.

ഇതിൽ ഇന്ദ്രൻസും സൈജു കുറുപ്പും ഫറ ഷിബിലയും പോലീസ് ഓഫീസേഴ്സാണ്. ടിവിയിൽ ക്രൈം പരിപാടികൾ നിർമിക്കുന്ന കഥാപാത്രമാണ് ലിയോണയുടേത്. വിനയ് ഫോർട്ടിന്റെ പെയറാണ് അനന്യ. ഒരു സാധാരണ മിഡിൽ ക്ലാസ് ഫാമിലിയുടെ പ്രതിനിധികളാണ് ഇവരുടെ കഥാപാത്രങ്ങൾ. കവിത-അതാണ് അനന്യയുടെ കഥാപാത്രം. മണികണ്ഠൻ പട്ടാമ്പി, റിയാസ് നർമകല, ജിബിൻ ഗോപിനാഥ്, ആനന്ദ് മന്മഥൻ തുടങ്ങിയവരാണു മറ്റു വേഷങ്ങളിൽ.

മൂന്നാമത്തെ കൊലപാതകത്തിനാണു സിനിമയിൽ പ്രാധാന്യം. ഒന്നും രണ്ടും ചെയ്ത രീതിയിൽ തന്നെ അതു സംഭവിക്കുമോ അതോ തടയാനാകുമോ, പിന്നിൽ സീരിയൽ കില്ലറാണോ... നിരവധി ചോദ്യങ്ങളിലൂടെയാണു കഥാസഞ്ചാരം. പോലീസ് സ്റ്റോറി, ക്രൈം ത്രില്ലർ എന്നതിനപ്പുറം സൈക്കോളജിക്കൽ ത്രില്ലറാണിത്.

സസ്പെൻസ് ത്രില്ലറാണോ എന്നു ചോദിച്ചാൽ പോലീസ് പറയുന്നതു മാത്രമല്ല, ആരാണു ക്രൈം ചെയ്യുന്നത്, എന്തിനാണു ചെയ്യുന്നത് എന്ന കഥയും സമാന്തരമായി പറയുകയാണ്. നമ്മൾ ഒരേപോലെ തന്നെ എല്ലാ കഥാപാത്രങ്ങൾക്കൊപ്പവും സഞ്ചരിക്കും. സസ്പെൻസ് നിലനിർത്തിയാണു കഥ പറച്ചിലെങ്കിലും അതിനുവേണ്ടി ഒരാളെ ഒളിപ്പിച്ചുവെക്കുകയോ അവസാനം പുറത്തിറക്കുകയോ ഒന്നുമില്ല. കഥാപാത്രങ്ങളുടെ വൈകാരിക അവസ്ഥകളിലേക്ക്, അവർ എന്തുകൊണ്ട് ഇങ്ങനെ ചെയ്യുന്നു എന്നതിലേക്ക് ആഴത്തിൽ ഇറങ്ങുകയും അതിലൂടെ സിനിമയ്ക്ക് ഒരു മൂഡ് രൂപപ്പെടുകയുമാണ്.

എഴുത്തിലെ വെല്ലുവിളി എന്തെന്നാൽ മുൻ സിനിമകളൊക്കെ എന്റെ തന്നെ ആശയങ്ങളായിരുന്നു. ഇതിന്റെ കഥ വേറൊരാളുടേതാണ്. അദ്ദേഹം പറയാൻ ഉദ്ദേശിച്ചതല്ലാതെ ഞാൻ മറ്റെന്തെങ്കിലും പറഞ്ഞിട്ടു കാര്യമില്ലല്ലോ. അതു തന്നെയായിരുന്നു ആദ്യത്തെ ചലഞ്ച്. 'റോയ്'യിലെ റോയി എന്ന കഥാപാത്രവും അരികിൽ ഒരാളിലെ 'ഇച്ച'യും അസാധാരണമാണ്. ചിലപ്പോൾ നമ്മുടെ സമൂഹത്തിൽ അങ്ങനെയുള്ളവർ ഉണ്ടാകാം. പക്ഷേ, ഇതിലെ കഥാപാത്രങ്ങൾ ചുറ്റുമുള്ളവരാണ്. അവരുടെ കാര്യങ്ങൾ പറയുമ്പോൾ സിനിമാറ്റിക് രീതിക്കപ്പുറം അതിൽ കൃത്യതയുണ്ടാവണം. അവരുടെ സൈക്കോളജി അറിയണം. അത്തരത്തിൽ റിസേർച്ച് വേണ്ടിവന്നു.



യഥാർത്ഥ സംഭവവുമായി ബന്ധമുണ്ടോ എന്നു ചോദിച്ചാൽ ലോകത്ത് സംഭവിച്ചിട്ടുള്ള കുറെ കുറ്റകൃത്യങ്ങളും അതിന്റെ കാരണങ്ങളുമൊക്കെ മനസിലാക്കിയാണ് ഇതിന്റെ മൂലകഥ എഴുതിയിരിക്കുന്നത്. എങ്ങനെയാണ് ക്രിമിനൽസ് ഉണ്ടാവുന്നത്, ക്രൈമിൽ ഏതറ്റംവരെ ആളുകൾ പോയിട്ടുണ്ട്... അത്തരം ക്രിമിനൽ സൈക്കോളജി യഥാർത്ഥ സംഭവങ്ങളിൽ മനസിലാക്കിയാണു തിരക്കഥയുമൊരുക്കിയത്.

ഏതുതരം പ്രേക്ഷകർക്കു വേണ്ടിയാണ് സിനിമയെന്നു ചോദിച്ചാൽ കഥയുടെ ഭാഗമായി ഇതിൽ ക്രൈം ഉണ്ട്. പക്ഷേ, കാമറ വെച്ച് അതിനെയൊരു എന്റർടൈൻമെന്റ് ആക്കിയിട്ടില്ല. വയലൻസ് പ്രോത്സാഹിപ്പിക്കുന്നില്ല. അതു കൊണ്ടുതന്നെ കുട്ടികൾക്കും കാണാം.

അടുത്ത സിനിമകളെക്കുറിച്ചു പറഞ്ഞാൽ 'വൈ' പോലെ പുതിയ ആളുകളെ വെച്ച് ഫെസ്റ്റിവൽസിനുവേണ്ടി ഒരു സിനിമ ചെയ്തുകഴിഞ്ഞു. 'അരികിൽ ഒരാളി'ന്റെ സ്പിൻ-ഓഫ് പോലെ, അതേ ജോണറിലുള്ള ഒരു മിസ്റ്ററി സ്ക്രിപ്റ്റ് തീർത്തു. പക്ഷേ, സെക്കൻഡ് പാർട്ട് അല്ല. ഇനി ആ സിനിമ ചെയ്യും. അത് ഇച്ചയുടെ സീക്വൽ അല്ല. അയാളുടെ കുട്ടിക്കാലം തൊട്ടുള്ള മിത്തുകളും മറ്റു കാര്യങ്ങളും ഉൾപ്പെട്ട കഥയാണ്.

## ഏകദേശം

ഡോൺ പാലത്തറ രചനയും സംവിധാനവും എഡിറ്റിംഗും നിർവഹിച്ച ചിത്രമാണ് ഏകദേശം. ലോക പ്രീമിയർ ജർമനിയിലെ ആഖൻ ഫിലിം ഫെസ്റ്റിൽ നടന്നു. കൊച്ചി പശ്ചാത്തലമാക്കി, സിനിമയെ ചുറ്റിപ്പറ്റി ജീവിതം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടം യുവാക്കളെ പിന്തുടരുന്ന കഥാസഞ്ചാരം. റോഷൻ മാത്യു, ജിതിൻ പുത്തഞ്ചേരി, ദിവ്യ പ്രഭ, വിനയ് ഫോർട്ട്, ആർഷ ബൈജു, മഹേഷ് നാരായണൻ എന്നിവർ പ്രധാന വേഷങ്ങളിൽ. ശാന്തി ബാലചന്ദ്രൻ, കെൻഷിൻ, ഷെറിൻ കാതറിൻ, പാർവതി അയ്യപ്പദാസ്, ജെയിൻ ആൻഡ്രൂസ്, അരുൺ ചെറുകാവിൽ എന്നിവരാണു മറ്റു വേഷങ്ങളിൽ. നിർമാണം അംശുനാഥ് രാധാകൃഷ്ണൻ, ജോസ് മാത്യു, ജോമോൻ ജേക്കബ്, ഡോ. രാജു റീ, ഡോൺ പാലത്തറ, സംഗീതം: ബേസിൽ സി.ജെ. പബ്ലിസിറ്റി ഡിസൈൻ: ദിലീപ്ദാസ്.



# കോവളത്ത് പോക്സോ കേസിൽ സ്പാ ഉടമകളടക്കം നാല് പേർ പിടിയിൽ

തിരുവനന്തപുരം: പ്രായപൂർത്തിയാകാത്ത ആന്ധ്രാപ്രദേശ് സ്വദേശിയായ പെൺകുട്ടിയെ വിലയ്ക്കു വാങ്ങി കോവളത്തെ സ്പായിലെത്തിച്ച് പീഡിപ്പിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ ബെനാമി ഇടപാടാണ് ഈ സ്പായെന്നു പോലീസിനു നിർണായക വിവരം ലഭിച്ചു.

സംഭവത്തിൽ പൂവാർ സ്വദേശി നിശാന്ത് (46), മാവേലിക്കര സ്വദേശി സജിത് കുമാർ (47) എന്നിവരെ കോവളം പോലീസ് അറസ്റ്റ് ചെയ്തു. പെൺകുട്ടിയുടെ ഇളയമ്മയും ഭർത്താവുമാണു കേസിൽ ഒന്നും രണ്ടും പ്രതികൾ. ഇവരെ ആന്ധ്രയിൽനിന്നാണു പിടികൂടിയത്. നിശാന്തിനു പിന്നിൽ ഹെൽത്ത് ഇൻസ്പെക്ടറാണെന്നാണു സൂചന. നിശാന്തിന്റെ മൊബൈൽ ഫോൺ ശാസ്ത്രീയ പരിശോധനയ്ക്കു വിധേയമാക്കി. അപ്പോഴാണ് ഈ വിവരങ്ങൾ ലഭിച്ചത്. സംഭവത്തിൽ പോലീസ് അന്വേഷണം ഊർജിതമാക്കി.

ആന്ധ്ര സ്വദേശിയായ പെൺകുട്ടിയുടെ മാതാപിതാക്കൾ മരണപ്പെട്ടതാണ്. കുട്ടിയുടെ സംരക്ഷണച്ചുമതല മാതൃസഹോദരിക്കും ഭർത്താവിനുമായിരുന്നു. അവരാണ് കുട്ടിയെ കേരളത്തിലെത്തിച്ചു വൻ ചതിക്കുഴിയിൽ വീഴ്ത്തിയത്. പെൺകുട്ടിക്കു പ്രായപൂർത്തിയായതായി വരുത്തിത്തീർക്കാൻ ഇവർ വ്യാജരേഖകൾ ചമച്ചു. 20 വയസുണ്ടെന്ന് കാണിക്കുന്ന ആധാർകാർഡും പെൺകുട്ടിയുടെ കൈവശമുണ്ടായിരുന്നു. പോലീസ് നടത്തിയ വിശദമായ അന്വേഷണത്തിൽ ഇതു വ്യാജമാണെന്നും കുട്ടിക്ക് 16 വയസ് മാത്രമാണ് പ്രായമെന്നും സ്കൂൾ രേഖകൾ വഴി കണ്ടെത്തി. കഴിഞ്ഞ ജൂലൈ മുതൽ കോവളത്തിനു സമീപമുള്ള വിവിധ സ്പാകളിൽ കുട്ടി ജോലിക്കായി നിയോഗിക്കപ്പെട്ടിരുന്നു. ഇതിനിടെയാണ് വിവിധ ഇടങ്ങളിൽവെച്ച് കുട്ടി ക്രൂരമായ ലൈംഗിക ചൂഷണത്തിന് ഇരയായത്. തുടർന്നു സ്പായിൽ ജോലി ചെയ്തിരുന്ന ഒരു യുവാവുമായി കുട്ടി അടുപ്പത്തിലാകുകയും ഇയാളോടൊപ്പം സ്ഥാപനത്തിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കുകയും ചെയ്തു.

ഇതേത്തുടർന്നുണ്ടായ അന്വേഷണങ്ങളും തുടർനടപടികളുമാണ് ഞെട്ടിക്കുന്ന ക്രൂരത പുറത്തുവരാൻ കാരണമായത്. മിസിങ് പരാതി അന്വേഷിക്കുന്നതിനിടെയാണ് കുട്ടിയുടെ പ്രായത്തെക്കുറിച്ചുള്ള സത്യം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടത്. താൻ നേരിട്ട പീഡനവിവരങ്ങൾ തുടർന്നു നടന്ന കൗൺസിലിങ്ങിൽ കുട്ടി പോലീസിനോടു വെളിപ്പെടുത്തി.

സംഭവത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ വ്യാപകമായി സ്പാ കേന്ദ്രങ്ങളിൽ പോലീസ് നടത്തിയ മിന്നൽ പരിശോധനയിൽ 14 കേസുകൾ രജിസ്റ്റർ ചെയ്തു. ആകെ 821 സ്ഥാപനങ്ങളാണ് പരിശോധിച്ചത്. ഇതിൽ 586 സ്പാകളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. ചട്ടങ്ങൾ ലംഘിച്ചു പ്രവർത്തിച്ച 44 സ്ഥാപനങ്ങൾക്കു നോട്ടീസ് നൽകുകയും അനധികൃത പ്രവർത്തനങ്ങളിൽ ഏർപ്പെട്ട അഞ്ചു പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റു പ്രതികൾക്കായി തെരച്ചിൽ ഊർജിതമാക്കിയതായി പോലീസ് അറിയിച്ചു.

# പോഷകാഹാരക്കുറവ്; ഹരിപ്പാട്ട് രണ്ട് വയസ്സുകാരൻ മരിച്ചു

ആലപ്പുഴ: 30 വയസ്സുള്ള യുവതിയുടെ ഏഴാമത്തെ പ്രസവത്തിനു പിന്നാലെ ആറാം പ്രസവത്തിലെ രണ്ട് വയസ്സുള്ള ആൺകുഞ്ഞ് പോഷകാഹാരക്കുറവു മൂലം മരിച്ചു. കുപ്പിപ്പാൽ തൊണ്ടയിൽ കുടുങ്ങി മരിച്ചെന്നാണ് അച്ഛൻ പോലീസിനെ അറിയിച്ചത്. എന്നാൽ, ആവശ്യത്തിനു ഭക്ഷണം കിട്ടാത്തതും പോഷകാഹാരക്കുറവുമാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടത്തിൽ വ്യക്തമായി.

മറ്റൊരു ആൺകുട്ടിയും സമാനരീതിയിൽ മരിച്ചിരുന്നു. നാല് പെൺകുട്ടികളെ ശിശുക്ഷേമ സമിതി ഏറ്റെടുത്തു. അമ്മയും ഏഴാമത്തെ ആൺകുട്ടിയും വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലാണ്. കാർത്തികപ്പള്ളി സ്വദേശികളായ ദമ്പതികളുടെ മകനാണ് മരിച്ചത്. ഈ കുടുംബം തൃക്കുന്നപ്പുഴയിൽ വാടകയ്ക്കു താമസിക്കുകയായിരുന്നു. ബന്ധുക്കളുമായി കാര്യമായ അടുപ്പമില്ല. യുവതിക്ക് പ്രസവസംബന്ധമായ അസ്വസ്ഥതകൾ അനുഭവപ്പെട്ടതിനാൽ പൊതുപ്രവർത്തകർ ഇടപെട്ട് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിക്കുകയും യുവതി പ്രസവിക്കുകയും ചെയ്തു. ശനിയാഴ്ചയാണ് വീട്ടിൽ അച്ഛന്റെ പരിചരണത്തിലായിരുന്ന കുട്ടി മരിച്ചത്. നാട്ടുകാർ ദുരൂഹത ആരോപിച്ചതിനാൽ മൃതദേഹം വണ്ടാനം മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടം നടത്തി.

കുമാരപുരത്ത് വഴിയോരത്ത് ഷീറ്റ് കെട്ടി താമസിക്കുന്നതിനിടെ ആറുമാസം മുൻപ് നാട്ടുകാർ ഇടപെട്ട് അമ്മയ്ക്കും മക്കൾക്കും പത്തനാപുരം ഗാന്ധിഭവനിൽ അഭയം നല്കിയതാണ്. ദിവസങ്ങൾക്കു ശേഷം അവിടുന്നു മടങ്ങി. 2022 മുതൽ ഇവരെ സംരക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു. നാല് കുട്ടികളെ ഒന്നര വർഷത്തോളം സമിതി സംരക്ഷിച്ചു. പിന്നീട് ദമ്പതികൾ ഇവരെ വീട്ടിലേക്കു കൊണ്ടുപോയി. രണ്ടാഴ്ച മുൻപും കുട്ടികളെ ഏറ്റെടുക്കാൻ ശ്രമിച്ചു. അമ്മ ആത്മഹത്യാഭീഷണി മുഴക്കിയതിനാൽ ഉദ്യോഗസ്ഥരെ തിരിച്ചയച്ചു. കുട്ടികൾക്ക് ആധാർ കാർഡ് എടുത്തിട്ടില്ല. എന്നിട്ടും ആനുകൂല്യങ്ങൾ മുടങ്ങാതിരിക്കാൻ ശ്രദ്ധിച്ചു. പക്ഷേ, പോഷകാഹാരം നല്കാൻ രക്ഷിതാക്കൾ തയ്യാറായില്ല.

## മോർച്ചറിയിൽ മദ്യപാനം; സർക്കാർ ഡോക്ടർക്ക് സസ്പെൻഷൻ

മുംബൈ: മൃതദേഹത്തിനുവേണ്ടി ബന്ധുക്കൾ പുറത്തു കാത്തുനിൽക്കുന്നതിനിടെ, മോർച്ചറിയിൽ മദ്യപിച്ചു ലക്കുകെട്ട് ഉറങ്ങിയ സർക്കാർ ഡോക്ടർക്കു സസ്പെൻഷൻ.

മണിക്കൂറുകൾ കാത്തുനിന്നു മടുത്ത ബന്ധുക്കൾ മോർച്ചറിതുറന്നുനോക്കിയപ്പോൾ ഡോക്ടർ സോഫയിൽ ഉറങ്ങുകയായിരുന്നു. പോസ്റ്റ്മോർട്ടം ടേബിളിൽ മദ്യം, ഗ്ലാസ്, ഭക്ഷണസാധനങ്ങൾ എന്നിവയുണ്ടായിരുന്നു. മൃതദേഹം രാത്രി തന്നെ കൈമാറാൻ ആശുപത്രി ജീവനക്കാർ കൈക്കൂലി ചോദിച്ചെന്നും ആരോപണമുണ്ട്. പൂണെക്കു സമീപം പിംപ്രി-ചിഞ്ച്വാഡ് കോർപറേഷനിൽ യശ്വന്ത് റാവു ചവാൻ മെമ്മോറിയൽ സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഡോ. വൈഭവ് അവിനാഷ് മസ്കെയെയാണു സസ്പെൻഡ് ചെയ്തത്.

## വിലക്ക് പാടില്ലെന്ന് സുപ്രീംകോടതി

(ഒന്നാം പേജിൽ നിന്നും)

ഓൺലൈൻ ഭീഷണികളെക്കുറിച്ചു ഭയംകൊണ്ടു പുറത്തു പറഞ്ഞില്ലെന്നും വരാം. ഇന്റർനെറ്റ് വിനോദ ഉപാധി മാത്രമല്ല. കുട്ടികൾക്ക്, വിശേഷിച്ച് ഉൾപ്രദേശങ്ങളിലുള്ളവർക്കു വിദ്യാഭ്യാസം, അറിവ്, ആശയങ്ങൾ, അവസരങ്ങൾ എന്നിവയിലേക്കുള്ള വഴികൂടിയാണിത്. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കു സമാന സാഹചര്യത്തിലുള്ള കൂട്ടുകാരെ കണ്ടെത്താനുള്ള ഏക ഇടംപോലും ഇന്റർനെറ്റാകാം.'

'പ്രായം അടിസ്ഥാനമാക്കിയ നിയന്ത്രണം അതിരുകടന്നതാണ്. പ്രായം തിരിച്ചറിയാനും തുടർച്ചയായ വിവരശേഖരണത്തിനും നിരീക്ഷണത്തിനും ഇതു കാരണമാകുന്നു. ഇത് അപകടകരമാണ്.' നിയമവിരുദ്ധ ഉള്ളടക്കം നൽകി പേയ്മെന്റ് വോളുകൾ വഴിയും സബ്സ്ക്രിപ്ഷൻ വഴിയും സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിൽ കോടതി കേന്ദ്രസർക്കാരിനോടു നടപടി ആവശ്യപ്പെട്ടു.

## അന്നമ്മ ലൂക്ക അന്തരിച്ചു



കോട്ടയം: മനോരമ ന്യൂസ് ചാനൽ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസിന്റെ അമ്മ അതിരമ്പുഴ മുണ്ടുവേലിപ്പടി പാറപ്പുറത്ത് അന്നമ്മ ലൂക്ക (89) അന്തരിച്ചു. കട്ടച്ചിറ കണിയാംപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.യു. ലൂക്ക. മറ്റുമക്കൾ: ലില്ലി, ലിസി (ഡൽഹി), ഗ്രേസി, എൽസമ്മ, ജീമോൾ. മരുമക്കൾ: ഏബ്രഹാം ജോർജ് മണലേത്ത് (കൊമ്പഴ), നീന ജോണി മേലുക്കാരൻ (കൊരട്ടി), ടൈറ്റസ് മീനത്തേതിൽ (മാവേലിക്കര), ബേബി ആന്റണി വരവുകാലായിൽ (ആർപ്പൂക്കര), പ്രകാശ് ജേക്കബ് തറപ്പേൽ (അതിരമ്പുഴ), സുനിൽ പി. മാത്യു പടിഞ്ഞാറേ വെട്ടിക്കാട്ട് (കുറുപ്പന്തറ).

## സെന്റ് ജോസഫ് സീറോമലബാർ കത്തോലിക്കാ മിഷൻ

(24-ാം പേജിൽനിന്നും)

കലാപരിപാടികളുടെ വിജയത്തിനായി പരിശ്രമിച്ച പരിശീലകരുടെയും കലാകാരന്മാരുടെയും കുടുംബാംഗങ്ങളുടെയും കൂട്ടായ പ്രവർത്തനം ആഘോഷങ്ങളെ അവിസ്മരണീയമാക്കി. പരിപാടികൾക്ക് മാസ്റ്റേഴ്സ് ഓഫ് സെറിമണി ആയത് യൂത്ത് മെംബർമാരായ ടാനിയ ആലപ്പാട്ട്, ആൻ കാച്ചപ്പിള്ളി, ജെയ്ന വാളിയംപ്ലാക്കൽ എന്നിവരായിരുന്നു. അമേരിക്കൻ മണ്ണിൽ വളരുന്ന പുതുതലമുറയ്ക്ക് കേരളത്തിന്റെ സാംസ്കാരിക പൈതൃകവും ക്രൈസ്തവ പാരമ്പര്യവും പരിചയപ്പെടുത്തുന്നതിനുള്ള മികച്ച വേദിയായി വാർഷികാഘോഷം മാറി.

മിഷന്റെ നിലവിലെ ട്രസ്റ്റിമാരായ ജെയിംസ് വെളിയത്തും ബോബി വണ്ടാനത്തും ചേർന്ന് നന്ദിപ്രകാശനം നടത്തി. പത്താം വാർഷികാഘോഷത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച വൈദികർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, മുൻ ട്രസ്റ്റിമാർ, വിവിധ കമ്മിറ്റികൾ, ഫുഡ് കമ്മിറ്റി, സുവനീർ കമ്മിറ്റി, സാംസ്കാരിക പരിപാടികളുടെ സംഘാടകർ, സ്റ്റേജ് കമ്മിറ്റി, സന്നദ്ധപ്രവർത്തകർ, സ്പോൺസർമാർ, യുവാക്കൾ, മിഷനിലെ എല്ലാ കുടുംബങ്ങൾ എന്നിവർക്കും അവർ നന്ദി അറിയിച്ചു.

പത്തു വർഷത്തെ വിശ്വാസയാത്രയുടെ ഓർമകൾ പുതുക്കുന്നതിനൊപ്പം വരുംതലമുറകൾക്കായി കൂടുതൽ ശക്തമായ ആത്മീയവും സാംസ്കാരികവും പ്രത്യാശാനിർഭരവുമായ അടിത്തറ പാകിക്കൊണ്ടാണ് ആഘോഷങ്ങൾ സമാപിച്ചത്. ഇതേ തുടർന്നുള്ള വിഭവസമൃദ്ധമായ സ്നേഹവിരുന്നിൽ എല്ലാവരും പങ്കുചേർന്നു.

വിശ്വാസത്തിൽ വേരൂന്നി, സ്നേഹത്തിൽ വളർന്ന്, ഐക്യത്തിൽ മുന്നേറുന്ന സെന്റ് ജോസഫ് മിഷന്റെ പത്തു വർഷത്തെ യാത്ര ഹഡ്സൺ വാലിയിലെ മലയാളി സീറോമലബാർ കത്തോലിക്കാ സമൂഹത്തിന് അഭിമാനകരമായ ഒരു നാഴികക്കല്ലായി മാറി.

## ശബരിമല മേൽശാന്തി

(ഒന്നാം പേജിൽ നിന്നും)

ദേവസ്വം പ്രസിഡന്റ് കെ. ജയകുമാർ, ദേവസ്വം കമ്മീഷണർ ബി. സുനിൽ കുമാർ എന്നിവർ നടപടിക്രമങ്ങൾക്കു നേതൃത്വം നൽകി.

ആദ്യം ശബരിമല മേൽശാന്തി നറുക്കെടുപ്പാണു നടന്നത്. ശബരിമല മേൽശാന്തി നറുക്കെടുപ്പിൽ ഉൾപ്പെട്ട ഏഴു പേരുകൾ എഴുതി ഒരു വെള്ളിക്കുടത്തിലും ഏഴു വെള്ളിക്കടലാസുകളും മേൽശാന്തി എന്നെഴുതിയ ഒരു കടലാസും മറ്റൊരു വെള്ളിക്കുടത്തിലും നിക്ഷേപിച്ചു. തുടർന്നു തന്ത്രി കണ്ഠര് ബ്രഹ്മദത്തൻ ഇരു വെള്ളിക്കുടങ്ങളും ശ്രീകോവിലിലേക്കു കൊണ്ടുപോയി പൂജിച്ചശേഷം ശബരിമല സ്പെഷൽ കമ്മീഷണർ ജസ്റ്റിസ് ആർ. ജയകുമാറിനു കൈമാറി. പന്തളം കൊട്ടാരത്തിൽനിന്നുള്ള ദേവനന്ദൻ അർജുനാണ് നറുക്കെടുത്തത്. ആദ്യ നറുക്കെടുത്ത രണ്ടു പേരിനൊപ്പവും മേൽശാന്തി എന്നെഴുതിയ നറുക്ക് ലഭിച്ചില്ല. മൂന്നാം തവണ സുബ്രഹ്മണ്യൻ ശങ്കരൻ നമ്പൂതിരിയുടെ പേരു ലഭിക്കുകയും രണ്ടാമത്തെ വെള്ളിക്കുടത്തിൽനിന്നു മേൽശാന്തി എന്നെഴുതിയ നറുക്ക് ലഭിക്കുകയും ചെയ്തു. സമാനമായ ചടങ്ങുകളോടെ മാളികപ്പുറം ക്ഷേത്രസന്നിധിയിൽ നിയുക്ത മാളികപ്പുറം മേൽശാന്തിക്കായുള്ള നറുക്കെടുപ്പും നടന്നു. മാളികപ്പുറം മേൽശാന്തി ചുരുക്കപ്പട്ടികയിൽ അഞ്ചു പേരുകളാണ് ഉണ്ടായിരുന്നത്. ശബരിമല മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെട്ടതോടെ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ പേര് ഒഴിവാക്കി. പിന്നീടു നാലുപേരുകളാണ് നറുക്കിട്ടത്. പന്തളം കൊട്ടാരത്തിൽനിന്നുള്ള അനശ്വര രഞ്ജിത്ത് മാളികപ്പുറം മേൽശാന്തിയുടെ നറുക്കെടുത്തു. രണ്ടാമത്തെ നറുക്കിൽ എ. ദാമോദരൻ നമ്പൂതിരിയെ നിയുക്ത മാളികപ്പുറം മേൽശാന്തിയായി തെരഞ്ഞെടുത്തു.

## വില്പന മരവിപ്പിച്ചു

(ഒന്നാം പേജിൽ നിന്നും)

സംഭവത്തിൽ എക്സൈസ് കമ്മീഷണറോട് അടിയന്തര റിപ്പോർട്ട് തേടിയതായും എക്സൈസ് മന്ത്രി എം. ലിജു വ്യക്തമാക്കി. നീക്കം സർക്കാരിന്റെയോ യുഡിഎഫിന്റെയോ നയമായിരുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി. ഉദ്യോഗസ്ഥതലത്തിൽ ഇത്തരമൊരു തീരുമാനമെടുത്തതിൽ മുഖ്യമന്ത്രിയും അതൃപ്തി പ്രകടിപ്പിച്ചു.

സർക്കാരിനെ പ്രതിരോധത്തിലാക്കിക്കൊണ്ട്, തങ്ങൾ എടുത്ത നടപടികൾ പൂർണമായും നിലവിലുള്ള നിയമപ്രകാരമാണെന്ന നിലപാടിലാണ് എക്സൈസ് കമ്മീഷണറേറ്റ് അധികൃതർ. ചട്ടങ്ങൾക്കു വിധേയമായാണ് ലൈസൻസ് അനുമതി നൽകിയതെന്നും ഇതിൽ അസാധാരണമായി ഒന്നുമില്ലെന്നുമാണ് വിശദീകരണം. ഹോർട്ടിവൈൻ വിൽപനയ്ക്കുള്ള ലൈസൻസുകൾ വിതരണം ചെയ്തത് കഴിഞ്ഞ ജൂണിലാണ്. അതതു സമയത്തെ ഉന്നത ഉദ്യോഗസ്ഥരുടെ അറിവോടെയാണ് നടപടികൾ പൂർത്തിയാക്കിയത് എന്ന വിവരവും പുറത്തുവരുന്നുണ്ട്.

16,000 രൂപയാണ് വാർഷിക ലൈസൻസ് ഫീസ്. അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തിയാണ് പുതിയ ഉത്തരവിറക്കിയിരിക്കുന്നത്. ഇത്തരത്തിൽ വൈൻ ലൈസൻസ് എടുക്കുന്ന ബേക്കറികൾ, ഹൈപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവയ്ക്ക് 20 ശതമാനം കമ്മീഷനാണ് നിശ്ചയിച്ചിട്ടുള്ളത്. 2024-ൽ അടിയന്തരമായി നടപ്പാക്കണമെന്ന ശിപാർശയോടെയാണ് ഉത്തരവിറക്കിയതെങ്കിലും എതിർപ്പ് ഭയന്ന് തീരുമാനം നീട്ടിക്കൊണ്ടു പോകുകയായിരുന്നു.

കേരളത്തിൽ ഇതാദ്യമായാണ് ബേക്കറി വഴിയുള്ള ഹോർട്ടിവൈൻ വില്പനയ്ക്ക് അനുമതി നൽകിയത്. 15.5 ശതമാനം വീര്യമുള്ള ഹോർട്ടി വൈൻ ഉത്പാദനത്തിന് അനുമതി നൽകിയത് ഇടതു സർക്കാരായിരുന്നു. 2022-23-ലെ മദ്യനയ പ്രകാരമായിരുന്നു നടപടികൾ.

100 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വില്പന ശാലകൾക്കു ഫീസ് അടച്ച് അനുമതി നേടാമെന്നായിരുന്നു വ്യവസ്ഥ. 2025 സെപ്റ്റംബറിൽ 10 ചതുരശ്ര മീറ്ററായി ചുരുക്കി. എന്നാൽ, ഇതിനു വില്പനാനുമതിതേടി അപേക്ഷയെത്തിയത് ഈ സർക്കാരിന്റെ കാലത്താണ്. ജൂണിൽ കിട്ടിയ അപേക്ഷ അംഗീകരിച്ചയിരുന്നു ചാലക്കുടിയിൽ വില്പനാനുമതി നൽകിയത്.

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities





CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# K.O. JOSE & ASSOCIATES, INC.
*Certified Public Accountants*





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# Grace CONVENTION CENTER
Punnamoodu, Mavelikara





Celebrate your
Dreams With Us...

DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |





TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**